

ജി. കാർത്തികേയൻ
സാംസ്കാരിക മന്ത്രി

**ഓണം മലയാളിക്കൊരു സങ്കൽപമാണ്. സ്നേഹത്തിന്റെ ശീതളിമയുള്ള ഈ സങ്കൽപം നമുക്ക് നൽകുന്നത് വിശാലമായ കാഴ്ചപ്പാടാണ്. ചുരുങ്ങിത്തുടങ്ങിയ മലയാളി മനസ്സുകളിലേക്ക് ഒരുമയുടെ വിശാലസങ്കൽപം ഓണനാളുകളിൽ നിറയുന്നു.**

# ഓണം സ്നേഹ

മനുഷ്യൻ ജീവിക്കുന്നത്, ചില സ്വപ്നങ്ങളുടെയും സങ്കൽപങ്ങളുടെയും പിൻബലത്തിലാണ്. ഈ സ്വപ്നങ്ങളും സങ്കൽപങ്ങളും ഒന്നുമില്ലാതായാൽ മനുഷ്യജീവിതം തന്നെ മറ്റെന്തോ ആയി മാറുകയാവും ചെയ്യുക. ഇത്തരമൊരു സ്വപ്നമായി, അല്ലെങ്കിൽ സങ്കൽപമായി ഓണം മലയാളികളിലേക്ക് പടർന്നു കയറിക്കഴിഞ്ഞു. ഇത് ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. എത്രയോ നാളായി നമ്മൾ ആ സങ്കൽപത്തിൽ സ്വപ്നം നെയ്യുന്നു. പഴഞ്ചൊല്ലുകൾ പോലെ ഓണത്തിനെ ചുറ്റിപ്പറ്റി എത്രയോ കഥകൾ. നാം നമ്മുടെ മുൻതലമുറയിൽ നിന്നും, അവർ അവരുടെ മുൻതലമുറയിൽ നിന്നും, അങ്ങനെ അങ്ങനെ തലമുറകളായി പഠിച്ച ആ കഥ. ഇന്നും നാം ആ കഥയുടെ ചിറകുകളിൽ ആടിക്കളിക്കാൻ ഇഷ്ടപ്പെടുന്നു. നമുക്ക് നഷ്ടപ്പെടാനൊന്നുമില്ലാത്ത, നേടാൻ എന്തൊക്കെയോ ഉള്ള ഒരു സങ്കൽപം. അതാണ് ഓണത്തിന്റെ സ്വപ്നം. ഓണം, വർഷങ്ങളേറെയായി നമ്മെ എവിടെയൊക്കെയോ കൊണ്ടുപോകുന്നു. എവിടെയൊക്കെയോ ഒരു സ്നേഹത്തിന്റെ പച്ചപ്പുമായി അത് നമ്മെ തലോടുകയും ചെയ്യുന്നു.

ഓണസങ്കൽപങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം ഒരുമയുടേതാണ്. അതാണ് ഈ കാലഘട്ടത്തിന്റേയും ആവശ്യം. ഒത്തൊരുമയില്ലാതെ വിഘടിച്ചു നിൽക്കുന്നവർക്കിടയിലേക്ക് ഓണം കൊണ്ടുവരുന്ന സന്ദേശമാണ് ഇത്. എല്ലാ മനുഷ്യരും ഒന്നാണെന്ന സങ്കൽപം. ഒന്നായ ഒരു അവസ്ഥ. ഇവിടെ ജാതി മത വർഗ വർണ വ്യത്യാസമില്ല. പണക്കാരനും പാമരനുമില്ല. ഉള്ളവനും ഇല്ലാത്തവനും ഇല്ല. എല്ലാവനും സമന്മാരാണ്. എല്ലാവരും ഒത്തൊരുമയോടെയാണ് ജീവിച്ചിരുന്നത്. വർഗ സംഘട്ടനങ്ങളില്ല. മതങ്ങൾ തമ്മിലുള്ള സ്പർദ്ധയില്ല. പരസ്പരം സ്നേഹത്തോടെയും സമന്വയത്തോടെയും സമഭാവനയോടെയും കഴിഞ്ഞിരുന്നു. അവിടെ വഴക്കുകളോ മറ്റ് സംഘട്ടനങ്ങളോ ഒന്നും ഉണ്ടായിരുന്നില്ല. ഈ മഹത്തായ സ്വപ്നം ഇന്നും നമുക്ക് പ്രസക്തമാണ്. ഇന്ന് വർഗ-വർണ വ്യത്യാസങ്ങൾ മുമ്പെന്നത്തെക്കാളും മലയാളിയുടെ മനസ്സിൽ വളരുന്നു. വ്യത്യാസങ്ങൾ സംഘട്ടനങ്ങളുടെ രൂപത്തിലേക്ക് വളരുന്നു. ഒരിക്കലും പരിഹരിക്കപ്പെടാത്ത മുറിവുകളായി അവ മാറുകയും ചെയ്യുന്നു. ഈ അവസ്ഥ ഉണ്ടാക്കിയതാരാണ്? മലയാളികൾ തന്നെയാണ്. രാജ്യത്തെമ്പാടും മാത്രമല്ല, ലോകത്തെമ്പാടും വേരുകളുള്ള മലയാളികൾ എന്തുകൊണ്ടാണ് സാംസ്കാരികമായി വളരാത്തത്? നാം ചിന്തിക്കേണ്ടിയിരിക്കുന്നു. നമ്മുടെ മനസ്സുകൾ ചുരുങ്ങി ചുരുങ്ങി ചെറുതാവുകയാണോ? ആ ചുരുക്കത്തിലേക്ക് നമ്മൾ ഓണത്തിന്റെ വിശാലസങ്കൽപം വളർത്തിയെടുക്കേണ്ടിയിരിക്കുന്നു. നാം വളരുന്നത് സാംസ്കാരികമായാവണം. നമ്മുടെ പൈതൃകം നാം മറന്നുപോയിരിക്കുന്നു. അത് തിരികെ കൊണ്ടുവരാൻ ഓണത്തിന്റെ ഒരുമ എന്ന സങ്കൽപത്തിന് സാധിക്കുക തന്നെ ചെയ്യും.

അടുത്ത സ്വപ്നം കള്ളവും ചതിവുമില്ലാത്ത പൊളിവചനങ്ങളില്ലാത്ത ആ കാലത്തെക്കുറിച്ചാണ്. അതിനും പ്രസക്തി ഏറുന്ന സമയമാണിത്. നമ്മെയൊക്കെ ചൂഴ്ന്നു നിൽക്കുന്നത് പലതരം കള്ളങ്ങളും പലതരം ചതികളും പലതരം പൊളിവചനങ്ങളും അല്ലേ? ഇതൊന്നുമില്ലാത്ത ഒരു സുന്ദരസങ്കൽപം തന്നെയല്ലേ നമ്മുടെയൊക്കെ ഉള്ളിൽ?



അതെ. നാം ആഗ്രഹിക്കുന്നത് അതു തന്നെയാണ്. പക്ഷേ, നമുക്ക് ലഭിക്കുന്നതോ? ഇതിനും കുറ്റക്കാർ നാം തന്നെയല്ലേ? കള്ളം പറയുന്നതും പൊളിവചനം പറയുന്നതും ചതികൾക്ക് കൂട്ടുനിൽക്കുന്നതും നമ്മൾ തന്നെയല്ലേ? നാം എത്രയോ മാറിപ്പോയിരിക്കുന്നു. നമ്മുടെ സ്വത്വം നാം നഷ്ടപ്പെടുത്തുകയാണ്. നമ്മൾ എവിടേയ്ക്കോ സഞ്ചരിക്കുകയാണ്. പഴയ മാവേലി നാട്ടിൽ നിന്നും മാറിപ്പോവുകയാണ്. കള്ളപ്പറയും ചെറുനാഴിയും തിരിച്ചു കൊണ്ടുവന്നിരിക്കുന്നു. മലയാളികൾ സ്വപ്നങ്ങളിൽ നിന്നും ഒന്നും പഠിക്കുന്നില്ല. ഓണം നമുക്ക് വെറുമൊരു ആഘോഷം മാത്രമല്ല. 'കാണം വിറ്റും ഓണം ഉണ്ണണം' എന്നാണല്ലോ പറയുന്നത്. നാമിന്നും അത് പാലിക്കുകയും ചെയ്യുന്നു. എവിടെ നിന്നെങ്കിലും ഓണത്തിനുള്ളത് സമ്പാദിക്കുന്നു - അത് സ്വന്തം സ്വത്ത് വിറ്റിട്ടായാലും. ഓണം ആഘോഷിക്കുമ്പോൾ സ്വന്തമാക്കുന്നത് ആ പഴയ



# ത്തിന്റെ വിരുന്ന്

കാലമാണെന്ന് ഓർക്കുകയാണ് വേണ്ടത്. നമ്മെ വിട്ടുപോയ, നാം ഉപേക്ഷിച്ച സ്നേഹവും സമഭാവനയും തിരികെ കൊണ്ടുവരാൻ ഓണം ആഘോഷിക്കുമ്പോൾ ശ്രമിച്ചു കൂടെ?

മലയാളി എവിടെയായാലും ഓണം ആഘോഷിക്കുന്നു. ഓണം മലയാളിയുടെ ഗൃഹാതുരത്വത്തിന്റെ ഓർമ്മകളാണ്. ഒരിക്കലും അസ്തമിക്കാത്ത സ്വപ്നങ്ങളാണ്. മലയാളി മാത്രമാണ്, ലോകത്തെവിടെ പോയാലും സ്വന്തം മണ്ണിലേക്ക് തിരികെ വരണം എന്നാഗ്രഹിക്കുന്നവർ. നമ്മുടെ നാട്ടിൽ വന്നു താമസിക്കുന്ന അന്യ സംസ്ഥാനക്കാരെ നോക്കൂ. അവർ മിക്കവരും മടങ്ങിപ്പോകാൻ ഇഷ്ടപ്പെടുന്നില്ല എന്നതാണ് സത്യം. എന്നാൽ മലയാളിയോ? ലോകത്തെവിടെയായാലും അവന്റെ മനസ്സിന്റെ മോഹം, തന്റെ മണ്ണിൽ തിരിച്ചെത്തണം. എന്നതാണ്. ഓണമാഘോഷിക്കുമ്പോൾ, അവൻ സ്വന്തം മണ്ണിൽ തിരിച്ചെത്തുകയാണ്. അവൻ എവിടെയായാലും കേരളം സൃഷ്ടിക്കുകയാണ്. മലയാളം അറിയില്ലെങ്കിലും മലയാളം പാട്ടുകൾ അവൻ പാടുന്നത് ഓണത്തിനാണ്. ഓണത്തിനുവേണ്ടി അവൻ മലയാളം പാട്ടുകൾ പഠിക്കുന്നു. ഓണംപോലെ ഇത്തരം ഗൃഹാതുര ഓർമ്മകൾ സൃഷ്ടിക്കുന്ന മറ്റൊരു ഉത്സവമില്ല; മറ്റൊരു ആഘോഷവുമില്ല.

ഓണം സ്വപ്നവും സങ്കൽപവും മാത്രമല്ല എന്ന് മലയാളി മനസ്സിൽ പറയണം. അതിന് പുതിയൊരു ചിന്ത നമ്മിൽ വളരണം. സങ്കൽപവും സ്വപ്നവുമില്ലാതെ മനുഷ്യനില്ലാ എന്നതുപോലെ, പുതിയ ചിന്തകളിലൂടെ മനുഷ്യൻ പുതിയ ചിലമേഖലകളിലേക്ക് വളരേണ്ടിയിരിക്കുന്നു. സ്നേഹത്തിന്റെ സ്വപ്നത്തിലേക്ക് വളരേണ്ടിയിരിക്കുന്നു. സ്നേഹം നിറച്ച് നീട്ടിത്തരുന്ന ഓണം അതിനായാണ് നമ്മോട് ഈ കഥകൾ പറയുന്നത്. നമുക്ക് ഈ കഥകൾ പറഞ്ഞുതന്നത് ആരാണ്? നമുക്ക് നമ്മുടേതായ പഴംപാട്ടുകൾ നൽകിയതാരാണ്? അതൊക്കെയാണ് പൈതൃകം എന്നുപറയുന്നത്. ഈ പൈതൃകം മറന്നുപോയതല്ലേ നമുക്ക് പറ്റിയ തെറ്റ്? ഓണത്തെപ്പറ്റി ഓർക്കുമ്പോൾ, പൈതൃകത്തെപ്പറ്റി ഓർക്കാതിരിക്കാനാവുമോ? പുത്തൻ ചിന്തകൾക്ക് മുമ്പിൽ നാം പുതിയ മനുഷ്യരാവാൻ ശ്രമിക്കേണ്ടതല്ലേ?

ഓണം - വെറും ആഘോഷമല്ല, അതൊരു സാക്ഷാത്കാരമാണ്. അതൊരു ആത്മസാക്ഷാത്കാരമാണ്. കേരളത്തിലിരിക്കുമ്പോൾ നാം അത് പൂർണ്ണമായി ആഘോഷിക്കുന്നില്ല. അത് പൂർണ്ണമായി മനസ്സിലാക്കുന്നുമില്ല. എന്നാൽ, കേരളത്തിന് വെളിയിലാകുമ്പോഴാണ് ഇത് സാക്ഷാത്കരിക്കുന്നത്. ചില പാട്ടുകളിലും ചില നൃത്തങ്ങളിലും (പുതിയ കാലഘട്ടത്തിൽ സിനിമാറ്റിക് ഡാൻസ്) ഒതുങ്ങി നിൽക്കുന്നതല്ല ഓണം. അതിന്റെ സങ്കൽപം അതി വിദൂരതയിൽ നിന്നും നമ്മെ കാണാൻ വരുന്ന സ്നേഹത്തിന്റേതാണ്. സ്നേഹത്തിന്റെ രൂപത്തിന് നാം മഹാബലിയുടെ വലിയ രൂപം നൽകുക മാത്രമാണ് ചെയ്യുന്നത്. സ്നേഹത്തിന്റെ വിരുന്നാണ് നാം സദ്യയായി ഒരുക്കുന്നത്.

മലയാളികൾ ഉള്ളിടത്തോളം കാലം ഓണം സുന്ദരസങ്കൽപമായി നിലനിൽക്കും. ഈ കഥ നമ്മൾ നമ്മുടെ കുട്ടികൾക്കും, അവർ അവരുടെ കുട്ടികൾക്കും പകർന്നു കൊടുക്കും. ആ കഥ അങ്ങനെ വളർന്നുകൊണ്ടേയിരിക്കും. ഈ കാലഘട്ടത്തിൽ, പക്ഷേ ചിന്തിക്കേണ്ടത് ആ കഥയുടെ കാതലിനെക്കുറിച്ചാണ്. സ്നേഹത്തിന്റെയും സമഭാവനയുടെയും ഒരു ലോകത്തെക്കുറിച്ചാണ്. അത്തരമൊരു സങ്കൽപനാടിനെക്കുറിച്ചാണ്. കഥകൾ അനേകമുണ്ടാവും. എന്നാൽ കഥകൾക്ക് പിന്നിലെ കാര്യങ്ങളിൽ വിശ്വസിക്കുന്ന അനേകം തലമുറകൾ ഇതൊന്നുമാത്രമാകുന്നു. മലയാളികൾക്ക് ലഭിച്ച അപൂർവ്വമായ ഒരു സ്വപ്നമാണ് ഈ ഓണവും ഈ മാവേലിയും. അതിന്റെ സങ്കൽപങ്ങളിലും സ്വപ്നങ്ങളിലും കൂടി സഞ്ചരിച്ച് മലയാളി മലയാളിയാവുകയും സ്നേഹത്തിന്റെ വിരുന്നൊരുക്കി ആ പഴയ കാലത്തിന്റെ ഒരുമയിലേക്ക് മടങ്ങുകയും വേണം. മലയാളിയും മലയാളവും അനശ്വരമായ ഓണവും ഇനിയും നമുക്ക് നൽകുന്ന സ്വപ്നവും എത്രയോ കാലം നിലനിൽക്കും. അതിനായി പ്രാർത്ഥിക്കുക. കൂടെ പ്രവർത്തിക്കുക. സ്നേഹത്തിന്റെ സങ്കൽപങ്ങളിൽ നമുക്ക് വീണ്ടും വീണ്ടും ഓണത്തിന്റെ വിരുന്നൊരുക്കാം. ●

# ഓണം... ഓർമ്മകളുടെ ഓമൽസ്പർശം



കാവാലം നാരായണപ്പണിക്കർ

**മണ്ണിന്റെ മണമാണ് ഓണത്തിന്. പരിഷ്കരണത്തിന്റെ പാതയോരങ്ങളിൽ നമുക്ക് നഷ്ടപ്പെട്ടതും ഈ മണ്ണിന്റെ മണം തന്നെയാണ്. താലോലിക്കാൻ ഈടിരുപ്പുകളൊന്നും അവശേഷിക്കാത്ത ഈ നാളുകളിലും ഓണസ്മൃതി ഗൃഹാതുരത്വമുണർത്തുന്നു.**



ഓണം.

ഔന്നത്യത്തിന്റെ ഭാഷയിൽ തിരുവോണം.

ഓണമെന്ന മഹനീയ സങ്കൽപത്തിന്റെ ഉർവരതകളിലേക്ക് ആഴ്ന്നിറങ്ങിയാൽ കൊതിപ്പിക്കുന്ന പൂമണം പ്രസരിക്കേണ്ട സന്ദർഭമാണിത്. മണ്ണിന്റെ മണമാണ്. മണ്ണിൽ നിന്നു തുടങ്ങുന്ന ഉത്സവപ്രഹർഷത്തിന്റെ ഇളംനാമ്പുകൾ ക്രമേണ വളർന്നു വളർന്ന് ഉത്സാഹത്തിമിർപ്പിന്റെ കാറ്റിൽ ഉലഞ്ഞാടുന്ന നാളുകൾ.

കള്ളപ്പറയും കാപട്യവുമില്ലാത്ത നാളുകളുടെ ഗൃഹാതുരത്വമാണ് ഓണസ്മൃതികളിലേക്ക് നമ്മെ കൂട്ടിക്കൊണ്ടു പോകുന്നത്. ഈ സങ്കൽപത്തെ യാഥാർത്ഥ്യമാക്കാനുള്ള നെട്ടോട്ടത്തിനിടയിൽ ഓണവർണ്ണങ്ങൾക്ക് മങ്ങലേറ്റുവെന്ന യാഥാർത്ഥ്യം വൈകിയാണെങ്കിലും നമ്മൾ തിരിച്ചറിയുന്നു. ഈ തിരിച്ചറിവിനും ചിങ്ങനിലാവ് തന്നെ സാക്ഷി.

പരിഷ്കരണത്തിന്റെ പാതയോരങ്ങളിൽ നഷ്ടവസന്തത്തിന്റെ ഇരുൾമൂടിയ ചിത്രങ്ങൾ നമ്മെ അലട്ടുകയാണിന്ന്. സ്വന്തം കാൽച്ചുവട്ടിലെ മണ്ണിനെപ്പോലും മനുഷ്യൻ മറക്കുന്നതുപോലെ! മണ്ണിന്റെ മണമില്ലെങ്കിൽ മലയാളിക്കെന്ത് ഓണം! അതുകൊണ്ടാണ് ഒത്തുചേരലിന്റെ അവിസ്മരണീയ മുഹൂർത്തം തേടി ലോകമെമ്പാടുമുള്ള മലയാളികൾ പിറന്ന മണ്ണിലേക്ക് ഓടിയണയുന്നത്.

എന്നാൽ സ്വന്തം മണ്ണിന്റെ ഇന്നത്തെ അവസ്ഥയെന്ത്?

ഓണത്തോടും കൃഷിയോടും അതിന്റെ ഉർവരതകളോടും ബന്ധപ്പെട്ടുകിടക്കുന്ന ഐശ്വര്യ കേരളത്തിന്റെ നെല്ലറയായ എന്റെ കുട്ടനാടിന്റെ സ്ഥിതി തന്നെ നോക്കൂ. എന്തെല്ലാം മാറ്റങ്ങളാണ് പുഴയും കായലും നീർച്ചാലുകളുമൊഴുകുന്ന വഴികളിലൂടെ കുട്ടനാടിന് വന്നു ചേർന്നിരിക്കുന്നത്.

പരിഷ്കരണം പരിവർത്തനത്തിന്റെ ഭാഗമാണ്. ശരി, പരിഷ്കാരം സംസ്കാരത്തെ തോൽപിക്കുമ്പോൾ എന്തു സമാധാനം. ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള ധാരണകളിൽ പിശകുപറ്റിയോ? മണ്ണിനു മാറ്റം വന്നപ്പോൾ നാടിന്റെ രൂപത്തിനു മാറ്റം വന്നു. അത് മനുഷ്യന്റെ സ്വഭാവത്തെയും അട്ടിമറിച്ചു.

ചെളിയില്ല, ചെളികുത്തിയ വരമ്പില്ല, തോട്ടുവക്കിലെ കദളിപ്പൂക്കളെല്ലാം കിട്ടാനില്ല. അത്തപ്പൂവിടണ്ടേ?

തിണ മാറിയ മണ്ണുവന്നു.

കായലും തോടും മാറി. മണ്ണിന്റെ സ്വഭാവവും മാറി. കാർഷിക സംസ്കാരം അപകടത്തിലായോ എന്നൊരു തോന്നൽ.

പാടത്തെ പാട്ടും ഈണവും താളവും ലയവും വഴിമാറി.

ഈടിരുപ്പുകളായി താലോലിക്കാൻ തനിമയാർന്ന ഒന്നും അവശേഷിക്കില്ലെന്ന ഭയമാണിന്ന്. മനുഷ്യബന്ധങ്ങളിൽ വരുന്ന മാറ്റമാണ് ഭീതിദം. ഗൃഹാതുരത്വത്തിനു വരുന്ന ചെറിയ കോട്ടംപോലും അസുഖകരമായിരിക്കും. ഒരുൾക്കിടിലത്തോടെയെങ്കിലും വസ്തുതകൾ തിരിച്ചറിയാൻ കഴിയുന്നത് ഓണദിനങ്ങളിലെ ഓർമ്മകൾ മൂലമാണ്.

ഫ്യൂഡൽ കാർഷിക സംസ്കാരത്തെ ഓർക്കുകയാണ്. അസമത്വവും, ക്രൂരതയുമുള്ള സംസ്കാരമെന്ന് അക്ഷേപിക്കപ്പെടുമ്പോഴും, അക്കാലത്തെ വിളവെടുപ്പിന്റെ നിറപറയുത്സവത്തെ ആരും നിഷേധിക്കുന്നില്ല. ഇന്നത്തെ സ്ഥിതി എന്താണ്? വിളവെടുപ്പുത്സവത്തിന്റെ ആഘോഷം യാഥാർത്ഥ്യമാകാൻ മലയാളത്തിന്റെ അതിർത്തിക്കപ്പുറത്തുനിന്ന് നെല്ലരി എത്തണം. തൂശനില എത്തണം. ഉപ്പേരിക്കായ് എത്തണം. ഈ വിരോധാഭാസത്തിന് ആരാണ് കാരണക്കാർ? നമ്മൾ മാവേലി മന്നന്റെ പ്രജകൾ തന്നെയല്ലേ?

കുട്ടനാടിന്റെ സ്മരണകളിരമ്പുകയാണ്.

നോക്കെത്താദൂരത്തോളം വയലേലകൾ. മിക്കവയും ഒരുപ്പൂ നിലങ്ങളായിരുന്നു. ഇടവിളയില്ല. ഒരു വർഷം ഇടവേളയായിട്ട് പാടത്തിന് ഒരാണ്ട് വിശ്രമം നൽകിയിരുന്നു. മണ്ണിന്റെ ഫലസമൃദ്ധി നിലനിർത്താൻ വേണ്ടിമാത്രം. മണ്ണും മനുഷ്യനും തമ്മിലുള്ള ഊഷ്മളബന്ധം കാർഷികാഭിവൃദ്ധിയുടെ അളവുകോലായിരുന്നു. വാഴ കുലയ്ക്കുമ്പോൾ ഉയരുന്നത് ഓണത്തിന്റെ മണമായിരുന്നു. വെള്ളത്താൽ ചുറ്റപ്പെട്ട നാട്ടിൻപുറങ്ങൾ. മഴക്കാലമായാൽ തെങ്ങിൻതോപ്പുകളും വഴിയിറമ്പുകളും നൽകുന്ന ദർശനസുഖം അനുഭവിച്ചുതന്നെ അറിയേണ്ട കാര്യമാണ്.

എന്നാൽ മണ്ണിന്റെ മാറ്റം സാർവ്വത്രികമായ മാറ്റങ്ങൾക്ക് വഴി തെളിച്ചു. പരിഷ്കരണം പുരോഗതിയുടെ വഴികാട്ടിയായി. വീട്ടുപടിക്കൽവരെ റോഡു വേണമെന്ന ചിന്ത പുരോഗതിക്ക് ആക്കം കൂട്ടി എന്നതു ശരി; എന്നാൽ ഉത്പന്ന വർദ്ധനവിനോ കാർഷിക സ്ഥിരതക്കോ ഈ പരിഷ്കരണങ്ങൾ ഒട്ടും ഉപോത്ബലകമാവില്ല.

ഇത് കുട്ടനാടിന്റെ കാര്യം മാത്രമല്ല. മണലൂറ്റിനും പാടം നികത്തലിനും പകരമായി ഏതു മാസ്റ്റർപ്ലാനാണ് നമ്മെ രക്ഷിക്കുക!

ആധുനികവത്കരണത്തിന്റെ സാധ്യതകളെ തള്ളിപ്പറയാനുള്ള ശ്രമമല്ലിത്. മണ്ണിന്റെ സ്ഥാനത്ത് മണ്ണും വെള്ളത്തിന്റെ സ്ഥാനത്ത് വെള്ളവും നിലനിൽക്കണമെന്ന സാമാന്യയുക്തി പ്രകടിപ്പിക്കുന്നുവെന്നു മാത്രം.

കാർഷിക സംസ്കാരത്തെ അപകടപ്പെടുത്തുന്ന പുരോഗതിക്ക് സുഗന്ധമില്ല.


പ്രകൃതിയെ അറിയുന്നവൻ പൂർണ്ണമനുഷ്യനാണ്. പ്രകൃതിയിലെ, ഇലയും, പൂവും കായും നൽകുന്ന അനുഭൂതി ഭൗതികനേട്ടങ്ങൾക്കുമപ്പുറമാണ്. മനുഷ്യസ്നേഹം നേടാൻ പ്രകൃതിയെ ദ്രോഹിക്കുന്ന തത്ത്വം സത്യസന്ധമല്ല; സ്വീകാര്യവുമല്ല. ഏതു പരിഷ്കരണ നടപടികളിലും കൃഷിയുടെയും കൃഷിഭൂമിയുടെയും അളവു കുറയാൻ പാടില്ലതന്നെ. കൃഷി ആധുനികവത്കരിക്കപ്പെട്ട ജപ്പാന്റെ കാര്യം നോക്കൂ. ദേശസ്നേഹം കാർഷിക സമൃദ്ധിയിലൂടെ പൂത്തുലയുകയാണോ എന്ന് ആശ്ചര്യപ്പെട്ടു പോകുന്നു. അത്രമാത്രം പ്രതിബദ്ധതയാണ് കൃഷിയോട് അവിടത്തുകാർക്കുള്ളത്. അങ്ങനെ നോക്കുമ്പോൾ എന്നും ഓണമാണവിടെ!


ഏത് ശാസ്ത്രീയരീതിയുടെ നടത്തിപ്പിലും ഇച്ഛാശക്തിയും സാമൂഹികബോധവും വേണം. അതില്ലാത്തതുമൂലം നാഞ്ചിനാട് പണ്ടേ നമുക്ക് നഷ്ടപ്പെട്ടു. ശേഷിക്കുന്ന മലയാളനാടിന്റെ രക്ഷയ്ക്കായി അധ്വാനത്തോടൊപ്പം സംസ്കാരത്തെയും ഉയർത്തണം. ഓണദിനസങ്കൽപം യാഥാർത്ഥ്യമാകണമെന്ന ആഗ്രഹം മനസ്സിലുറപ്പിക്കാം നമുക്ക്. എക്കാലവും ഓണം നമ്മെ ആനന്ദത്തേരിലേറ്റുകയാണ്.

എല്ലാ ച്യുതികൾക്കും പരിഹാരം കാണാൻ കരുത്തുണ്ടാകണം. കൊച്ചുകേരളത്തിന്റെ മനസ്സാക്ഷി ഉത്സവാതിരേകത്തിൽ ആവേശംകൊള്ളാൻ വേണ്ടിയെങ്കിലും ഗൃഹാതുരത്വത്തെ ഹൃദയത്തിൽ താലോലിക്കുക. സമൃദ്ധിയുടെ ഉത്സവത്തിന് ഐശ്വര്യം പകരാൻ ജാതി-മത-വർഗ്ഗ ഭേദമില്ലാതെ മലയാളി മനസ്സുകൾ ഒരുമിക്കട്ടെ. നന്മയിലധിഷ്ഠിതമായ ആ ഒരുമയാണ് യഥാർത്ഥ ഓണം.



സാഹിർ





മുഹമ്മദ് റോഷൻ

**മലയാളിക്ക് ഓണം ഉത്സവമാണ്. ജീവിതത്തിന്റെ ചൂടുള്ള ഉത്സവം. പ്രതീക്ഷയുടെ പൂക്കണിയുമായോടിയെത്തുന്ന ഓണക്കാറ്റ് ഓരോ മലയാളി മനസ്സിലും നിറയ്ക്കുന്നത് ഒന്നല്ല, ഒരായിരം അനുഭൂതികളാണ്.**

# ഓണ

സന്ധ്യയ്ക്ക് ഓഫീസിൽ നിന്നും മടങ്ങിയെത്തി കുളികഴിഞ്ഞ് ഇളംനീല പൂക്കൾ തുന്നിപ്പിടിപ്പിച്ച ചുരിദാർ ധരിച്ച് തീൻമേശയിൽ ചപ്പാത്തി കഴിക്കാനെത്തിയ രാഗിണിയെ നോക്കിയപ്പോൾ ഗോമതിയാന്റിക്ക് ബോദ്ധ്യമായി. ഇവൾ ഇന്ന് വളരെ പ്രസന്നവതിയാണ്.

മുഖത്ത് കാർമേഘമില്ല; ഭാവത്തിൽ പിരിമുറുക്കമില്ല. ചുണ്ടത്ത് ഒരു മൂളിപ്പാട്ട് തങ്ങിനിൽക്കുന്നോ എന്നുപോലും സംശയം. ആന്റി ഒളികണ്ണാൽ അവളെ നോക്കി. അവളുടെ പ്രകൃതത്തിൽ പ്രകടമായ ആഹ്ലാദം അവരേയും ആനന്ദിപ്പിച്ചു.

കമ്പ്യൂട്ടർ എഞ്ചിനീയറായ രാഗിണിക്ക് കമ്പനിയിൽ പിടിപ്പതു പണിയുണ്ട്. വീട്ടിലെത്തിയാലും മനസ്സിൽ കൂട്ടലും കിഴിക്കലും ആലോചനയുമായി ഒരു നിമിഷം ആശ്വാസമില്ല. ആന്റിയുടെ വീട്ടിൽ പേയിങ് ഗസ്റ്റായി താമസിക്കുകയാണ് അവൾ.

മദ്ധ്യകേരളത്തിലെ ഒരു ഗ്രാമമാണ് അവളുടെ സ്വദേശം. തമിഴിന്റെ ഈ തലസ്ഥാനനഗരിയിൽ ജോലിക്ക് ചേർന്ന ആദ്യനാളുകളിൽ ഒരു ഹോസ്റ്റലിലാണ് പാർത്തിരുന്നത്. അവിടത്തെ ജീവിതം വല്ലാതെ മുഷിപ്പിച്ചപ്പോഴാണ് പത്രപ്പരസ്യം കണ്ടതും ആന്റിയെ സമീപിച്ചതും.

ആന്റിയുടെ ഭർത്താവ് ഗോവയിൽ ബിസിനസ് ചെയ്യുന്നു. ഇടയ്ക്കിടെ നാട്ടിൽ വരും. ഒരുപാടു തമാശപറയുന്ന ആ നരച്ച താടിക്കാരനെ രാഗിണിക്ക് ഇഷ്ടമാണ്. ആന്റിയുടെ മകൻ ഒരു വലിയ കമ്പനിയിലെ ബിസിനസ് എക്സിക്യൂട്ടീവ്. വല്ലപ്പോഴുമാണ് വീട്ടിലെത്തുക. രാഗിണി ഇവിടെ താമസമാക്കിയതിനുശേഷം ഒരു പ്രാവശ്യമേ അയാൾ വന്നിട്ടുള്ളു. അന്നത്തെ പരിചയപ്പെടലിൽ തന്നെ അവൾക്ക് അയാളോട് മതിപ്പു തോന്നി. മന്ദഹാസത്തിലെ ആകർഷണീയത, വാക്കുകളിലെ മിതത്വം.

രാഗിണിയുടെ പ്രസന്നതയിലെ പ്രകാശത്തിലേക്ക് നോക്കി ആന്റി ചോദിച്ചു.

‘എന്താ മോളേ, നിനക്ക് ലോട്ടറി കിട്ടിയോ?’

അവൾ ഒന്നു ഞെട്ടി.

അടുത്ത ക്ഷണത്തിൽ തെല്ലുവിളർച്ചയോടെയാണെങ്കിലും മനസ്സിലാക്കി. തന്റെ സന്തോഷം ആന്റി തിരിച്ചറിഞ്ഞിരിക്കുന്നു.

‘ആന്റീ, എനിക്ക് ലീവ് കിട്ടി.’

‘എപ്പോ?’

‘ഓണത്തിന് നാട്ടിൽ പോവാൻ.’

കഴിഞ്ഞ കുറേദിവസങ്ങളായി അവൾ അവധിക്ക് ശ്രമിക്കുകയായിരുന്നു. അമ്മ പലവട്ടം ആവശ്യപ്പെട്ട് എഴുതി, ഫോണിൽ വിളിച്ചു.

‘നിന്നെക്കണ്ടിട്ട് എത്രനാളായി, ഒന്നു വാ മോളേ...’

അവൾക്കും അമ്മയെക്കാണാൻ വല്ലാത്ത തിടുക്കമുണ്ടായിരുന്നു. അച്ഛനേയും....

പെൻഷൻപറ്റിയ അദ്ധ്യാപകനായ അച്ഛൻ ആഗ്രഹങ്ങളൊന്നും പ്രകടിപ്പിക്കാറില്ല. എല്ലാം ഉള്ളിലൊതുക്കുകയേ ഉള്ളു.

ഫോണിൽ വെറുതേ ചോദിക്കും...

'നിനക്കു ലീവെങ്ങാനും കിട്ടുമോ മോളേ?'

തിരക്കുപിടിച്ച സമയമാണെന്ന് പറഞ്ഞ് കമ്പനി ലീവ് തന്നില്ല. നിർബ്ബന്ധമായി ചോദിക്കാനും അവൾക്കറിയില്ല.

അപ്പോഴാണ്, കലണ്ടറിൽ നോക്കിയപ്പോൾ അടുത്തുവരുന്ന ഓണത്തിന്റെ നിറം ശ്രദ്ധിച്ചത്. ഓണത്തിന് നാട്ടിൽ പോവണമെന്നും, അമ്മയും അച്ഛനുമൊത്ത് ഓണം ആഘോഷിക്കണമെന്നും അവൾ കമ്പനിയിൽ പറഞ്ഞു.

ഓണം മലയാളിയുടെ ദേശീയോത്സവമാണ്. അതിൽ പങ്കെടുക്കുന്നതിനുള്ള അവസരം മലയാളിക്ക് നിഷേധിക്കാൻ പാടില്ല. അവധി അനുവദിച്ചുകിട്ടി.

ത്തിൽ നിന്നും സ്വന്തം നാട്ടിലെത്താൻ അവൾക്ക് കഷ്ടിച്ച് അഞ്ചു മണിക്കൂർ തീവണ്ടിയാത്ര മതി.

ശനിയാഴ്ച നേരത്തേയിറങ്ങാനോ തിങ്കളാഴ്ച വൈകിയെത്താനോ അനുവാദമില്ലാത്തതുകൊണ്ട് വാരാന്ത്യങ്ങളിൽ അവൾക്ക് നാട്ടിൽപോകാൻ കഴിയാറില്ല.

ഞായറാഴ്ച, ഹോസ്റ്റലിൽ തുണി കഴുകലും വെടിപ്പാക്കലുമൊക്കെയായി അസ്തമിക്കുന്നു.

വല്ലപ്പോഴും ഒരു സിനിമ.

അല്ലെങ്കിൽ സായാഹ്നത്തിൽ ഹോട്ടൽ ഭക്ഷണം.

ആവർത്തനത്തിന്റെ തുരുമ്പുപിടിച്ച ദിവസങ്ങളിൽ വല്ലാത്ത അസ്വസ്ഥത അനുഭവപ്പെടാറുണ്ട്.

പക്ഷേ, ഈ മാസം പിറന്നത് പ്രസരിപ്പിന്റെ പൂക്കണിയുമായിട്ടാണ്.

ഇത് ചിങ്ങമാസം.

ഓണത്തിന്റെ ആരവവും ആഹ്ലാദവും തൊട്ടടുത്ത്.

ആകാശച്ചുവട്ടിൽ നിലാവിന്റെ ഒരു പുഴ. ഓളമിളക്കാൻ, തോണിതുഴയാൻ, അക്കരെയും ഇക്കരെയും നിൽക്കുന്ന കാമുകീ കാമുകന്മാർക്ക് പ്രണയഗാനം പാടാൻ.

ഓണത്തിന് നാലുദിവസം നാട്ടിൽ നിൽക്കാം.

ആൻസിക്കെന്ത് ഓണം, ക്രിസ്തുമസിന് പോരേ അവധിയെന്ന് കഴിഞ്ഞ വർഷം പ്രൊപ്രൈറ്റർ ചോദിച്ചതാണ്.

സർ, ഓണത്തിന് ജാതിയില്ലെന്നറിയില്ലേ! എന്ന മറുചോദ്യത്തിനു മുന്നിൽ അദ്ദേഹം ഒന്നു ചമ്മി.

അവൾ കണക്കുകൂട്ടി, ഉത്രാടത്തലേന്ന് വീട്ടിലെത്തുമ്പോൾ അമ്മച്ചിക്ക് ഒരു വെള്ളസാരി. അപ്പച്ചൻ മരിച്ചതിൽ പിന്നീട് അമ്മച്ചി വെള്ള മാത്രമേ ഉടുക്കാറുള്ളു.

ഓണക്കാലം...

# ക്കാരോടിവരുന്ന

ഓണത്തിന്റെ ലഹരിയിൽ മുങ്ങിക്കുളിക്കാനല്ല; സദ്യയുടെ രുചി ആസ്വദിക്കാനുമല്ല. അമ്മയും അച്ഛനുമൊത്ത് കിട്ടുന്ന മുഹൂർത്തം.

മനസ്സിലെ തിരുവോണം.

ഓണം മലയാളിയുടെ ഭാഗ്യതാരകമാണ്; പാരിതോഷികമാണ്.

'നീയെന്തു മൂളിപ്പാട്ടാ പാടിയത്?' ആന്റി ചോദിച്ചു.

'ഒരോണപ്പാട്ട്'

'ഒന്നുപാടിയേ, ഉറക്കെ......'

'അയ്യോ, എനിക്കറിയില്ല', അവൾ ലജ്ജയോടെ സ്വന്തം മുറിയിലേക്ക് ഓടി.

●

സഞ്ചാരികൾക്കും സഞ്ചാരത്തിനും അവധിയില്ലാത്തതുകൊണ്ട് ട്രാവൽ ഏജൻസിക്ക് ഒഴിവു ദിവസങ്ങൾ വളരെ കുറവാണ്. ആവശ്യത്തിന് ജീവനക്കാരുമില്ലാത്തതുകൊണ്ട് ആൻസി പണിയെടുക്കുന്ന ഏജൻസിയിൽ അദ്ധ്വാനഭാരം വലുതാണ്. ജോലി ചെയ്യുന്ന നഗര



പൂക്കളും കളിപ്പന്തും ഓണപ്പാട്ടും സദ്യവട്ടവുമായി ഒരുത്സവകാലം. ഒപ്പം പഠിച്ച, അയൽവീട്ടിലെ സാവിത്രി പൂക്കളമുണ്ടാക്കാൻ ബഹുമിടുക്കിയാണ്. പൂവിതളുകൾ അവളുടെ വിരൽത്തുമ്പിൽ വർണ്ണവിസ്മയമാവുന്നത് കാണാൻ കൗതുകം.

ഓണനിലാവിൽ ഒരുപാടുനേരം തെക്കേമുറ്റത്തിരുന്ന് അവളോടു സൊറ പറയാം. ജോസ്പീറ്റർ എന്ന സഹപ്രവർത്തകനുമായുള്ള തന്റെ പ്രണയത്തെക്കുറിച്ചും. തന്റെ നീണ്ട വിരലുകളിൽ വിരൽ അമർത്തിക്കൊണ്ട് അയാൾ പറഞ്ഞ വാക്കുകൾ...

നീയെന്റെ രാജകുമാരി...

ഓണത്തിന് നാട്ടിലേക്ക് പോവുകയാണെന്നറിയിച്ചപ്പോൾ ജോസ് കാതിൽ ചോദിച്ചു.

'ഞാനും വരട്ടെയോ നിന്റെ കൂടെ!'

കണ്ണുകളിൽ വിരിഞ്ഞ അതേ കുസൃതിയിൽ അവൾ പിറുപിറുത്തു.

'പാടില്ല, പാടില്ല നമ്മെനമ്മൾ പാടേ മറന്നൊന്നും ചെയ്തുകൂടാ,'

അപ്പോൾ അയാൾ ദൃഢമായി അറിയിച്ചു.

'അടുത്ത ഓണത്തിനുമുൻപ്...'

'എന്ത്?'

'ഈ പൊൻകഴുത്തിൽ ഞാൻ താലി ചാർത്തും!'

ആൻസിയുടെ മിഴികളിൽ നക്ഷത്രം പൂത്തു.

മനസ്സിൽ മധുമഴ പെയ്തു.

ഓണം.... പ്രതീക്ഷയുടെ പൂപ്പാത

●

സരസ്വതിയമ്മയ്ക്ക് എഴുതാനറിയില്ല. അക്ഷരങ്ങൾ അറിയാമെങ്കിലും അവ കടലാസിലേക്ക് പകർത്താനുള്ള കഴിവില്ല. അയൽവീട്ടിലെ നന്ദിനിയെന്ന സുന്ദരിയാണ് അവർക്ക് കത്തെഴുതി കൊടുക്കുന്നത്.

സരസ്വതിയമ്മയുടെ നാവിൽ നിന്നുതിരുന്ന ചിലമ്പിച്ച ശബ്ദം നന്ദിനിയുടെ വിരൽത്തുമ്പിൽ വടിവൊത്ത അക്ഷരങ്ങളായി മാറുന്നു.

പ്രത്യേകിച്ച്, കത്ത് അമ്മയുടെ മകൻ ചന്ദ്രശേഖനുള്ളതാവുമ്പോൾ. അയാളെ നന്ദിനി മനസ്സുകൊണ്ട് പ്രണയിക്കുകയാണ്. ഒരിക്കൽപോലും വെളിപ്പെടുത്തിയിട്ടില്ല. അയാളോടെന്നല്ല, ആരോടും.

ദൂരനാട്ടിൽ ജോലിചെയ്യുന്ന ചന്ദ്രശേഖരൻ അവളുടെ ഹൃദയത്തിന്റെ ഉള്ളറയിലെ അനുരാഗത്തിന്റെ മന്ത്രം തിരിച്ചറിഞ്ഞിട്ടുണ്ടോ എന്നും അറിയില്ല.

പ്രിയപ്പെട്ട ചന്ദ്രന്..... അമ്മ പറഞ്ഞു തുടങ്ങി...

നോട്ടുബുക്കിൽ നിന്നും ചീന്തിയെടുത്ത കടലാസിൽ നന്ദിനി കുറിച്ചു.

നിന്നെക്കണ്ടിട്ടെത്ര നാളായിമോനേ..

അമ്മയുടെ പരിഭവവും സ്നേഹത്തിന്റെ തീവ്രതയും വാക്കുകളായി ഒഴുകി.

അവധി കിട്ടില്ല എന്നൊക്കെ നീ പറയുമെന്നറിയാം. ശരിയാണ്, തോന്നുമ്പോഴൊക്കെ ഓടിപ്പോരാൻ നിനക്കാവില്ലെന്നറിയാം.

പക്ഷേ, ഓണം വരികയാണ്. ഈ ഓണത്തിന് തീർച്ചയായും നീ അമ്മയുടെ അടുത്ത് ഉണ്ടാവണം. ഞാനുണ്ടാക്കുന്ന ഊണും പായസവും നീ കഴിക്കണം. അടുത്ത ഓണത്തിന് ഞാൻ ജീവിച്ചിരിപ്പുണ്ടാകുമെന്ന് ആരു കണ്ടു!

'അമ്മേ, ഇങ്ങനെയൊന്നും എഴുതേണ്ട'. നന്ദിനി ശാസിച്ചു.

'ഞാൻ പറയുന്നതങ്ങ് എഴുതിയാമതി'. അമ്മ ശുണ്ഠിയെടുത്തു - നന്ദിനി ഒന്നു ചിണുങ്ങി.

പിന്നെ ഒരു കാര്യം, അമ്മ തുടർന്നു.

ഈ ഓണത്തിന് നാട്ടിൽ വരുമ്പോൾ നീയതങ്ങ് ചെയ്യണം. ഇനി നീട്ടാൻ വയ്യ, ഞാൻ അവളുടെ അമ്മയോട് തീർത്തുപറഞ്ഞിട്ടുണ്ട്. കമലാക്ഷിക്ക് സമ്മതം.

നന്ദിനി മുഖമുയർത്തി സംശയിച്ചു. കമലാക്ഷി തന്റെ അമ്മയാണല്ലോ.

'നീ എഴുതെടി', അമ്മ ഉള്ളാലെ ചിരിച്ചു.

ഈ വരവിനു തന്നെ നീ നന്ദിനിക്ക് പുടവ കൊടുക്കണം. അന്തിക്കൂട്ടിന് അധികാരത്തോടെ അവളെ ഇവിടെ വിളിച്ചു കിടത്തണം, എനിക്ക്.

നന്ദിനിയുടെ കൈവിറച്ചു.

അധരം ലജ്ജയാൽ തുടുത്തു. കൈവളകൾ അവളറിയാതെ കിലുങ്ങി. അവൾ മന്ത്രിച്ചു, ഈ ഓണം... എന്റെ പൊന്നോണം.

●

മലയാളിക്ക് ഓണം കൂടിക്കാഴ്ചയുടെ ആഘോഷമാണ്. ദേശത്തിൽ ഉത്സവത്തിന്റെ വർണ്ണത്തേരുരുളുമ്പോൾ കാതങ്ങൾക്കകലെ നിന്ന് ഓടിയെത്തിയവർ ഒത്തുചേരുന്നു. കാറ്റിനോട് ദൂതുചൊല്ലിയിരുന്നവർ, കാണാപ്പുറങ്ങളിൽ വ്യാമോഹങ്ങളായിരുന്നവർ ഒരു യാഥാർത്ഥ്യമായി മുന്നിലെത്തുന്നു.

കാണാൻ,

മറക്കാത്ത ഓർമ്മകളുടെ തുടിപ്പറിയാൻ, കുടുംബങ്ങളുടെ, പ്രിയപ്പെട്ടവരുടെ കൂട്ടായ്മ. വിരഹത്തിന്റെ കണ്ണുനീർത്തുള്ളികൾക്ക് വിട. ഓണനിലാവു പടർന്നാൽ, ഓണപ്പൂക്കൾ വിരിഞ്ഞാൽ ഉത്സവമാണ്. ജീവിതത്തിന്റെ ചൂടുള്ള ഉത്സവം. ഓരോ ചിങ്ങവും കൊണ്ടുതരുന്നത് അനുഭൂതികളാണ്. ഓണം ഒരു പൂപ്പാത്രമാണ്; ഒരിതളെടുത്ത് മനസ്സിൽ ചൂടാൻ. ●





**അവധിയും ഓണബംബറും ബോണസും റിബേറ്റും റിഡക്ഷനുമായി ഓണസങ്കൽപം മാറുമ്പോഴും മലയാള കവിതകളിൽ നിറയുന്ന ഓണചിഹ്നങ്ങൾ ഓർമ്മയുടെ ഒരു പിൻവിളിയായി മലയാളിയെ മലയാളമുള്ളിടത്തോളം പിൻതുടരും**

# ഓണം പതിപ്പിച്ച അടയാളങ്ങൾ

**ആർ. കിരൺബാബു**

'അബോധത്തിന്റെ ഭാണ്ഡത്തിൽ പുരാവൃത്തങ്ങളുടെ പൊതിച്ചോറുമായാണ് ഓരോ തലമുറയും യാത്ര ചെയ്യുന്നത്'.

കാൾ ഗുസ്താവ് യുങ്ങ്

ആദിമമായ ചില സ്മൃതിരേഖകൾ തലമുറകൾ മാറിമറിഞ്ഞാലും അബോധത്തിൽ നിലനിൽക്കും. കാലങ്ങൾ കൈമാറി ഇന്നും മലയാളിജീവിതത്തിന്റെ സജീവതാളങ്ങളിൽ നിറഞ്ഞു നിൽക്കുന്ന അത്തരമൊരു ബോധമാണ് മാവേലിമിത്ത്. മലയാളിജീവിതത്തിന്റെ ഹൃദയരേഖകളുമായി ഇഴപിരിഞ്ഞു കിടക്കുന്നൊരു സങ്കൽപമാണിത്. നമ്മുടെ സന്തോഷത്തിന്റെയും വ്യഥയുടെയും ഇടവഴികളിൽ ഓണം നിറഞ്ഞു നിൽക്കുന്നു.

"സഹജാതതൻ മൊഴി സംഗീതമായി തോന്നുന്ന" ഒരു വർഗ്ഗരഹിത സോഷ്യലിസ്റ്റ് സ്വപ്നം ഓരോ മനുഷ്യന്റെയും ഉള്ളിലെവിടെയോ ഉണ്ട്. സമത്വത്തിന്റെ ഈ സങ്കൽപം ആദിമമായൊരു സ്വപ്നമാണ്. അതുകൊണ്ടാണ് കാർഷിക സാമൂഹികവ്യവസ്ഥ മാറിപ്പോയിട്ടും ഈ വിളവെടുപ്പുത്സവം നമ്മുടെ ജീവിതക്രമത്തിലെ പ്രകാശഭരിതമായൊരു സാന്നിധ്യമാവുന്നത്.

ഓരോ ദേശത്തിനും തനതായ ചില സാംസ്കാരിക ചിഹ്നങ്ങളുണ്ട്. ആ നാടിന്റേതായ കലാസൃഷ്ടികളിൽ ഇവ പതിഞ്ഞുകിടക്കും. മലയാളകവികളുടെ സർഗ്ഗവഴികളിൽ വെയിലായും മഴയായും നിലാവായും ഓണത്തിന്റെ ചിഹ്നങ്ങൾ നിറയുന്നു. മലയാളിയായ ഒരു കവിക്കും ഓണത്തിന്റെ അടയാളങ്ങളെ സമ്പൂർണ്ണമായി തിരസ്കരിക്കുവാനാവില്ല. ഓണം എന്ന സങ്കൽപം മലയാളിസ്വത്വത്തിന്റെ ഭാഗമാണ്. പൂവും പൂവിളിയും പൂക്കളവും ഓണപ്പാട്ടും ഓണവില്ലും ഓണത്തല്ലും ചിങ്ങവും ഓണനിലാവും ഓണപ്പുടവയും തുമ്പയും തുമ്പിതുള്ളലും തുടങ്ങി ഓണത്തിന്റേതായ സാംസ്കാര മുദ്രകൾ നമ്മുടെ എല്ലാക്കാലത്തെ കവിതകളിലും കാണാം.

വന്നുവന്നു പൊൻ ചിങ്ങം;
പുലരൊളിതിരളും പൊൻചിങ്ങം,
പുതുമലർ വിരിയും പൊൻചിങ്ങം
പുളകമുണർത്തും പൊൻചിങ്ങം!

- പൂക്കളം - (പി) കുഞ്ഞിരാമൻ നായർ

കവിതയെയും ജീവിതത്തെയും തീർത്ഥാടനമാക്കിയ പി. കുഞ്ഞിരാമൻ നായർ ഓണത്തിന്റെ ഒട്ടുമിക്ക അടയാളങ്ങളെക്കുറിച്ചും കവിത എഴുതിയിട്ടുണ്ട്. പിയ്ക്ക് ചിങ്ങമാസം നന്മയുടെയും ഐശ്വര്യത്തിന്റെയും പൊൻതിങ്കളാണ്. മലയാളത്തിന്റെ ജന്മമാസമാണ്, കർഷക മനസ്സിന്റെ സാഫല്യമാണ്.

അദ്ധ്വാനത്തിന്റെ കരുത്തറിഞ്ഞ തനിനാടൻ കർഷകൻ, ഇടശ്ശേരി ഗോവിന്ദൻ നായർക്ക് ചിങ്ങം അദ്ധ്വാനത്തിന്റെ സഫലതയാകുന്നു. കർഷകമനസ്സിന്റെ കുളിർമഴയാകുന്നു. വിളവെടുപ്പിന്റെ മാസമാകുന്നു. നിറവയറിന്റെയും.

പുത്തരിക്കണ്ടം കൊയ്തുവരുന്നു
പൊൻമലകൾ കുലുങ്ങിക്കുലുങ്ങി
ഓണക്കാഴ്ചകൾ വന്നിറങ്ങുന്നു

- പൂവേ പൊൻ പൂവേ - (ഇടശ്ശേരി)

പൂവും പൂവിളിയും പൂക്കളവും ഓണത്തിന്റെ വർണ്ണക്കാഴ്ചകളാകുന്നു. പഴയ തലമുറയുടെ ഓണസങ്കൽപങ്ങളിൽ പൂവിറുക്കാൻ പറമ്പുകൾതോറുമലഞ്ഞ ബാല്യത്തിന്റെ സുന്ദരസ്മരണകൾ നിറഞ്ഞു

നിൽക്കുന്നുണ്ട്.

ഒരുക്കാറുണ്ടീ മുറ്റ-
ത്തോമനേ! വർണ്ണോജ്ജ്വല-
മൊരു പൂക്കളം നിന്നെ
യെതിരേറ്റിരുത്തുവാൻ
- ശ്രാവണ സംഗീതം (ഒ.എൻ.വി.)

മലയാളിയുടെ രാഷ്ട്രീയ സൗന്ദര്യ ബോധങ്ങളിൽ നിലാവു പൊഴിച്ച ഒ.എൻ.വി. കുറുപ്പിന് പൂക്കളം ഗൃഹാതുരമായ ഓർമ്മയാകുന്നു. പൂവുകളെല്ലാമൊഴിഞ്ഞ് പ്ലാസ്റ്റിക് പൂക്കളിൽ പെരുവഴിത്തിണ്ണകളിൽ പൂക്കളമൊരുക്കേണ്ടി വരുന്ന വർത്തമാനം കവിയെ വേദനിപ്പിക്കുന്നു.

ഓർക്കുവാനാവാത്ത പേരുകളുള്ള ഓർക്കിഡ് ചെടികൾക്കിടയിലെങ്ങനെ ഈ മുക്കൂറ്റി വന്നുവെന്ന് മുക്കുറ്റി എന്ന കവിതയിൽ കവി ചോദിക്കുന്നു. നമ്മുടെ തൊടികളിൽ തുമ്പയും മുക്കുറ്റിയുമെല്ലാമൊഴിഞ്ഞ് ഓർക്കിഡും ആന്തൂറിയവും നിറഞ്ഞു. എങ്കിലും പറിച്ചു കളയാനാവാത്ത ഏതോ വേരുകൾപോലെ ഇന്നും അവ നമ്മുടെ മനസ്സുകളിൽ ഇടയ്ക്കെവിടെയോ വിരിയുന്നുണ്ട്.

അത്തം മുതൽക്കെന്റെ കുഞ്ഞുങ്ങൾ പാടുപെ-
ട്ടെത്തിക്കുമോമന പൂക്കൾ ചാർത്തി
ഓലക്കുടക്കീഴിൽ തൃക്കാക്കരയപ്പനെ
ഓണമുറ്റത്തു കുടിയിരുത്തി
- ഓണപ്പാട്ട് (കേച്ചേരി)

പണ്ടത്തെ മലയാളം മാഞ്ഞുപോയിട്ടും കള്ളപ്പറയും അധികാരധൂർത്തും നിറഞ്ഞിട്ടും അത്തം മുതൽക്കേ കുഞ്ഞുങ്ങൾ പാടുപെട്ട് പൂക്കളെത്തിച്ച് തൃക്കാക്കരയപ്പനെ കുടിയിരുത്താറുണ്ടെന്ന് ഓണപ്പാട്ടിൽ യൂസഫലി കേച്ചേരി പറയുന്നു. ഓണത്തിന്റെ എല്ലാ സങ്കൽപങ്ങളും അട്ടിമറിയ്ക്കപ്പെട്ടിട്ടും മലയാളി ഇന്നും ഈ ഉത്സവത്തെ ആഘോഷപൂർവ്വം വരവേൽക്കുന്നു.


പുതിയ കുട്ടികൾക്ക് ഓണപ്പാട്ടും തുമ്പിതുള്ളലും ടെലിവിഷനിലെ സ്പോൺസേഡ് പ്രോഗ്രാമാണ്. ഗ്രാമീണ ജീവിത പരിസരങ്ങളിൽ നിന്നുപോലുമവ ഒഴിഞ്ഞു പോയിരിക്കുന്നു.

എൻ കരളോണപ്പാട്ടിനു തംബുരു
മീട്ടുവന്നാപ്പുലരിയിലല്ലോ;
എന്തിനു നിങ്ങൾ പിണങ്ങുവതെന്നോ-
ടെന്താതുമ്പി തുള്ളാത്തു നീ?
- എന്താ തുമ്പി, തുള്ളാത്തു? (ഒ.എൻ.വി.)

**നമ്മുടെ തൊടികളിൽ തുമ്പയും മുക്കുറ്റിയുമെല്ലാമൊഴിഞ്ഞ് ഓർക്കിഡും ആന്തൂറിയവും നിറഞ്ഞു. എങ്കിലും പറിച്ചു കളയാനാവാത്ത ഏതോ വേരുകൾപോലെ ഇന്നും അവ നമ്മുടെ മനസ്സുകളിൽ ഇടയ്ക്കെവിടെയോ വിരിയുന്നുണ്ട്.**



അത്തമുദിച്ചാൽ പൂക്കൾ നിറയേണ്ടതാണ്. തുമ്പികൾ പാറേണ്ടതാണ്, ഓണക്കൂത്തും കുരവയുമാർപ്പുവിളിയും നിറയേണ്ടതാണ്. തുമ്പിപ്പാട്ടും പൂവിളി കൂട്ടലും ഓളമുതിർക്കേണ്ടതാണ്. ഇന്ന് എല്ലാം ഏതോ വിദൂരസ്മൃതിപോലെ അകന്നുപോ



കുന്നു. പ്രത്യാശയുടെ സൂര്യപ്രാർത്ഥനകൾ വിരിയിച്ച വസന്തത്തിന്റെ പാട്ടുകൾ മുറിഞ്ഞു പോകുന്നു.

മലയാളിക്ക് കാല്പനികതയുടെ നിലാവല കാട്ടിത്തന്ന ചങ്ങമ്പുഴ കൃഷ്ണപിള്ളയ്ക്ക് ഓണപ്പാട്ടും തുമ്പിതുള്ളലും നിറവുകളുടെ ആനന്ദലഹരിയാണ്.

തുമ്പയും മുക്കൂറ്റിയും പൂ തൂകിയാനന്ദി
ച്ചു.
തുമ്പിയും പൂമ്പാറ്റയും തുള്ളുവാനാരം
ഭിച്ചു
നവവത്സരാഗമ മംഗളരംഗം ഹാ, ഹാ
കവിയും സന്തോഷത്താൽ കണ്ണുനീർ
വരുന്നല്ലോ!
- നവ വർഷനാന്ദി (ചങ്ങമ്പുഴ)

മാവേലിയെന്നത് അതിരുകളില്ലാത്താരു മാനവിക കാലത്തിന്റെ അടയാളമാവുന്നു. കവിമനസ്സുകളിൽ സംഘബോധത്തിന്റെ പ്രകാശം ചൊരിയുന്ന നിത്യനിർമ്മല പൗർണമിയാകുന്നു. സംഘബോധവും സമത്വവും സാക്ഷാത്കരിക്കേണ്ട സ്വപ്നമായി കവിമനസ്സുകളിൽ പ്രതീക്ഷയുടെ ആകാശമായി നിലനിൽക്കുന്നു.

വിസ്ഫുരൻ പ്രജായത്ത
വൃക്ഷമീ മണ്ണിൽപ്പൊങ്ങാൻ
വിത്തിട്ട മഹാബലി-
മന്നന്റെ തിരുനാളിൽ
- കേരളം വളരുന്നു (പാലാ)

കേരള പ്രകൃതിയുടെ ഉദാത്ത ലാവണ്യം കവിതകളിൽ നിറച്ച പാലാനാരായണൻ നായർ കുടിലും കൊട്ടാരവും ഒരേപോലെ ദർശിക്കുന്ന മഹാബലിയുടെ പ്രജായത്ത ഭരണത്തെ വാഴ്ത്തുന്നു. എല്ലാ



പൗരന്മാരും തുല്യരെന്ന സങ്കൽപം ജനാധിപത്യത്തിന്റെ ലിഖിത രേഖകളിലുറങ്ങുമ്പോൾ അത്തരമൊരു നാടിന്റെ ഓർമ്മ കവിയെ പുളകം കൊള്ളിക്കുന്നു.

മലയാളിമനസ്സിൽ വിപ്ലവത്തിന്റെ വിത്തുവിതച്ച വയലാർ രാമവർമ്മയ്ക്ക് മഹാബലി തൊഴിലാളി വർഗ്ഗത്തിന്റെ ദുരിതചിഹ്നം കൂടിയാവുന്നു. അദ്ധ്വാനിക്കുന്നവന്റെ സ്വന്തമായിരുന്ന ഓണത്തെ ചൂഷകർ തട്ടിയെടുത്ത് തൊഴിലാളികളെ പട്ടിണിയുടെ പരിവെട്ടങ്ങളിലേക്ക് തള്ളിവിട്ടിട്ട് മാവേലിപ്പെരുമ പാടുവാൻ വരുന്നവരോട് തൊഴിലാളി കയർക്കുകയാണ്. അവന്റെ സ്വപ്നങ്ങൾ തട്ടിയുടച്ചതിന്, അവന് ജീവിതത്തിന്റെ തീരാദുരിതങ്ങൾ സമ്മാനിച്ചതിന്.

അറിയാമോ, മാവേലിത്തമ്പുരാനെ...
അഴലിന്റെ തീയുലയിലഭിമാനം നീറ്റുമ-
ത്തൊഴിലാളിക്കതു കേട്ടാൽ കലിയിളകും.
അരിവാളും തിരുകി കൊണ്ടാവയലിൽ പണിചെയ്യും
ചെറുമന്മാർക്കവയിലെന്താസ്വദിക്കാൻ
- അവർക്കും ഓണമുണ്ടായിരുന്നു
(വയലാർ)

നിലാവ് ഹൃദയത്തിന്റെ തണുപ്പാണ്. നിലാപ്പാട്ടിന്റെ ഈണം സ്നിഗ്ധസൗന്ദര്യത്തിന്റെ താളമാണ്. ഓണം നിറനിലാവിന്റെ ലാവണ്യവുമായാണ് കടന്നുവരുന്നത്. ഓണനിലാവ് മനസ്സിൽ പ്രതീക്ഷയുടെ പൂത്തിരിയൊരുക്കുന്നു.

അല്ലിൽ കളഭച്ചെപ്പുതുറന്നിടു-
മത്ത പൂക്കൾ ചിരിക്കുമ്പോൾ
ചേണകാറ്റിൽ തോണികളിപ്പാ
നോണ നിലാവേ വന്നാലും
- ഓണനിലാവ് (പി)

വിഷാദാത്മക കവിതകളാലും ജീവിതത്താലും മലയാളിയുടെ കണ്ണുനനയിച്ച ഇടപ്പള്ളി രാഘവൻ പിള്ളയുടെ മനസ്സിൽ ഓണനിലാവ് സന്തോഷത്തിന്റെ പൂക്കളമാകുന്നു. സസ്യലതാദികൾ സത്ഫലത്താൽ കണ്ണിനുത്സവമൊരുക്കുന്ന, കാർമുകിൽ മാല മറഞ്ഞു വാനം പ്രസന്നമാകുന്ന ഓണക്കാലത്തിനകമ്പടിയായി ഓണനിലാവുമെത്തുന്നു.

ഓരോരോ രാവും കുളിർമയേന്തും
ഓണനിലാവിനാലോളം തല്ലും
അത്തമടുത്തുപോയ് ബാലകന്മാ
രത്തലെന്നുള്ളതറിയാതെയായി
- പോവല്ലേ പോവല്ലേ പൊന്നോണമേ
(ഇടപ്പള്ളി)

**ഓർമ്മകളുടെ ഓണം കാസറ്റുകളിലും ഓണപ്പതിപ്പുകളിലും നിറയുന്നു. ഓണക്കവിതകളും ചിത്രങ്ങളും ലേഖനങ്ങളും, നിറയെ പരസ്യവുമായെത്തുന്ന ഓണപ്പതിപ്പുകളിൽ നമ്മൾ നഷ്ടസ്മൃതികളുടെ വേദന പുതുക്കുന്നു.**

നമ്മുടെ ഓണസങ്കൽപങ്ങൾ മാറുകയാണ്. അധ്വാനത്തിലൂന്നിയ കാർഷിക വ്യവസ്ഥ മാറി കർഷകരുടെ വിളവെടുപ്പുത്സവം വിപണിയുടെ വിളവെടുപ്പുത്സവമായി. ഓണമെന്നത് സ്പെഷ്യൽ മാർക്കറ്റും, ഓണം ബമ്പറും, ബോണസും, റിബേറ്റും, റിഡക്ഷനും അവധിയും ആകുന്നു. ഓർമ്മകളുടെ ഓണം കാസറ്റുകളിലും ഓണപ്പതിപ്പുകളിലും നിറയുന്നു. ഓണക്കവിതകളും ചിത്രങ്ങളും ലേഖനങ്ങളും, നിറയെ പരസ്യവുമായെത്തുന്ന ഓണപ്പതിപ്പുകളിൽ നമ്മൾ നഷ്ടസ്മൃതികളുടെ വേദന പുതുക്കുന്നു. ഇന്ന് ഓണം മറ്റെന്തൊക്കെയോ ആയി മാറിയിരിക്കുന്നു.

വൻപിച്ച ഭാഗ്യക്കുറി
വാറ്റുവിൽപനയെല്ലാം
സമ്പത്തിൻ കുമ്മിക്കൊരു
സാരമാം മരുന്നാകാം.
- ഓണക്കാഴ്ച (വൈലോപ്പിള്ളി)

മലയാള കവിതയുടെ വഴികളിൽ ഈ പ്രാക്തന ഗോത്രസ്മൃതിയുടെ മിന്നലുകൾ സ്വപ്നമായും സ്വപ്നനിരാസമായും വന്നുകൊണ്ടേയിരിക്കും. ഓണത്തിന്റെ സാംസ്കാരിക ചിഹ്നങ്ങൾ മലയാളിജീവിതചിഹ്നങ്ങളാണ്. മലയാളി ഐഡന്റിറ്റിയുടെ ഭാഗമായി ഈ അടയാളങ്ങൾ നമ്മുടെ കവിതകളിൽ ആവർത്തിച്ചുകൊണ്ടേയിരിക്കും. അത് അത്രത്തോളം നമ്മുടെ ഭാഗമായിത്തീർന്നവയാണ്. ഓർമ്മയുടെ ഒരു പിൻവിളിപോലെ ഓണചിഹ്നങ്ങൾ മലയാളകവിതയിലും മനസ്സിലും നിരന്തരസാന്നിധ്യമായി നിറയും, മലയാളമുള്ളിടത്തോളം. ●





# ഗ്രാമം... നഷ്ടവസന്തങ്ങളുടെ ഫോസിൽ

എം. ബിനു

**ആൽത്തറകൾ, കാവുകൾ, ഗ്രാമവഴികൾ, പെരുവഴിയമ്പലങ്ങൾ, ചുമടുതാങ്ങികൾ ഇവയൊക്കെ ഒരിക്കൽ ഗ്രാമസംസ്കൃതിയിൽ നിറഞ്ഞുനിന്ന ഹരിതസ്മൃതികൾ...... കാലത്തിന്റെ കാർക്കശ്യം ഗ്രാമപ്രകൃതിയിൽ പുതിയ അധിനിവേശരൂപങ്ങൾ നിറച്ചു. അവ നമ്മുടെ പ്രഭാതങ്ങളെയും പ്രദോഷങ്ങളെയും രുചിഭേദങ്ങളെയും മറച്ചു.**

മലയാളഗ്രാമങ്ങൾ ഓരോർമ്മത്തെറ്റു പോലെ നമ്മുടെ കൺമുന്നിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഗ്രാമപ്രകൃതിയിൽ പുതിയ അധിനിവേശരൂപങ്ങളുടെ അനുകരണമാതൃകകളായ ഭീമാകാരമായ സിമെന്റ് രൂപങ്ങൾ പ്രകൃതിവിരുദ്ധമായി നമ്മുടെ പ്രഭാതങ്ങളെയും പ്രദോഷങ്ങളെയും മറയ്ക്കുന്നു. പുതുമഴ പെയ്ത് കുതിർന്ന ഹരിതസ്മൃതികൾ.

കിഴക്ക് സ്വർണ്ണരശ്മികളുടെ പ്രഭാതകിരണങ്ങൾ നിറഞ്ഞ പുലരി.... മലയാളത്തിന് നഷ്ടമായിരിക്കുന്നു. പുലരിക്കാറ്റിൽ ഒഴുകിയെത്തുന്ന പറവജാതികളുടെ സ്വരവൈവിധ്യങ്ങൾ. പ്രഭാതത്തെ ഓർമ്മിപ്പിക്കുന്ന പുതിയ ദിവസത്തിന്റെ പാല്, പത്രം. ക്ഷേത്രനടയിലെ ഭൂപാളരാഗങ്ങളുടെ ഉണർത്തുപാട്ടുകൾ. പ്രഭാതഭേരിയുടെ റേഡിയോശബ്ദങ്ങൾ ഇവയെല്ലാം ചേർന്നുണർവ്വിലേക്ക് ഉണരുന്ന ഒരു ഗ്രാമമനസ്സ് ഇന്നോർമ്മയാകുന്നു.



ഇന്നിപ്പോൾ ഗ്രാമങ്ങൾ നമ്മുടെ സാഹിത്യകാരന്മാർ എഴുതിയിട്ടുള്ള കഥകളിലും കവിതകളിലും നോവലുകളിലും മാത്രമായി അവശേഷിക്കുന്നു. നാടൻപാട്ടുകളിലും നാടകഗാനങ്ങളിലും സിനിമാപ്പാട്ടുകളിലും മാത്രം ഒതുങ്ങിക്കൂടി ഒരു സ്വപ്നം പോലെ ഗ്രാമം നമ്മെ കൊതിപ്പിക്കുന്നു. ഭാഷയും വേഷങ്ങളും ആചാരാനുഷ്ഠാനങ്ങളും ഭക്ഷണവും ബന്ധങ്ങളും മൂല്യങ്ങളുമെല്ലാം തിരിച്ചറിയാനാവാത്തത്ര ആഴത്തിൽ മറ്റെന്തിന്റെയൊക്കെയാ അടിയിലായിപ്പോയിരിക്കുന്നു. ജീവിതകാലങ്ങളുടെ ഗ്രാമത്തണലുകൾ, ഗോത്രദൈവങ്ങളുടെ സത്യസന്ധമായ വിശ്വാസപ്പെരുമകൾ, കൊച്ചുകൊച്ചു കഥകളിലൂടെ അത്ഭുതം നിറഞ്ഞ ഗ്രാമദൈവങ്ങൾ, കാർഷികവൃത്തിയുടെ ഉത്സവക്കൂട്ടങ്ങൾ, മതേതര മൂല്യങ്ങളുടെ സഹജബോധത്തിന്റെ കൂട്ടായ്മകൾ ഇവയെല്ലാം ഗ്രാമത്തിന്റെ ആത്മാവിലെവിടെയോ അലിഞ്ഞില്ലാതായി.

ഗ്രാമത്തിന്റെ ആത്മാവ് പാടശേഖരങ്ങളിലായിരുന്നു. അന്നം, സംസ്കാ

രം, വിനോദം, ആഡംബരം ഇവയെല്ലാം വയലേലകളിൽ നിന്നുമുയർന്ന് വന്നിട്ടുള്ളതാണ്. പുതിയ നൂറ്റാണ്ടിൽ കേരളം പൗരാണിക കാർഷിക കേരളത്തിന്റെ തനതു ജീവിതചര്യകൾ അനുവർത്തിക്കുവാൻ എന്തിനാണ് ഭയക്കുന്നത്. നമ്മുടെ ഭക്ഷണത്തിന്റെ, ആഘോഷത്തിന്റെ, ആത്മാംശത്തിന്റെ ജീവിത ചിഹ്നങ്ങൾ കൃഷിയിടങ്ങളിൽ നിന്നായിരുന്നുവെന്ന് ഇനിയും മനസിലാകാത്ത ഒരു തലമുറയെ നാം കൺമുന്നിൽ തന്നെ കാണേണ്ടിവരുന്നു.

ഋതുഭേദങ്ങളെ ഉത്സവമാക്കി, കാർഷിക ബിംബങ്ങളെ മഹത്വവത്കരിച്ചും വാഴ്ത്തിയും നമ്മുടെ കാരണവന്മാർ രക്തം കൊണ്ടും വിയർപ്പുകൊണ്ടും ബന്ധിപ്പിച്ചു. ഇന്ന് കൃഷി ഉപജീവനോപാധിയല്ലാതായപ്പോൾ ഗ്രാമങ്ങൾക്ക് ഈ സംസ്കൃതിയുടെ ആത്മാവ് നഷ്ടപ്പെട്ടു.

കാവുകൾ കേരളീയ ഗ്രാമീണതയുടെ ആദ്ധ്യാത്മിക കേന്ദ്രങ്ങളായിരുന്നു. വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും നിലനിർത്തിപ്പോന്നിരുന്നത് പ്രകൃതിയുടെ സന്തുലിതാവസ്ഥയെ മാനിച്ചുള്ള ഗോത്രമഹിമകളായിരുന്നു. നാഗത്താന്മാർ കാവൽ നിന്നിരുന്ന സർപ്പക്കാവുകൾ. അമ്മദൈവങ്ങൾ അനുഗ്രഹത്തണലേകിയ ചൂരൽക്കാവുകൾ, ഇലഞ്ഞിപ്പൂമണങ്ങൾ, വീടിന്റെ കന്നേക്കോണിൽ വളർത്തിയിരുന്ന പാൽവൃക്ഷങ്ങൾ, ഗന്ധർവ്വന്റെയും യക്ഷിയുടെയും സംഗമസ്ഥലങ്ങളായിരുന്ന പാലച്ചുവടുകൾ, തണുത്ത തണൽ മുറ്റങ്ങൾ, കറുത്ത പ്രാകൃതമായ കൽദൈവങ്ങൾ, എണ്ണവിളക്കുകൾ മുനിഞ്ഞു കത്തിയ നാഗദേവതകൾ, അമ്മദൈവങ്ങൾ. പാമ്പിനേപ്പോലെ പൂഴിമണൽ നിറഞ്ഞ് വളഞ്ഞും പുളഞ്ഞും വീടുകളെ ലക്ഷ്യം വെച്ചുകിടക്കുന്ന ഗ്രാമവഴികൾ, കാലപ്പഴക്കത്തിന്റെ ആൽത്തണലുകൾ, മഹാബോധത്തിന്റെ നിർവ്വാണഗന്ധം നിറഞ്ഞ ചെറുകാറ്റിൽ കർഷകരും ചെറുകിട കച്ചവടക്കാരും കാളവണ്ടിയും കാളയും വിശ്രവേളകൾ പങ്കിടുന്ന കാഴ്ചകൾ, അതിനടുത്തെവിടെയെങ്കിലും പ്രകൃതിയോട് ചേർന്നുള്ള ചായപ്പീടികകൾ, മലയാളിയുടെ നാവിൻ തുമ്പിൽ നിന്നെന്നോ നഷ്ടപ്പെട്ടുപോയ രുചികൾ, രുചിഭേദങ്ങൾ എല്ലാമിന്ന് മലയാളിക്ക്, മലയാളത്തിന് അന്യമാവുന്നു. വിശ്രമവും ചായയും രാഷ്ട്രീയം പറച്ചിലും സ്വാദൂറുന്ന ഭക്ഷണരുചികളുമെല്ലാം ചേർന്ന ഗ്രാമനന്മ ഓർമ്മയിലെങ്കിലും വല്ലപ്പോഴും കടന്നുവന്നിരുന്നെങ്കിൽ എന്ന് ആശിക്കുന്ന കാലം വിദൂരമല്ല. കുന്നുകളും താഴ്വാരങ്ങളും ഗ്രാമങ്ങളുടെ ഐശ്വര്യമായിരുന്നു. കുന്നും കൊന്നയും കണിയും വിഷുവും വിളവെടുപ്പുകളും പുഷ്കലമായ ഉത്സവസ്മൃതികളാണ്. വള്ളംകളിയും വായ്ത്താരിയും നിറഞ്ഞ കുട്ടനാടൻ നെല്ലറകൾ, പാലക്കാടൻ വയലേലകൾ എല്ലാമിന്ന് ദുരന്തഭീതിയിലാണ്. പോക്കുവെയിലിന്റെ ചുവപ്പിൽ പ്രദോഷമേൽക്കാനിരിക്കുന്ന ഗ്രാമദൃശ്യങ്ങൾ ഇല്ലാതായിരിക്കുന്നു. പ്രദോഷരശ്മികളെ സിമെന്റ് കമാനങ്ങളോ സൗധങ്ങളോ വന്ന് മറച്ചുകളയുന്നു.


ക്രമേണ ഗ്രാമജീവിതത്തിന്റെ നട്ടെല്ലൊടിഞ്ഞ് ആധുനികതയുടേയോ ഉത്തരാധുനികതയുടേയോ പുതിയ എഴുത്തുകൾ വന്ന് നമ്മുടെ സംസ്കാരചരിത്രത്തെയാകെ പൊളിച്ചെഴുതുന്നു.

ഗ്രാമത്തിന്റെ ഞരമ്പുകളാണ് നദികൾ. ഒരർത്ഥത്തിൽ, എല്ലാനദികളും പുണ്യനദികളാണ്. അവ ജനതയുടെ സംസ്കാരങ്ങൾ തീർക്കുന്നു. അവ ജനതയുടെ ജീവിത ശകലങ്ങളിലേക്ക് ഒഴുകിയെത്തുകയും അവരുടെ കർമ്മപഥങ്ങളെ പ്രോജ്ജ്വലിപ്പിക്കുകയും അവരുടെ വേദനകൾക്ക് സാന്ത്വനമേകുകയും അവരുടെ സന്തോഷങ്ങൾക്ക് അതിരില്ലാതാക്കുകയും അവർക്ക് ഉപജീവനത്തിനുള്ള മാർഗ്ഗങ്ങൾ കാട്ടിക്കൊടുക്കുകയും അവരുടെ ജൈവസന്ധാരണത്തിന് മൂകസാക്ഷിയാവുകയും ചെയ്യുന്നു. നദീതട സംസ്കാരങ്ങൾ മനുഷ്യകുലങ്ങളെ തീറ്റിപ്പോറ്റി മന്വന്തരങ്ങളുടെ അമൃതപ്രവാഹിനിയായി ഗ്രാമസിരകളെ ഉദ്ദീപിപ്പിക്കുന്നു. അയൽസംസ്ഥാനങ്ങളുടെ ചൂഷണത്തിനും മലിനപ്പെടുത്തലിന്റെ അസഹ്യതയിലും എല്ലാ നദികളും മീനിനെപ്പോലെ മരണം മുന്നിൽ കണ്ടുപിടയുന്നു. അങ്ങനെ മലയാള ഗ്രാമധമനികളെ കരുണയറ്റ ജഡത്വം ഗ്രസിച്ചിരിക്കുന്നു. നിലച്ചുപോയ കാലത്തിന്റെ മഹാമൗനങ്ങളിൽ ആധുനികമനുഷ്യൻ നിസ്സംഗനായിപ്പോകുന്നു.

**ഋതുഭേദങ്ങളെ ഉത്സവമാക്കി, കാർഷിക ബിംബങ്ങളെ മഹത്വവത്കരിച്ചും വാഴ്ത്തിയും നമ്മുടെ കാരണവന്മാർ രക്തം കൊണ്ടും വിയർപ്പുകൊണ്ടും ബന്ധിപ്പിച്ചു. ഇന്ന് കൃഷി ഉപജീവനോപാധിയല്ലാതായപ്പോൾ ഗ്രാമങ്ങൾക്ക് ഈ സംസ്കൃതിയുടെ ആത്മാവ് നഷ്ടപ്പെട്ടു.**

സത്രങ്ങൾ, അത്താണികൾ, തണ്ണീർപന്തൽ തുടങ്ങിയവയും ഗ്രാമയാത്രകളിൽ വഴിയോരക്കാഴ്ചകളായിരുന്നു. ദീർഘയാത്രയ്ക്കിടയ്ക്ക് വിശ്രമിക്കുന്ന പെരുവഴിയമ്പലത്തിന്റെ അവശിഷ്ടങ്ങൾപോലും ഇന്ന് കാണാനില്ല. അവ മഴയും മഞ്ഞും വെയിലും കാറ്റുമേറ്റ് കാലത്തിന്റെ കാർക്കശ്യങ്ങളിൽ കുടുങ്ങി അപ്രത്യക്ഷമായിരിക്കുന്നു. ആധുനികമനുഷ്യന്റെ ദുരന്തപൂർണ്ണമായ പ്രയാണങ്ങളിൽ, ആർത്തിരൂപങ്ങളായി മലയാള മനുഷ്യൻ ഈ ലോകഗോളത്തിലെവിടെയും പ്രത്യക്ഷപ്പെടുന്നു.

ഉപജീവനത്തിനും അതിജീവനത്തിനും ഇടയ്ക്ക് അപ്പോഴും അവന്റെ സിരകളിൽ അവന്റെ ഗ്രാമങ്ങളും ബാല്യകാലവും കഥകളുടെ സ്വപ്നലോകം തുറന്നുകൊടുത്ത മുത്തശ്ശിയും, വീരനായ മുത്തച്ഛനും, അച്ഛനും, അമ്മയും, സൗഹൃദങ്ങളും പച്ചപടർന്ന കൊച്ചുവീടും അവിടുത്തെ ഉത്സവക്കൂട്ടങ്ങളും വിശ്വാസങ്ങളും ഒരു കാലത്തിനും മായ്ച്ചുകളയാനാവാത്ത ആഴത്തിൽ അവന്റെ ഗ്രാമം ഗൃഹാതുരമായ ഓർമ്മപ്പെടുത്തലിലേക്ക് അവനെ വേദനിപ്പിച്ചുകൊണ്ടേയിരിക്കും.



# ആഹ്ലാദാരവമൊടുങ

ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ



ഇടവം മുതൽ ചിങ്ങം പാതിവരെ മലയാളത്തിൽ മഴക്കാലമാണ്. ഗ്രീഷ്മാതപമേറ്റ് നേർത്തുപോയ ജലവാഹിനികൾ പുതുമഴയേറ്റ് പുളകം കൊള്ളുന്നതോടെ ജലോത്സവങ്ങളുടെ തിരനോട്ടമാകും. ചമ്പക്കുളം മൂലംവള്ളംകളിയിൽ തുടങ്ങി ചെറുതും വലുതുമായ ജലോത്സവങ്ങളുടെ മേളം ഒഴുകിപ്പരന്ന് പമ്പയും മണിമലയും അച്ചൻകോവിലാറും ഇളകിമറിയുന്നു. ഒരു നാടിന്റെ ഹൃദയത്തുടിപ്പും ആഹ്ലാദവായ്പും ഇതുപോലെ ഏറ്റുവാങ്ങുന്ന ഒരു കളിമേളം ലോകത്തിൽ മറ്റെങ്ങുമില്ല. കുട്ടനാടൻ ജലാശയങ്ങളെ പുളകം കൊള്ളിക്കുന്ന വള്ളംകളികൾ മറ്റു ജലാശയങ്ങളിലേക്കും കടന്നുചെന്നുകൊണ്ടിരിക്കുന്ന വസ്തുത ആരിലും രോമാഞ്ചമുണർത്തും.

പമ്പയാറ്റിലും അതിന്റെ പോഷകനദികളിലുമാണ് കേരളത്തിലെ പ്രധാനപ്പെട്ട വള്ളംകളികൾ നടക്കുന്നത്. ചമ്പക്കുളം, ആറന്മുള, പായിപ്പാട് വള്ളംകളികളാണ് കൂട്ടത്തിൽ പ്രധാനം. തെക്ക് വെള്ളായണിക്കായൽ മുതൽ വടക്ക് വടകരവരെ വിവിധതരത്തിലുള്ള ജലോത്സവങ്ങൾ നടക്കുന്നുണ്ട്. മാന്നാർ, വാഴക്കൂട്ടം, മൂവാറ്റുപുഴ ത്രിവേണിസംഗമം, കട്ടോമ്പുറം നെട്ടായം, കന്നേറ്റിക്കായൽ, പറൂർ ചാലിയാറ്, കല്ലടയാറ്, പല്ലനയാറ്, ചമ്പക്കുളം പൂക്കൈതയാറ്, തകഴി പൂക്കൈതയാറ്, പുളിങ്കുന്ന്, കോട്ടയം താഴത്തങ്ങാടി, പിറവം മൂവാറ്റുപുഴയാറ്, കിടങ്ങറ പുത്തനാറ്, കൊച്ചിക്കായൽ എന്നിവിടങ്ങളിൽ ഓണക്കാലത്താണ് വള്ളംകളി നടക്കുന്നത്. കുട്ടനാട്ടിലെ ജലരാജാക്കന്മാരായ ചുണ്ടൻ വള്ളങ്ങൾ ഈ കളികളിലെല്ലാം പങ്കെടുക്കുന്നുവെന്ന് കരുതരുത്. ഓരോ ദേശത്തിന്റെയും പ്രകൃതിക്കും കാലാവസ്ഥക്കും അനുസരിച്ച് അതതു സ്ഥലത്ത് പരിചിതമായിട്ടുള്ള വള്ളങ്ങളിലാണ് കളി നടക്കുന്നത്. ആറന്മുള പള്ളിയോടങ്ങൾ മറ്റു ദിക്കുകളിൽ കളിക്കു പോകാറില്ല. കുട്ടനാട്ടിലെ ചുണ്ടൻ വള്ളങ്ങൾ ഒന്നിച്ചണിനിരക്കുന്നത് പുന്നമടക്കായലിലെ നെഹ്രുട്രോഫി മത്സരവള്ളംകളിയിൽ മാത്രമാണ്.

ഭൂമുഖത്ത് മനുഷ്യൻ കൃഷിചെയ്ത് ഉപജീവനം തുടങ്ങിയ കാലം മുതൽക്കേ ജലകേളികളുടെ ചരിത്രവും തുടങ്ങിയെന്നു പറയാം. ലോകത്തിലെവിടെയും ജലകേളികൾക്കു പ്രിയമുണ്ട്. മലനാട്ടിൽ അത് വള്ളംകളിയുടെയും നീന്തലിന്റെയും രൂപത്തിൽ പ്രകടമാകുമ്പോൾ വാട്ടർപ്ലേ, വാട്ടർസ്കൈയിങ്ങ്, റോവിങ്ങ്, യാച്ചിങ്ങ്, കാനോയിങ്ങ് എന്നിങ്ങനെ മറുനാടുകളിൽ ജലകേളിയുടെ രൂപഭാവങ്ങൾ മാറുന്നു. എങ്കിലും ഇത്രയേറെ ആളുകൾ പങ്കെടുക്കുന്ന, ഒരു ദേശത്തിന്റെ മുഴുവൻ ഉത്സാഹത്തിമർപ്പും പങ്കാളിത്തവും ഏറ്റുവാങ്ങുന്ന മലനാട്ടിലെ വള്ളംകളിയുടെ നിറപ്പകിട്ട് മറ്റൊരു ജലകേളിക്കും ഇല്ല. കുട്ടനാട്ടിലെ ഓരോ ദേശക്കാരന്റെയും ആവേശവും ആവശ്യവുമാണ് സ്വന്തം ദേശത്തിനൊരു വള്ളം; പ്രാണന്റെ ഭാഗമായി അതിനെ കാണുക; അതിന്റെ ജയാപജയങ്ങൾക്കൊത്ത് ആഹ്ലാദിക്കുക; നൊമ്പരപ്പെടുക; അത്തരത്തിലുള്ള കൂട്ടായ്മയിലാണ് കുട്ടനാട്ടിലെ വള്ളംകളിയുടെ ആന്തരചൈതന്യം കുടികൊള്ളുന്നത്. ഒരു വിനോദപ്രകടനത്തിനുപരി വള്ളംകളി സമൂഹചേതനയുടെ ഉപോത്പന്നമാണ്. അതിൽ ജാതിഭേദങ്ങളില്ല. അടിയാനും മേലാനും വള്ളത്തിൽ ഏകസ്ഥാനീയരാണ്. കൈമെയ് മറന്ന് ഒരൊറ്റ മനസ്സായി ദേശം മാറുമ്പോഴാണ് ഒരു ദേശത്തിന്റെ കളിവള്ളം വെള്ളപ്പരപ്പുകളിൽ ആവേശത്തിന്റെ വർണ്ണമരീചികൾ സൃഷ്ടിക്കുന്നത്. അകലങ്ങളിൽ നിന്ന് നാഗങ്ങൾ ചീറിവരുന്നതുപോലെ വെള്ളപ്പരപ്പിലൂടെ തെന്നിത്തെന്നി കുതിച്ചുപായുന്ന ചുണ്ടൻവള്ളങ്ങൾ കർഷകരുടെ അഭിമാനവും കായികശക്തിയും കൂട്ടായ്മയും ആത്മവിശുദ്ധിയും വിളിച്ചോതുന്നു.

### വള്ളപ്പടയും ചുണ്ടൻവള്ളങ്ങളും

എന്നു തുടങ്ങിയെന്നോ എവിടെത്തുടങ്ങിയെന്നോ പറയാൻ വ്യക്തമായ തെളിവുകളില്ലെങ്കിലും കുട്ടനാട്ടിലെ ജലപ്പരപ്പുകളിൽ ചുണ്ടൻവള്ളങ്ങൾ പ്രത്യക്ഷപ്പെട്ടതിനെച്ചൊല്ലി ഒരു ഐതിഹ്യമുണ്ട്. കൊടുപ്പുന്ന ദേശക്കാരനായ വെങ്കിടിയിൽ നാരായണനാചാരി പൂരാടം തിരുനാൾ ദേവനാ



**നാടിന്റെ ഹൃദയത്തുടിപ്പും ആഹ്ലാദാരവവും ഏറ്റു വാങ്ങുന്ന വള്ളംകളികൾ കേരളസംസ്കൃതിയുടെ ഭാഗമാണ്. കൈമെയ് മറന്ന് ഒരൊറ്റ മനസ്സായി ദേശം മാറുന്ന ജലോത്സവങ്ങളുടെ കാലം കൂടിയാണ് ഓണക്കാലം.**

# ...ാത്ത കുട്ടനാട്

രായണൻ സമർപ്പിച്ച മാതൃകയാണ് ഇന്നത്തെ ചുണ്ടൻ വള്ളങ്ങളുടെ പൂർവ്വമാതൃകയെന്ന് വിശ്വസിച്ചുപോരുന്നു. ചെമ്പകശ്ശേരി, കരപ്പുറം, കായംകുളം, മാടത്തിൻകൂർ, പന്തളം, ചെങ്ങന്നൂർ, തെക്കുംകൂർ, വടക്കുംകൂർ നാട്ടുരാജ്യങ്ങളാണ് ഡച്ച് അധിനിവേശകാലത്ത് വിശാല കുട്ടനാടിന്റെ പരിധിയിൽ പെട്ടിരുന്നത്. ഈ നാടുകൾക്കെല്ലാം വള്ളപ്പടകളും കാലാൾപടകളും ഉണ്ടായിരുന്നു. വെള്ളക്കെട്ടുള്ള സ്ഥലങ്ങളായതിനാൽ പടകളിൽ വള്ളപ്പടയ്ക്കായിരുന്നു മുഖ്യത്വം. അധികാരാവകാശങ്ങളെച്ചൊല്ലി ഈ നാട്ടുരാജ്യങ്ങൾക്കിടയിൽ കലഹങ്ങൾ പതിവായിരുന്നു. കിടമത്സരങ്ങളെ മുതലെടുത്താണ് കൊളോണിയൽ ശക്തികൾ കേരളത്തിൽ അവരുടെ താത്പര്യങ്ങൾ സംരക്ഷിച്ചിരുന്നത്. ഇത്തരത്തിൽ ചെമ്പകശ്ശേരിയും കായംകുളവുമായുണ്ടായ യുദ്ധങ്ങളാണ് ചുണ്ടൻവള്ളങ്ങളുടെ ആവിർഭാവത്തിനു വഴിതെളിച്ചത്. ആറും തോടും കായലും നിറഞ്ഞ പ്രദേശങ്ങളിൽ കരയിലൂടെയുള്ള പടനീക്കത്തേക്കാൾ കാര്യക്ഷമം നാവികയുദ്ധങ്ങളാണ്. പാരമ്പര്യരീതിയിലുള്ള ജലവാഹനങ്ങളാണ് പടനീക്കങ്ങൾക്ക് ഉപയോഗിച്ചിരുന്നത്. നാവികയുദ്ധങ്ങളിൽ ഉപയോഗിക്കുന്ന യാനപാത്രങ്ങളിൽ കാലികമായ പരിഷ്കാരവും മാറ്റവും വരുത്തിയാലേ യുദ്ധം വിജയിക്കൂ എന്നു കണ്ട അമ്പലപ്പുഴ രാജാവ്, പടവള്ളങ്ങൾ പരിഷ്കരിക്കാൻ പദ്ധതിയിട്ടു. നാട്ടുകാരിൽ നിന്നും ഇതിലേക്ക് മാതൃകകൾ ക്ഷണിച്ചു. അങ്ങനെ വന്ന മതൃകകളിൽ രാജാവിന് സ്വീകാര്യമായത് വെങ്കിടിയിൽ നാരായണനാചാരി സമർപ്പിച്ച ചുണ്ടൻവള്ളത്തിന്റെ മാതൃകയാണ്. ഇന്നു കാണുന്ന ചുണ്ടൻ വള്ളങ്ങളുടെ പൂർവ്വരൂപം നാരായണനാചാരിയുടെ ശിൽപമാണ്. അങ്ങനെ വള്ളപ്പടകളിൽ ഉപയോഗിച്ച വള്ളങ്ങളാണ് ഇന്നത്തെ ചുണ്ടൻവള്ളങ്ങളായി പരിണമിച്ചത്. കൂടുതൽ ആളുകൾ കയറുന്നതും, വേഗതയിൽ മികച്ചതുമാണ് ചുണ്ടൻവള്ളങ്ങൾ. ഇരുട്ടുകുത്തി, ചുരുളൻ, വെപ്പ് എന്നീ വള്ളങ്ങളും ആദ്യകാലത്ത് വള്ളപ്പടയിലെ അംഗങ്ങളായിരുന്നു. വെപ്പ് വള്ളങ്ങൾ സംവിധാനം ചെയ്തിരിക്കുന്നത് പടയാളികൾക്ക് ഭക്ഷണം എത്തിക്കുന്നതിനും ഭക്ഷണം പാകംചെയ്യുന്നതിനും ഉതകുന്ന വിധത്തിലാണ്. രാത്രികാല സഞ്ചാരത്തിനും ചാരപ്പണിക്കുമാണ് ഇരുട്ടുകുത്തി വള്ളങ്ങൾ ഉപയോഗിച്ചിരുന്നത്. അകമ്പടിസേവയ്ക്ക് ഉണ്ടാക്കിയവയാണ് ചുരുളൻ വള്ളങ്ങൾ. നാട്ടുരാജ്യങ്ങൾ മാർത്താണ്ഡവർമ്മയുടെ ഉരുക്കുമുഷ്ടിയിൽ അമർന്നതോടെ വള്ളപ്പടയുടെ പ്രസക്തി കുട്ടനാട്ടിൽ നഷ്ടപ്പെട്ടു.

**അനുഷ്ഠാനകല**

വള്ളംകളി ഒരനുഷ്ഠാനകലയെന്ന നിലയ്ക്കാണ് വളർന്നത്. ഇടവപ്പാതി കഴിഞ്ഞ് ആറുകളും തോടുകളും കരകവിഞ്ഞ് കിടക്കുമ്പോഴാണ് വള്ളംകളികൾ ആരംഭിക്കുന്നത്. ചമ്പക്കുളം മൂലം വള്ളംകളിയാണ് കേരളത്തിലെ ജലാശയങ്ങളിൽ ആദ്യം നടക്കുന്ന വള്ളംകളി. കുറിച്ചി കരികുളം ക്ഷേത്രത്തിലെ പാർത്ഥസാരഥിവിഗ്രഹം അമ്പലപ്പുഴയിലേക്ക് കടത്തിക്കൊണ്ടു പോരവേ വള്ളക്കാർ ചമ്പക്കുളത്ത് ഇറങ്ങി വിശ്രമിച്ചു. അമ്പലപ്പുഴ രാജാവും പരിവാരങ്ങളും കളിയോടങ്ങളിലേറി ചമ്പക്കുളത്തുവന്ന് ആഘോഷപൂർവ്വം വിഗ്രഹം എതിരേറ്റ് അമ്പലപ്പുഴയ്ക്ക് കൊണ്ടുപോയി. മിഥുനമാസത്തിലെ മൂലം നാളിലാണ് ഇതു നടന്നത്. ആ എതിരേൽപിന്റെ ഓർമ്മ പുതുക്കലായിട്ട് വർഷംതോറും ചമ്പക്കുളത്താറ്റിൽ നടക്കുന്ന വള്ളംകളിയാണ് മൂലംവള്ളംകളി. ആദ്യകാലങ്ങളിൽ ഇത് ഒരു മത്സര വള്ളംകളിയേ ആയിരുന്നില്ല. നാനാജാതി മതസ്ഥർ ഒത്തുകൂടി നടത്തിയിരുന്ന ജലഘോഷയാത്രയായിരുന്നു അത്. മാപ്പിളശ്ശേരി കടവു മുതൽ മാളിയേയ്ക്കൽ കടവുവരെയാണ് വള്ളംകളിയുടെ വേദി. ചമ്പക്കുളം കല്ലൂർക്കാട് പള്ളിയിൽ നിന്നും നൽകുന്ന കൊടിക്കൂറ കെട്ടിയാണ് വള്ളംകളി. അനുഷ്ഠാനാംശത്തിനു കുറവു വന്നിട്ടുണ്ടെങ്കിലും ചമ്പക്കുളം മൂലംവള്ളംകളിയുടെ നിറപ്പകിട്ടിന് കുറവേതും വന്നിട്ടില്ല.

അനുഷ്ഠാന പ്രധാനമായ മറ്റൊരു ജലമേളയാണ് ആറന്മുള ഉതൃട്ടാതി വള്ളംകളി. കാട്ടൂർ ഗ്രാമത്തിലെ മങ്ങാട്ട് ഇല്ലവുമായി ബന്ധപ്പെട്ടാണ് ഉതൃട്ടാതി വള്ളംകളിയുടെ ചരിത്രം ഉരുത്തിരിയുന്നത്. ഒരോണക്കാലത്ത് കാട്ടൂർ ഭട്ടതിരിയുടെ ഇല്ലത്ത് കാൽകഴുകിച്ച് ഊട്ടിന് എത്തിയത് ആറന്മുള ദേവനായിരുന്നത്രെ. ആറന്മുള പാർത്ഥസാരഥിയാണ് തന്റെ അതിഥിയായി എത്തിയതെന്ന് മനസ്സിലാക്കിയ ഭട്ടതിരി ആറന്മുള ക്ഷേത്രത്തിലേക്ക് എല്ലാ ഓണക്കാലത്തും തിരുവോണച്ചെലവുതോണി അയയ്ക്കുമാ

യിരുന്നു. ഓണസദ്യയ്ക്കുള്ള വിഭവങ്ങളാണ് വള്ളത്തിൽ കൊടുത്തയയ്ക്കുന്നത്. ഒരു പ്രാവശ്യം തിരുവോണച്ചെലവുതോണി അയിരൂർ കടവിൽവെച്ച് കൊള്ളക്കാർ തടഞ്ഞു. വിവരമറിഞ്ഞ് തോട്ടാവള്ളിലാശാന്മാരും സംഘവുമെത്തി കൊള്ളക്കാരെ തുരത്തുകയും തിരുവോണച്ചെലവുതോണിക്ക് അകമ്പടി സേവിക്കുകയും ചെയ്തു. ഈ സംഭവമാണ് ആറന്മുളവള്ളംകളിയ്ക്ക് പശ്ചാത്തലമൊരുക്കിയത്. കാട്ടൂർ മുതൽ കടപ്രവരെയുള്ള ദേശക്കാർ ചുണ്ടൻവള്ളങ്ങളുമായെത്തി അനുഷ്ഠാനപൂർവ്വം നടത്തുന്ന വള്ളംകളിയാണ് ഉതൃട്ടാതി വള്ളംകളി. ചിങ്ങത്തിലെ ഉതൃട്ടാതിയാണ് ആറന്മുളയിലെ പ്രതിഷ്ഠാദിനം. ഒരു കാലത്ത് വടശ്ശേരിക്കര മുതൽ പടിഞ്ഞാറ് പള്ളിപ്പാടു വരെയുള്ള 48 സ്ഥലങ്ങളിലെ കളിവള്ളങ്ങൾ ഉതൃട്ടാതി ദിവസം ആറന്മുളയിലെത്തി ദേവനെ ഉപാസിക്കുമായിരുന്നു. ഉതൃട്ടാതി വള്ളംകളിയിൽ പങ്കെടുക്കുന്ന വള്ളങ്ങളെ പള്ളിയോടങ്ങൾ എന്നാണ് വിളിക്കാറ്. മത്സാരാടിസ്ഥാനത്തിൽ ഇവിടെ വള്ളംകളി നടത്താറുണ്ടെങ്കിലും അനുഷ്ഠാനാംശം നഷ്ടപ്പെട്ടുപോയിട്ടില്ല. ആറന്മുള പള്ളിയോടങ്ങൾക്ക് കുട്ടനാടൻ ചുണ്ടൻ വള്ളങ്ങളിൽ നിന്ന് അണിയം, അമരം ഭാഗങ്ങളിൽ വ്യത്യാസമുണ്ട്. ജലനിരപ്പിൽ നിന്ന് പത്തു പതിനഞ്ചടി ഉയർന്നുനിൽക്കുംവിധമാണ് പള്ളിയോടത്തിന്റെ അമരം പണിതുറപ്പിച്ചിട്ടുള്ളത്. ചുണ്ടന്റെ കൂമ്പും വെള്ളത്തിൽ നിന്ന് അൽപം ഉയർന്നുനിൽക്കും. റാന്നിയിലെ മുണ്ടപ്പുഴ തച്ചനാണ് പള്ളിയോടത്തിന്റെ ആദ്യശിൽപി.

ഹരിപ്പാട് സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിലെ വിഗ്രഹലബ്ധിയുമായി ബന്ധപ്പെട്ട് ഉണ്ടായതാണ് പായിപ്പാട്ടു വള്ളംകളി. പമ്പയാറിന്റെ വിരിമാറിൽ ചിങ്ങമാസത്തിലെ തിരുവോണം, അവിട്ടം, ചതയം നാളുകളിൽ നടത്തുന്ന ജലോത്സവമാണ് ഇത്. കായംകുളത്തിനടുത്തുള്ള ഗോവിന്ദമുട്ടം കായലിൽ കണ്ടല്ലൂർ ഭാഗത്തുനിന്നും കിട്ടിയതാണ് ഹരിപ്പാട്ട് പെരും തൃക്കോവിലിൽ പ്രതിഷ്ഠിച്ചിട്ടുള്ള വേലായുധവിഗ്രഹം. ഈ വിഗ്രഹം വഞ്ചിമാർഗ്ഗം തൃക്കുന്നപ്പുഴ തോട്ടപ്പള്ളി തോടുകളിലൂടെ പായിപ്പാട്ട് ആറ്റിലെത്തിച്ച് അവിടെ നിന്നും നെല്പുരക്കടവിലേക്ക് കൊണ്ടുവന്ന് ക്ഷേത്രത്തിലേക്ക് ആനയിച്ചതിന്റെ സ്മാരകമായിട്ടു നടത്തുന്നതാണ് പായിപ്പാട്ട് വള്ളംകളി.

അനുഷ്ഠാനത്തിന്റെ ഭാഗമായി നടക്കുന്ന മറ്റൊരു വള്ളംകളിയാണ് കുമാരനല്ലൂർ ഊരുചുറ്റുവള്ളംകളി. മീനച്ചലാറ്റിലാണ് ഇത് നടക്കുന്നത്.

**കുട്ടനാടൻ തനിമ**

പമ്പയാറ്റിലും പോഷകനദികളിലും ഒതുങ്ങിനിന്ന വള്ളംകളി മറ്റു ജലാശയങ്ങളെയും പുളകം കൊള്ളിച്ചുകൊണ്ട് കേരളത്തിന്റെ ദേശീയോത്സവമായി വികസിക്കുന്ന ചരിത്രമാണ് ഇന്നുള്ളത്. എന്നാൽ ചുണ്ടൻ വള്ളങ്ങൾ നിർമ്മിക്കുക, സംരക്ഷിക്കുക എന്നത് ഒരു ദേശത്തിന്റെ മുഴുവൻ വികാരവും ആവേശവുമായി പരിണിക്കുന്ന അപൂർവ്വാനുഭവം കുട്ടനാട്ടിൽ മാത്രമേ കാണുന്നുള്ളു. വള്ളപ്പടയും വള്ളപ്പാട്ടും ഉണ്ടായത് പമ്പയാറിന്റെ തീരപ്രദേശങ്ങളിലാണ്. വഞ്ചി തുഴച്ചിലിനുവേണ്ടി ഒരു ഗാനസാഹിത്യം തന്നെ ഉദയംകൊണ്ട് വികസിച്ചത് കുട്ടനാട്ടിലാണ്. ചക്രം ചവിട്ടുമ്പോഴും കേവഞ്ചിയൂന്നുമ്പോഴും ഞാറു നടുമ്പോഴും വഞ്ചിപ്പാട്ടുകൾ ഈണത്തിൽ പാടുന്നതു കേൾക്കാം. അത്യധികമായ ആഹ്ലാദവും ആവേശവും ബഹുമാനവും പ്രകടിപ്പിക്കേണ്ട ഘട്ടങ്ങളിൽ വഞ്ചിപ്പാട്ടുകൾ താളമിട്ടു പാടുന്ന സമ്പ്രദായം കുട്ടനാട്ടിലുണ്ട്. അവിടുത്തെ ചില പ്രദേശങ്ങളിൽ വരനെ വിവാഹവേദിയിലേക്ക് ആനയിക്കുന്നത് വള്ളപ്പാട്ട് പാടിയാണ്. അമ്പലങ്ങളിലെ എഴുന്നെള്ളത്തിനു മുന്നിലും വിശിഷ്ഠാതിഥികളെ എതിരേൽക്കുന്നിടത്തും വള്ളപ്പാട്ട് പാടാറുണ്ട്. വള്ളസദ്യ നടത്തുന്നതും വള്ളപ്പാട്ട് പാടുന്നതും ശുഭ

**വഞ്ചിപ്പാട്ടിന്റെ താളം ആർക്കും പെട്ടെന്നു സ്വായത്തമാക്കാവുന്ന ഒന്നാണ്. അതിനാൽ കളി നടക്കുമ്പോൾ തരംപോലെ താളത്തിനൊത്ത് കാവ്യശകലങ്ങൾ വാർന്നുവീഴും. ചിലപ്പോൾ അവ 'കുത്തുപാട്ടു'കളുടെ ഭാവത്തിലാകും പുറപ്പെടുക. വ്യക്തികളെയോ ദേശക്കാരെ തന്നെയോ കളിയാക്കിക്കൊണ്ട് ഉണ്ടാകുന്ന വായ്ത്താരികളാണ് കുത്തുപാട്ടുകൾ.**

കർമ്മങ്ങളാണ്. ഒരു ജനവിഭാഗത്തിന്റെ ഭക്തിയും വിശ്വാസവും ഈ വിധം ഉൾച്ചേർന്ന ഒരു കായികവിനോദം വള്ളംകളിയെപ്പോലെ മറ്റേതുണ്ട്?

**വഞ്ചിപ്പാട്ട്**

വഞ്ചിപ്പാട്ട്, വള്ളപ്പാട്ട്, തോണിപ്പാട്ട് എന്നു കേൾക്കുമ്പോൾ മലയാളികൾ ഓർക്കുന്ന ഒരു കൃതിയുണ്ട് - രാമപുരത്തു വാര്യരുടെ കുചേലവൃത്തം. മലയാളസാഹിത്യത്തിൽ വഞ്ചിപ്പാട്ടിന് സ്ഥിരപ്രതിഷ്ഠ നേടിക്കൊടുത്ത കാവ്യമാണത്. വൈക്കം ക്ഷേത്രദർശനത്തിനെത്തിയ മാർത്താണ്ഡവർമ്മയുടെ നിർദ്ദേശപ്രകാരമാണ് വാര്യർ ഈ കാവ്യം രചിച്ചത്. മഹാകാവ്യങ്ങളും കിളിപ്പാട്ടുകളും ആട്ടക്കഥകളും അരങ്ങുവാഴുന്ന കാലത്ത് വഞ്ചിപ്പാട്ട് തന്നെ നിർമ്മിക്കണമെന്ന് രാജാവ് ആവശ്യപ്പെട്ടത് എന്തുകൊണ്ടാകാം? തിരുവനന്തപുരത്തുനിന്ന് വൈക്കത്തേക്കുള്ള യാത്രാവേളയിൽ ചെമ്പകശ്ശേരിയിലെ പുഴകളിലൂടെയും കായലുകളിലൂടെയും സഞ്ചരിച്ച മഹാരാജാവ്, അമ്പലപ്പുഴ ശ്രീകൃഷ്ണനെയും ദേവനാരായണനെയും പ്രകീർത്തിക്കുന്ന വള്ളപ്പാട്ടുകൾ കേൾക്കാൻ ഇടയായിട്ടുണ്ടാകണം. അമ്പലപ്പുഴ രാജാവിനെ കീർത്തിക്കുന്ന ധാരാളം വള്ളപ്പാട്ടുകൾ കുട്ടനാടൻ ഗ്രാമങ്ങളിൽ ഒരു കാലത്തുണ്ടായിരുന്നു.

ദേവരാജസമനായ ദേവനാരായണ സ്വാമി
കേവലം കാത്തരുളേണം കരുണയോടെ

എന്ന വായ്ത്താരി അത്തരത്തിലൊന്നാണ്. കുട്ടനാട്ടിലെ വളവരവഞ്ചികളും കൊതുമ്പുവള്ളങ്ങളും കെട്ടുവള്ളങ്ങളും തുഴഞ്ഞിരുന്നവർ പാടിയ പാട്ടിലെല്ലാം നിറഞ്ഞുനിന്നിരുന്നത് അമ്പലപ്പുഴ ശ്രീകൃഷ്ണനും ദേവനാരായണനുമാണ്. പമ്പയുടെ തീരങ്ങളിൽ, വേമ്പനാട്ടു കായലിന്റെ തീരങ്ങളിൽ ദേവനാരായണന്റെ സ്മരണകൾ വഞ്ചിപ്പാട്ടുകളിലൂടെ ഉയിർക്കൊള്ളുന്നത് മാർത്താണ്ഡവർമ്മയെ അസ്വസ്ഥനാക്കിയിട്ടുണ്ടാകാം. ദേവനാരായണന്റെ സ്ഥാനത്ത് താനല്ലേ കീർത്തിക്കപ്പെടേണ്ടത്? വഞ്ചിപ്പാട്ടിന്റെ നാട്ടിൽ വഞ്ചിപ്പാട്ടിലൂടെതന്നെ പൊതുജനസമ്മതി ആർജ്ജിക്കുക. മഹാരാജാവിന്റെ മനസ്സിലുണ്ടായ ആശയം ഇതാക കൊണ്ടാകണം വഞ്ചിപ്പാട്ടു തന്നെ ഉണ്ടാക്കണ്ണെന്ന് കൽപിച്ചത്. അനുഗ്രഹീത വചസ്സായ രാമപുരത്തു വാര്യർക്കുണ്ടോ അതിനു ബുദ്ധിമുട്ട്? അദ്ദേഹം ആ കാവ്യത്തിലൂടെ അവതരിപ്പിച്ചതോ ദാരിദ്ര്യമൂർത്തിയായ കുചേലനേയും. ഒരു ദാരിദ്ര്യശിരോമണിയെപ്പിടിച്ച് കാവ്യത്തിലെ നായകനാക്കുക; അയാളുടെ പാദസേവ ചെയ്യുന്ന ഈശ്വരനെ പുകഴ്ത്തുക. അങ്ങനെ കുചേലവൃത്തം വഞ്ചിപ്പാട്ടിന്റെ ഇതിവൃത്തം സംവിധാനം ചെയ്ത വാര്യരല്ലേ ഒരു യഥാർത്ഥ ഉത്പതിഷ്ണ? കുചേലവൃത്തത്തിലെ ശ്രീകൃഷ്ണൻ അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി തന്നെയാകണം. അത്രത്തോളം ഖ്യാതിയും വിശ്വാസവും ആർജ്ജിച്ച മറ്റൊരു ശ്രീകൃഷ്ണൻ തിരുവിതാംകൂറിൽ അന്നുണ്ടായിരുന്നില്ല.

കുചേലവൃത്തം വഞ്ചിപ്പാട്ട് പരമ്പരാഗതരീതിയിൽ പതിഞ്ഞ താളത്തിൽ ഭക്തിപുരസ്സരം പാടി വള്ളംകളിയുടെ അദ്ധ്യാ




ത്മിക പരിവേഷം കാത്തുപോരുന്നത് ആറന്മുള പള്ളിയോടങ്ങൾ മാത്രമാണ്. കുട്ടനാട്ടിലെ വള്ളം കളികളിൽ ദ്രുതതാളത്തിനാണ് പ്രാമുഖ്യം. മത്സരാടിസ്ഥാനത്തിൽ വഞ്ചി തുഴയുമ്പോൾ താളം മുറുകും. താളം മുറുകുമ്പോൾ പാട്ടിന്റെ അക്ഷരകാലത്തിനു ഭംഗം സംഭവിക്കും. അക്ഷരങ്ങളുടെ സ്ഥാനം വെറും ശബ്ദങ്ങൾ കൈയേറും. വിസിലടിച്ചും മരപ്പട്ടയിലിടിച്ചും ഉണ്ടാക്കുന്ന ശബ്ദമാണ് തുഴച്ചിൽകാർക്ക് ഹരം പകരുന്നത്. മരനീർ ഉള്ളിലുള്ളവരെ സംബന്ധിച്ച് പ്രത്യേകിച്ച് പറയേണ്ടതില്ല.

**കളിയ്ക്കിടയിലെ കുത്തുപാട്ടുകൾ**

വഞ്ചിപ്പാട്ടുകളിൽ കെട്ടിയുണ്ടാക്കിയവയും നിമിഷകവിതയായി പിറന്നുവീണവയും പ്രഖ്യാതരായ കവികളാൽ വിരചിതമായവയുമൊക്കെയുണ്ട്. വഞ്ചിപ്പാട്ടിന്റെ താളം ആർക്കും പെട്ടെന്നു സ്വയത്തമാക്കാവുന്ന ഒന്നാണ്. അതിനാൽ കളി നടക്കുമ്പോൾ തരംപോലെ താളത്തിനൊത്ത് കാവ്യശകലങ്ങൾ വാർന്നുവീഴും. ചിലപ്പോൾ അവ 'കുത്തുപാട്ടു'കളുടെ ഭാവത്തിലാകും പുറപ്പെടുക. വ്യക്തികളെയോ ദേശക്കാരെ തന്നെയോ കളിയാക്കിക്കൊണ്ട് ഉണ്ടാകുന്ന വായ്ത്താരികളാണ് കുത്തുപാട്ടുകൾ. പ്രഖ്യാതമായ കവിതകളിൽ നിന്നുള്ള വരികളും രൂപഭേദം വരുത്തി കുത്തുപാട്ടായി ചൊല്ലാറുണ്ട്.

കണ്ടവർക്കു പിറന്നോനേ
കാട്ടുമാക്കാൻ കടിച്ചോനേ
കടവിൽ കല്യാണി
നിന്റച്ചിയല്ലിയോട,

എന്ന സംഘകളിയിലെ വരികൾ ഏതെങ്കിലും പെണ്ണിന്റെ പേര് ചേർത്ത് മാറ്റി ച്ചൊലി എതിരാളിയെ കളിയാക്കുന്ന രീതി ഒരു ഉദാഹരണം മാത്രം.

മൂലം വന്നു മൂക്കേക്കേറി
നാട്ടിലെങ്ങും കള്ളില്ലേ
............................................
കാളിയെന്നെ പറ്റിച്ചേ
കള്ളിനു വെള്ളം ചേർത്തേ
ഞാനുമൊന്നു പറ്റിച്ചേ
കള്ളപ്പണം കൊടുത്തേ

എന്നീ വരികൾ ചമ്പക്കുളം കളിക്കാർക്ക് പരിചിതമാണ്. ചില കുടുംബക്കാരെ പുകഴ്ത്താനും ഇകഴ്ത്താനും വള്ളം കളിയ്ക്കിടെ പാട്ടുകാർ ഉദ്യമിക്കാറുണ്ട്. ഒരു ഉദാഹരണമിതാ–

അന്നദാനം പെരുമ്പള്ളി
കുറകുത്തി കൊട്ടക്കാടൻ
പന്നനായ പനങ്ങാടൻ
കുന്നനായ കുരുമ്പോലി

പള്ളിപ്പാട്ട് അച്ചൻകോവിലാറ്റിൽ നടത്തിയിരുന്ന വള്ളംകളിയിൽ ചൊല്ലിക്കേട്ടിരുന്ന ഒരു കുത്തുപാട്ടാണിത്.


പഴയ വള്ളപ്പാട്ടുകളുടെ താളം അയഞ്ഞതും പതിഞ്ഞതുമായിരുന്നു. ഭക്തിനിർഭരമായിരുന്നു അവയൊക്കെയും, ഇന്നിപ്പോൾ മട്ടുകളൊക്കെ മാറിയിരിക്കുന്നു. മത്സരവള്ളംകളിക്ക് ദ്രുതതാളമേ പോരു എന്നായി.

**നെഹ്റുട്രോഫി വള്ളംകളി**

വള്ളംകളിയ്ക്കു അഖിലലോക പ്രസിദ്ധി കൈവന്നത് ആലപ്പുഴ പുന്നമട ക്കായലിൽ നടക്കാറുള്ള നെഹ്റുട്രോഫി വള്ളംകളി മത്സരത്തിലൂടെയാണ്. 1952 ഡിസംബറിലാണ് ഈ കളിയുടെ ആരംഭം. എ.ജെ. ജോൺ തിരുക്കൊച്ചി മുഖ്യമന്ത്രിയായിരിക്കുന്ന കാലം.

ഓളങ്ങൾ കീറിമുറിച്ച് നയമ്പുകളുടെ ദ്രുതചലനത്താൽ തെന്നിത്തെന്നി കരിനാഗം ചീറിവരുംപോലെ വരുന്ന ചുണ്ടന്റെ ഗതിവേഗം ആരിലും വിസ്മയം ജനിപ്പിക്കും. തുഴയുന്നവരുടേയും കാണുന്നവരുടേയും കണ്ണും കരളും ഏകീഭവിച്ചുണ്ടാകുന്ന ആഹ്ലാദാരവം കരയും കായലും തെങ്ങിൻനിരകളും ഏറ്റുപിടിക്കുന്ന അപൂർവ്വാനുഭവം! മൂടിക്കെട്ടിയ ആകാശത്തുനിന്നും മിന്നൽപിണർ പോന്നണയുന്നപോലെ എത്തുന്ന ചുണ്ടൻ വള്ളങ്ങൾ കാലവർഷത്തിന്റെ വരദാനമായ വള്ളംകളികളെ ധന്യമാക്കുന്നു. പമ്പയുടെ വിശാലതടങ്ങൾ വള്ളപ്പാട്ടുകൾ മൂളുന്നു. ഓരോ കളിവള്ളത്തിനും ഒരായിരം കഥകൾ പറയാനുണ്ടാകും. അതെല്ലാം കേരളസംസ്കൃതിയുടെ ഭാഗങ്ങളാണ്. അവയൊക്കെ രേഖപ്പെടുത്തിവെയ്ക്കാൻ എളിയ യത്നങ്ങളെ ഉണ്ടായിട്ടുള്ളു. സെബാസ്റ്റ്യൻ മാളിയേക്കലിന്റെയും, സെർജി ആന്റണിയുടെയും ശ്രമങ്ങൾക്കു നന്ദി.

ഏതു ദേശത്തു ജനിച്ചാലും ഏതു ദേശത്തു വളർന്നാലും മലയാളിയുടെ മനസ്സിൽ ആറന്മുള ഭഗവാന്റെ 'പൊന്നുകെട്ടിയ ചുണ്ടൻ വള്ളവും' അമ്പലപ്പുഴ ദേവനാരായണന്റെ 'കീർത്തിയോലുന്ന ചുണ്ടൻ വള്ളങ്ങളും' ഉണ്ടാകട്ടെ!



# ഹൃദയപത്മങ്ങളെ ഉണർ

തിരുമൂലപുരം നാരായണൻ

അദ്വൈതദർശനങ്ങളുടെ സൂര്യഗായത്രി വിരചിക്കുകയും അവ ഉരുവിട്ട് ഹൃദ്പത്മതീർത്ഥങ്ങളെ വിളിച്ചുണർത്തുകയും ചെയ്ത ശ്രീനാരായണഗുരുവിന്റെ 150-ാമതു ജന്മദിനം ഓഗസ്റ്റ് 30-ന് ലോകമെമ്പാടും ആഘോഷിക്കുകയാണ്.

ചാതുർവർണ്യത്താൽ, ജീവിതസുഖങ്ങളിൽ നിന്ന് നാടുകടത്തപ്പെട്ടവരുടെയും നിന്ദിതരും പീഡിതരുമായ അവശ ജനകോടികളുടെയും സമുദ്ധാരണത്തിനുവേണ്ടി സ്വയം സമർപ്പിക്കപ്പെട്ടതായിരുന്നു ആ ജീവിതം.

"....അന്യർക്ക് ഗുണം ചെയ്വതിനായുസ്സു വപുസ്സും
ധന്യത്വമൊടങ്ങാത്മതപസ്സും ബലിചെയ്വൂ
സന്യാസികളില്ലിങ്ങനെയില്ലില്ലമിയന്നോർ
വന്യാശ്രമമേലുന്നവരും......"

എന്നിങ്ങനെയാണ് മഹാകവി കമാരനാശാൻ, ബ്രഹ്മത്തെ സത്യമായി കരുതുന്നവനും ജഗതത്തിനെ മിഥ്യയായി കരുതാത്തവനും മതത്തിനുമേൽ മനുഷ്യനെ പ്രതിഷ്ഠിച്ചവനുമായ ശ്രീനാരായണഗുരുവിനെക്കുറിച്ച് 'ഗുരുസ്തവ'ത്തിൽ അനുസ്മരിക്കുന്നത്. മനുഷ്യസ്നേഹിയായ ആ മഹർഷിയെക്കുറിച്ച് ഗന്ധർവകവിയായ വയലാർ രാമവർമ്മ അനുസ്മരിക്കുന്നത് ഇങ്ങനെ:

".....മതങ്ങൾക്കതീതനായ്-
മനുഷ്യൻ - മറ്റാരുമീ -
മധുരാക്ഷരമന്ത്രം
ചൊല്ലിയില്ലിന്നേവരെ...."

എല്ലാ മതസ്ഥാപകരും പ്രവാചകരും ദാർശനികരും മനുഷ്യന്റെ സ്ഥാപനം നിർണ്ണയിച്ചത് മതങ്ങൾക്ക് താഴെയായിട്ടായിരുന്നു. എന്നാൽ ജഗദ്ഗുരു ശ്രീനാരായണനാകട്ടെ മതങ്ങൾക്ക് മുകളിലായി മനുഷ്യനെ പ്രതിഷ്ഠിച്ചു. എന്നിട്ട്, മതങ്ങൾക്ക് അതീതനാണ് മൗനശീലനായ മനുഷ്യൻ എന്ന് ചാതുർവർണ്യത്താൽ 'ഭ്രാന്താലയ'മായ കേരളത്തോട് - ലോകത്തോട് - ആവുന്നത്ര ഉച്ചത്തിൽ വിളിച്ചു പറഞ്ഞു.

"......മനുഷ്യാണാം മനുഷ്യത്വം
ജാതിർഗോത്വം ഗവാം യഥാ....."

ഗോവിനു ഗോത്വം എന്നതുപോലെ, ചരാചരസൃഷ്ടികളിൽ ശ്രേഷ്ഠനായ മനുഷ്യന് മനുഷ്യതയല്ലാതെ വേറെ ജാതിയില്ല.......

ആദിശങ്കരന്റെ അദ്വൈതസിദ്ധാന്തങ്ങളുടെ അകപ്പൊരുൾ സ്വാംശീകരിക്കുകയും അദ്വൈതസൂക്തങ്ങളുടെ സൂര്യഗായത്രികളാൽ ഹൃദ്പത്മതീർത്ഥങ്ങളെ വിളിച്ചുണർത്തുകയും ചെയ്ത ശ്രീനാരായണദർശനങ്ങൾക്ക് മുമ്പെന്നത്തെക്കാളും പ്രസക്തിയും അർത്ഥതലങ്ങളും കൈവന്നുകൊണ്ടിരിക്കുകയാണിപ്പോൾ.

അതുകൊണ്ടുതന്നെ, ശ്രീശങ്കരാചാര്യ സ്വാമികൾക്കുശേഷം കേരളം കണ്ടിട്ടുള്ള ആദ്ധ്യാത്മികപുരുഷന്മാരിൽ പ്രഥമഗണനീയനാണ് ശ്രീനാരായണഗുരു.

മനുഷ്യസൃഷ്ടമായ ജാതിമതങ്ങളെ നിരാകരിച്ച് അദ്വൈതത്തിന്റെ അടിസ്ഥാനത്തിൽ സമത്വത്തിലും സാഹോദര്യത്തിലും അധിഷ്ഠിതമായ ഒരു സമുദായത്തെ കെട്ടിപ്പടുക്കാൻ ശ്രമിച്ച സർവ്വാദരണീയനും സമാരാധ്യനുമായ ഒരു മഹാത്മാവായിരുന്നു ശ്രീനാരായണഗുരു. ആലങ്കാരികമായി പറഞ്ഞാൽ, സൂര്യചന്ദ്രന്മാരുടെയും നക്ഷത്രങ്ങളുടെയും നെയ്വിളക്കുകൾ കത്തിയെരിയുന്ന ഈ ലോകത്തെ മഹത്തായ ഏകത്തിന്റെ പെരുംതൃക്കോവിലാക്കി തീർക്കുകയെന്നുള്ളതായിരുന്നു ഗുരുവിന്റെ സ്വപ്നം. ആ തൃക്കോവിലിലെ പ്രതിഷ്ഠയാകട്ടെ പരംപൊരുളായ മനുഷ്യൻ! ആ മഹായോഗി പ്രതിഷ്ഠ നടത്തുകയും ചെയ്തു.

വിശ്വദാർശനികനായ ആ ലോകഗുരുവിന്റെ ജീവിതത്തെയും ദർശനങ്ങളെയും വസ്തുനിഷ്ഠമായി അപഗ്രഥിക്കാൻ തുനിയുമ്പോൾ ഒന്നരശതാബ്ദം പിന്നിലേക്ക് മനസ്സ് ഒരു മടക്കയാത്ര നടത്തുന്നു.

സവർണ-അവർണവിഭേദം കൊടികുത്തിവാണ ആ കാലഘട്ടത്തിൽ അവർണന് പൊതുനിരത്തിൽ സഞ്ചാരസ്വാതന്ത്ര്യവും ഈശ്വരാരാധനയ്ക്ക് ക്ഷേത്രപ്രവേശന സ്വാതന്ത്ര്യവും സവർണർ നിരോധിച്ചിരുന്നു. അക്ഷരപൂജയ്ക്ക് വിദ്യാലയപ്രവേശന സ്വാതന്ത്ര്യവും നിഷേധിച്ചിരുന്നു.

വേദം ചൊല്ലാനോ ചൊല്ലുന്നതു കേൾക്കാനോ അവർണർക്ക് അനുവാദമുണ്ടായിരുന്നില്ല. സവർണൻ വേദം ചൊല്ലുന്നത് അവർണൻ കേട്ടതായി അറിഞ്ഞാൽ അവർണ്ണന്റെ ചെവിയിൽ ഈയം ഉരുക്കിയൊഴിക്കാൻ നിയമമുണ്ടാക്കിയിരുന്നു. വേദം ചൊല്ലിയെന്നറിഞ്ഞാൽ നാവ് പിഴുതെറിയാനും!

അയിത്തജാതിക്കാർക്ക് മുട്ടിനുതാഴെ മുണ്ടുടുക്കാനോ സ്ത്രീകൾക്ക് മാറുമറയ്ക്കാനോ അവകാശമുണ്ടായിരുന്നില്ല. കാൽമുട്ടിനുതാഴെ മുണ്ടുടുക്കാനും മാറിടം മറയ്ക്കാനും ഇനം തിരിച്ച് കരംകെട്ടണമായിരുന്നു. കരംകെട്ടിയില്ലെങ്കിലോ, ഗ്രാമസഭകൾ ചേർന്ന് നാട്ടുപ്രമാണിയായ സവർണന്റെ സാന്നിധ്യത്തിൽ പുരുഷനെ, അവൻ തളർന്നുവീഴുംവരെ ചാട്ടവാറിന് അടിക്കുമായിരുന്നു.

മിശ്രവിവാഹവും, മിശ്രഭോജനവും അന്ന് ഏറ്റവും വലിയ കുറ്റകൃത്യങ്ങളായിരുന്നു. സവർണ്ണരുടെ കണ്ണിൽ അവർണർ, മേൽജാ

തിക്കാരെ തീറ്റിപ്പോറ്റാൻ വേണ്ടി രാപ്പകലന്യേ പാടത്തുംപറമ്പിലും പണിയെടുക്കേണ്ടവരായ വെറും അടിമപ്പുഴുക്കൾ മാത്രമായിരുന്നു; വെറും കരിമഷിക്കോലങ്ങൾ! അന്നത്തെ സാമൂഹികവ്യവസ്ഥ അതായിരുന്നു: "നരന്നു നരനൊരശുദ്ധ വസ്തു...." എന്നു മഹാകവി കുമാരനാശാൻ അന്നത്തെ സവർണരുടെ മാനവദർശനത്തെ വെളിപ്പെടുത്തിയിരിക്കുന്നു. തുടർന്ന് മഹാകവി അന്നത്തെ സാമൂഹികവ്യവസ്ഥിതിയെ ഇങ്ങനെ ആക്ഷേപിച്ചപഹസിക്കുന്നു.

"......തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ,
ദൃഷ്ടിയിൽപെട്ടാലും ദോഷമുള്ളോർ,
കെട്ടില്ലാത്തോർ, തമ്മിലുണ്ണാത്തോരിങ്ങനെ
യൊട്ടല്ലഹോ ജാതിക്കോമരങ്ങൾ....."

ചാതുർവർണ്യം കോമരം തുള്ളുന്ന അന്നത്തെ ആ കേരളം കണ്ടിട്ട് സ്വാമി വിവേകാനന്ദൻ പറഞ്ഞു: "കേരളം ഒരു ഭ്രാന്താലയമാണ്". ഈ ഭ്രാന്താലയത്തെ ഒരു മനുഷ്യാലയമാക്കാൻ ഒരു നിർദ്ദേശവും വയ്ക്കാതെ അദ്ദേഹം മടങ്ങിപ്പോവുകയാണ് ചെയ്തത്. ഈ ഭ്രാന്താലയത്തെ ഒരു മനുഷ്യാലയമാക്കാൻ നിയതമായ ഒരു നിയോഗം പോലെ ഒരു ശ്രീനാരായണഗുരുതന്നെ വേണ്ടി വന്നു.

ജാതിവ്യവസ്ഥ, അതിന്റെ എല്ലാ ഭീകരതകളോടും കൂടി ഉറഞ്ഞുതുള്ളുന്ന ഈ കാലഘട്ടത്തിലാണ് അവർണരായ നിന്ദിതർക്കും പീഡിതർക്കും അവഗണിതർക്കും നിരാശ്രയർക്കും ഒരു ആലംബമായും വിമോചകനായും പ്രവാചകനായും തിരുവനന്തപുരം ജില്ലയിലെ ചെമ്പഴന്തിയിൽ വയൽവാരത്തുവീട്ടിൽ മാടനാശാന്റെയും കുട്ടിയമ്മയുടെയും മകനായി, കൊല്ലവർഷം 1032 ചിങ്ങമാസത്തിലെ ചതയം നക്ഷത്രത്തിൽ പിൽക്കാലത്ത് ശ്രീനാരായണഗുരു എന്ന നാമധേയത്തിൽ ആഗോളപ്രശസ്തനായിത്തീർന്ന നാണു ഭൂജാതനാകുന്നത്.

നാണു വളർന്നപ്പോൾ മനുഷ്യസമുദായം അനുഭവിക്കുന്ന കഷ്ടപ്പാടുകളിലും ഏൽക്കേണ്ടിവരുന്ന അവഗണനയിലും വ്രണിതഹൃദയനായിത്തീർന്നു. ചിന്താകാന്തനും അസ്വസ്ഥഹൃദയനുമായി കാണപ്പെട്ട അദ്ദേഹം കാലാന്തരത്തിൽ വലിയൊരു ആന്തരിക പരിവർത്തനത്തിനു വിധേയനാവുകയായിരുന്നു.

# ത്തിയ വിശ്വദാർശനികൻ

മരുത്വാമലയിലെ തപസ്സ്, അരുവിപ്പുറം ഗുഹയിലെ ഏകാന്തവാസം – ഇവയൊക്കെ ഈ കാലഘട്ടത്തിലാണ്. അങ്ങനെ ആന്തരികശോധനകളുടെ വാൽമീകത്തിൽ നിന്ന് ഭ്രാന്താലയമായ കേരളത്തിൽ മനുഷ്യമഹത്വത്തിന്റെ സന്ദേശം വിളംബരം ചെയ്തുകൊണ്ട് ഒരു നാരായണഗുരു ജന്മമെടുത്തു.

സംസ്കൃതം വശമാക്കി വേദങ്ങളും വേദാംഗങ്ങളും ഉപനിഷത്തുകളും ബ്രാഹ്മണങ്ങളും പുരാണങ്ങളും ശ്രുതിസ്മൃതികളുമൊക്കെ പഠിച്ച് ധ്യാനത്തിലൂടെയും തപസ്സിലൂടെയും ആത്മജ്ഞാനത്തിലൂടെയും വളർന്ന് സമുദായാചാര്യനും യോഗിവര്യനുമായ ശ്രീനാരായണഗുരു സമൂഹത്തിലെ അധഃസ്ഥിതരുടെയും അവശജനകോടികളുടെയും ഉന്നമനത്തിനും സമുദ്ധാരണത്തിനുംവേണ്ടി സ്വന്തം ജീവിതം ഉഴിഞ്ഞുവയ്ക്കുകയായിരുന്നു.

പിന്നെ, ആ ജീവിതം വിശ്രമമെന്തെന്നറിഞ്ഞില്ല. ആ മനസ്സും വപുസ്സും അടിച്ചമർത്തപ്പെട്ട അവശലക്ഷങ്ങൾക്കായി ചലിച്ചുകൊണ്ടിരുന്നു. "സംഘടിച്ചു ശക്തരാകുവിൻ", "വിദ്യകൊണ്ട് പ്രബുദ്ധരാകുവിൻ" എന്നീ ഗീതോപദേശങ്ങളിലൂടെ അവഗണനയുടെ ചെളിക്കുണ്ടിൽ ആഴ്ന്നുകിടന്ന അവശജനവിഭാഗത്തെ സ്വാതന്ത്ര്യത്തിന്റെ കർമ്മഭൂമിയിലേക്ക് കൈപിടിച്ചുയർത്തുന്നതിനുവേണ്ടി ഗുരു അക്ഷീണം പരിശ്രമിക്കുകയായിരുന്നു.

തത്ത്വചിന്തകളും ആചാരാനുഷ്ഠാനങ്ങളും അന്യോന്യം ഏറ്റുമുട്ടി ചോരപ്പുഴയൊഴുകുന്നതുകണ്ട് ഗുരുദേവൻ വേദനിച്ചു. ഈ ഭ്രാന്താലയത്തിലെ ജാതി–മത വൈകൃതങ്ങളെ ദൂരീകരിക്കുവാൻ ഒരു പോംവഴിയും നിർദ്ദേശിക്കാൻ കഴിയാതെ വിശ്വപ്രശസ്തനായ ആ സന്യാസിശ്രേഷ്ഠൻ – സ്വാമിവിവേകാനന്ദൻ – ഭൂമിയുടെ അറ്റത്തേക്കു നടന്നു മറഞ്ഞപ്പോൾ ഈ ഭ്രാന്താലയത്തിൽ ജനിച്ച്, ഇവിടെത്തന്നെ വളർന്ന തപഃപ്രഭാവിയായ ശ്രീനാരായണഗുരുവിന് ഈ ഭ്രാന്താലയത്തെ,

".....ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സർവരും
സോദരത്വേനവാഴുന്ന
മാതൃകാസ്ഥാനമാക്കി....."
മാറ്റാമെന്ന ശുഭാപ്തിവിശ്വാസമുണ്ടായിരുന്നു.

ആ ശുഭാപ്തിവിശ്വാസത്തിന് ഉറപ്പുള്ള ഒരു ഊന്നുവടിയായി അദ്ദേഹം സ്വീകരിച്ചത് കേരളത്തിന്റെ പ്രിയപുത്രനും കാലടിയുടെ അദ്വൈതാത്മക ഖനിയും ആദ്ധ്യാത്മികാചാര്യനുമായ ശ്രീശങ്കരാചാര്യരുടെ ദർശനമായിരുന്നു.

ഈ ദർശനത്തെ ആധാരമാക്കി അവശജനകോടികളെ ബോധവത്കരിക്കാനും അവർക്ക് കീർത്തനം ചെയ്യാനുമായി ആ ഋഷികവി അഞ്ചുകൃതികൾ രചിച്ചു അദ്വൈതദീപിക, അറിവ്, ബ്രഹ്മവിദ്യാപഞ്ചകം, ദർശനമാല, ആത്മോപദേശ ശതകം. ഈ കൃതികളിലൂടെ ജനത ദാർശനികമായ അറിവ് നേടുകയും 'പലമത സാരവുമേകമെന്ന' പൊരുൾ സ്വായത്തമാക്കുകയും ചെയ്തു.

ഇത്തരുണത്തിലാണ് തൊടുത്തുവിട്ട ഉൽക്കകൾ എന്നപോലെ ദർശനങ്ങളും അദ്വൈതസൂക്തങ്ങളും ഗുരുവിന്റെ നാവിൽനിന്നും ഉതിർന്നു വീഴുന്നത്.

"ഒരു ജാതി ഒരു മതം
ഒരു ദൈവം മനുഷ്യന്..."
"ജാതി ചോദിക്കരുത് പറയരുത്
വിചാരിക്കരുത്"
"മതമേതായാലും മനുഷ്യൻ നന്നായാൽ മതി"
"നീ സത്യം ജ്ഞാനമാനന്ദം"

ചാതുർവർണ്യത്തിന്റെ അർത്ഥശൂന്യതയെ വെളിപ്പെടുത്തുന്നതിനായും തന്റെ ദർശനം ജനഹൃദയങ്ങളിൽ സംക്രമിപ്പിക്കുന്നതിനായും പാറശ്ശാല മുതൽ മംഗലാപുരം വരെ കേരളത്തിൽ പല സ്ഥലങ്ങളിലും ഗുരുദേവൻ ക്ഷേത്രങ്ങളിൽ പ്രതിഷ്ഠ നടത്തുകയുണ്ടായി. അതിൽ, അരുവിപ്പുറം ശിവലിംഗപ്രതിഷ്ഠയാകട്ടെ കേരള ചരിത്രത്തിൽ സർവ്വപ്രധാനമാണ്.

വിപ്ലവകാരി, സാമൂഹിക പരിഷ്കർത്താവ്, സനാതനധർമ്മത്തിന്റെ സമുദ്ധാരകൻ, ആദ്ധ്യാത്മികപുരുഷൻ, അനാചാരങ്ങളോടും അന്ധവിശ്വാസങ്ങളോടും സധീരം പോരാടിയ ധീരസേനാനി, ജ്ഞാനത്തിന്റെ പരമകാഷ്ഠയിലെത്തിയ സിദ്ധൻ എന്നിങ്ങനെ എല്ലാ ആംഗിളിലും ജനങ്ങൾ ശ്രീനാരായണഗുരുവിനെ നോക്കിക്കാണുന്നു.

മതവിദ്വേഷിയായ ഒരു യുക്തിവാദിയായി ചിലർ അദ്ദേഹത്തെ ചിത്രീകരിക്കുന്നു. എന്നാൽ, അദ്ദേഹത്തിന്റെ ദർശനങ്ങളെ നിഷ്കൃഷ്ടമായും സമഗ്രമായും അപഗ്രഥിച്ചാൽ നമുക്ക് മനസ്സിലാകും, സ്വയംബ്രഹ്മനിഷ്ഠനായിരുന്ന ശ്രീനാരായണഗുരു പൗരാണികഋഷിമാരുടെ പരമ്പരയിൽപെട്ട ഒരു ആദ്ധ്യാത്മിക മഹാപുരുഷനായിരുന്നുവെന്ന്.

ശ്രീനാരായണദർശനം, പ്രായോഗിക ജീവിതത്തിൽക്കൂടി ഗുരുദേവൻ വളർത്തിയെടുത്ത ഒരു തത്ത്വശാസ്ത്രമാണ്. അതുകൊണ്ടുതന്നെ ആ ജീവിതവും ദർശനവും സമന്വയിക്കുന്നു.

പ്രപഞ്ചഹൃദയവിപഞ്ചിക മീട്ടി ശിവഗിരിക്കുന്നുകൾ ആരോഹാവരോഹണ ക്രമത്തിൽ ഇപ്പോഴും ഇങ്ങനെ പാടുന്നു.

"......ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സർവ്വരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിത്...."

# വീണ്ടും ഒരു ക്വിറ്റ് ഇൻഡ്യാദിനം

സാം ചെക്കാട്

2004 ഓഗസ്റ്റ് 9 - ക്വിറ്റിൻഡ്യാ സമരത്തിന്റെ 62-ാം വാർഷികദിനമാണ്. അനേകലക്ഷം ജനങ്ങളുടെ ആത്മാർപ്പണത്തിലൂടെയും ത്യാഗത്തിലൂടെയും ഭാരതജനതയുടെ സ്വാതന്ത്ര്യതൃഷ്ണയെ അതിന്റെ അത്യുച്ചകോടിയിലെത്തിച്ച ഈ ജനകീയ മുന്നേറ്റം നമ്മുടെ സ്വാതന്ത്ര്യസമര ചരിത്രത്തിലെ അവിസ്മരണീയമായ ഒരു ഇതിഹാസമാണ്.

രണ്ടാം ലോകമഹായുദ്ധകാലത്ത് ബ്രിട്ടീഷ് ഗവൺമെന്റിനോട് സ്വീകരിക്കേണ്ട സമീപനത്തെച്ചൊല്ലി രാജ്യമൊട്ടാകെ അഭിപ്രായവ്യത്യാസങ്ങൾ ഉടലെടുത്ത കാലഘട്ടം.

ഇന്ത്യയ്ക്ക് ഉടനെ സ്വാതന്ത്ര്യം നല്കാനാവില്ലെന്ന ബ്രിട്ടീഷ് നിലപാടും ഏഷ്യൻ യുദ്ധമേഖലകളിൽ ജപ്പാൻ നേടിയെടുത്ത വൻവിജയങ്ങളും ഭാരതമാകെ ബ്രിട്ടീഷ് വിരുദ്ധവികാരങ്ങൾ ആളിക്കത്തിച്ചു. ഈ സാഹചര്യത്തിൽ ജപ്പാന്റെ അധീനതയിലേയ്ക്ക് ഇന്ത്യ വഴുതിപ്പോകുന്നത് തടയണമെങ്കിൽ ഇന്ത്യയ്ക്ക് പൂർണസ്വാതന്ത്ര്യം ആവശ്യപ്പെട്ടുകൊണ്ട് അഹിംസാത്മകമായ ഒരു ബഹുജനപ്രക്ഷോഭം അനിവാര്യമാണെന്ന് ഗാന്ധിജി വിലയിരുത്തി. ഇതെത്തുടർന്നാണ് 'ക്വിറ്റ് ഇന്ത്യ' എന്ന ആശയത്തിന് അദ്ദേഹം രൂപം നല്കുന്നത്. രാജേന്ദ്രപ്രസാദ്, വല്ലഭായ് പട്ടേൽ, ആചാര്യ കൃപലാനി എന്നിവർ ഇതിനെ അനുകൂലിച്ചപ്പോൾ നെഹ്റുവും മറ്റും ശക്തമായി എതിർക്കുകയാണ് ചെയ്തത്. രണ്ടാം ലോകമഹായുദ്ധം രൂക്ഷമായി തുടരുന്ന ഈ സാഹചര്യത്തിൽ ഒരു ജനകീയ പ്രക്ഷോഭം യുദ്ധയത്നങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നും അത് പരോക്ഷമായി ജപ്പാനും ജർമനിയും അടക്കമുള്ള ഫാസിസ്റ്റ് ശക്തികളെ സഹായിക്കുമെന്നുമായിരുന്നു അവരുടെ നിലപാട്. വിശദമായ ചർച്ചകളെത്തുടർന്ന് നെഹ്റുവും മറ്റും പിന്നീട് മഹാത്മജിയുടെ നിലപാട് അംഗീകരിക്കുകയാണുണ്ടായത്.

1942 ഓഗസ്റ്റ് 8-ാം തീയതി ബോംബെയിൽ നടന്ന എ.ഐ.സി.സി. സമ്മേളനമാണ് ക്വിറ്റ് ഇന്ത്യാ പ്രമേയം അംഗീകരിക്കുന്നത്. ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണം ഉടനടി അവസാനിപ്പിക്കണമെന്നായിരുന്നു ജവഹർലാൽ നെഹ്റു അവതരിപ്പിച്ച പ്രമേയത്തിലെ മുഖ്യ ആവശ്യം. പിറ്റേന്ന് മുതൽ രാജ്യമൊട്ടാകെ സമരവും പ്രഖ്യാപിച്ചു. 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക', 'ബ്രിട്ടീഷുകാർ ഇന്ത്യ വിടുക' എന്നീ മുദ്രാവാക്യങ്ങളും സമ്മേളനത്തിൽ പ്രസംഗിച്ചുകൊണ്ട് ഗാന്ധിജി ജനങ്ങൾക്കു നൽകി.

ആഗസ്റ്റ് ഒൻപതാം തീയതി പുലരുന്നതിന് മുമ്പായി രാജ്യമൊട്ടാകെ പതിനായിരക്കണക്കിന് സ്വാതന്ത്ര്യസമര ഭടന്മാരാണ് അറസ്റ്റ് ചെയ്യപ്പെട്ടത്. അന്നേ ദിവസം തന്നെ പത്രങ്ങളുടെ മേൽ സെൻസറിംഗും ഏർപ്പെടുത്തി. ഗാന്ധിജിയെയും മറ്റും പൂനയിലെ ആഗാഖാൻ കൊട്ടാരത്തിലും നെഹ്റു ഉൾപ്പെടെയുള്ള നേതാക്കളെ അഹമ്മദ് നഗർ കോട്ടയിലുമാണ് തടങ്കലിൽ പാർപ്പിച്ചത്.



ഗാന്ധിജിയുടെയും മറ്റും അറസ്റ്റ് അറിഞ്ഞതോടെ ജനങ്ങൾ രാജ്യമൊട്ടാകെ തെരുവിലിറങ്ങി. എല്ലാ സ്ഥലങ്ങളിലും ഹർത്താലുകളും പ്രകടനങ്ങളും തൊഴിലാളി പണിമുടക്കുകളും നടന്നു. എല്ലാ ഭാഗങ്ങളിലും ദിവസങ്ങളോളം റോഡ്-റെയിൽ ഗതാഗതം സ്തംഭിപ്പിക്കപ്പെട്ടു. ജനങ്ങൾ വാർത്താവിനിമയ ബന്ധങ്ങൾ തകരാറിലാക്കി. കോടതികൾ ഉൾപ്പെടെയുള്ള സർക്കാർ ഓഫീസുകളുടെ പ്രവർത്തനങ്ങൾ ആഴ്ചകളോളം മുടങ്ങിക്കിടന്നു. തൊഴിൽശാലകളിൽ ദിവസങ്ങളോളം പണിമുടക്കുകൾ തുടർന്നു. സമരക്കാർക്കെതിരെ ലാത്തിച്ചാർജ്ജുകളും വെടിവെയ്പുകളും വ്യാപകമായതോടുകൂടി ജനങ്ങൾ കൂടുതൽ പ്രകോപിതരായി. നിരായുധരായ ജനങ്ങൾക്ക് നേരെ പോലീസും പട്ടാളവും പലയിടത്തും വെടിവെയ്പ് നടത്തി. ജയിലുകളിൽ രാഷ്ട്രീയത്തടവുകാർക്ക് നേരെയും ലാത്തിച്ചാർജുകൾ നടന്നു. മിക്ക ഭാഗങ്ങളിലും ക്രമസമാധാനം പാടെ തകർന്ന നിലയിലായിരുന്നു.

ദിവസങ്ങൾ കഴിയുന്തോറും ബ്രിട്ടീഷുകാരുടെ ഭാഗത്തുനിന്നും അടിച്ചമർത്തൽ കൂടുതൽ ഭീകരമായി. നിരവധി സ്ഥലങ്ങളിൽ പട്ടാളത്തെ ഇറക്കി. ഇതിനിടെ സ്ഥിതിഗതികൾ നേരിടാനായി സമരഭടന്മാർക്ക് ചാട്ടവാറടി മുതൽ മരണശിക്ഷവരെ നൽകാനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് നിരവധി ഓർഡിനൻസുകൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. കലാപകാരികളെ കണ്ടാലുടനെ വെടിവെയ്ക്കാൻ വരെ കീഴുദ്യോഗസ്ഥന്മാർക്ക് ഇതുവഴി അധികാരം കിട്ടി. ഇതോടെ രാജ്യമാസകലം പോലീസ്-പട്ടാള തേർവാഴ്ചതന്നെ ആരംഭിച്ചു. പത്രങ്ങളുടെ വായ്മൂടിക്കെട്ടാനും സർക്കാർ മടി കാണിച്ചില്ല.

പോലീസും പട്ടാളവും രാജ്യത്താകമാനം ഗ്രാമങ്ങളിൽ കൊള്ളയും കൊള്ളിവയ്പും ബലാത്സംഗങ്ങളും അഴിച്ചുവിട്ടു. യു.പി., ബീഹാർ എന്നീ സംസ്ഥാനങ്ങളിൽ ഏതാണ്ട് അപ്രഖ്യാപിത പട്ടാളഭരണത്തിന്റെ പ്രതീതിയായിരുന്നു. ബ്രിട്ടീഷ് ഗവണ്മെന്റിന്റെ അതിക്രൂരമായ അടിച്ചമർത്തലിൽ പ്രതിഷേധിച്ചുകൊണ്ട് 1943 ഫെബ്രുവരി ഒൻപതാം തീയതി ഗാന്ധിജി താൻ തടവിൽ കിടന്ന പൂനയിലെ ആഗാഖാൻ കൊട്ടാരത്തിൽ ഇരുപത്തിയൊന്ന് ദിവസത്തെ ഉപവാസമാരംഭിച്ചു. കോടിക്കണക്കിന് ഭാരതീയരും അന്നേദിവസം അനുഭാവ ഉപവാസം നടത്തി.

ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിലുണ്ടായിരുന്ന കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി പ്രവർത്തകർ ആവിഷ്കരിച്ച ഗറില്ലാ പ്രസ്ഥാനമാണ് ഒളിപ്പോരിലൂടെ പിന്നെയും മാസങ്ങളോളം ക്വിറ്റിൻഡ്യാ സമരത്തിന്റെ ജ്വാല കെടാതെ സൂക്ഷിച്ചത്.

ഇന്ത്യ ഏതു നിമിഷവും പൊട്ടിത്തെറിക്കാവുന്ന ഒരു അഗ്നിപർവ്വതമാണെന്ന ബോദ്ധ്യം ബ്രിട്ടീഷ് ഭരണാധികാരികൾക്ക് വരുത്തിത്തീർത്തത് ക്വിറ്റ് ഇന്ത്യാ സമരകാലത്തെ ആവേശോജ്ജ്വലമായ ജനമുന്നേറ്റമാണ്. ഇന്ത്യയിൽ തങ്ങളുടെ ഭരണം ഇനി അധികനാൾ തുടരാനാവില്ലെന്ന് അവർക്ക് ഇതോടെ ബോദ്ധ്യമായി. നിരവധി കടുത്ത നടപടികൾ സ്വീകരിച്ചെങ്കിലും ഇന്ത്യാക്കാരുടെ ഉത്കടമായ സ്വാതന്ത്ര്യദാഹം ഇല്ലാതാക്കാൻ ബ്രിട്ടീഷുകാർക്ക് കഴിഞ്ഞില്ല. ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിലേക്കുള്ള പ്രയാണത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നതിൽ ക്വിറ്റിന്ത്യാ പ്രസ്ഥാനം നൽകിയ മഹത്തായ സംഭാവന ചരിത്രത്തിന്റെ ഏടുകളിൽ തിളങ്ങി നിൽക്കുമെന്നതിൽ രണ്ടുപക്ഷമില്ല.

# സാഹിത്യത്തറവാട്ടിലെ അമ്മ

പി.ജെ. വർഗീസ്

## മറക്കുടയ്ക്കുള്ളിലെ മഹാനരകം തൂലികയാൽ വരച്ചുകാട്ടി, അതിലൂടെ ചിന്തയുടെ തീനാമ്പുകൾ ജനമനസ്സുകളിൽ ജ്വലിപ്പിച്ച കഥാകാരിയായിരുന്നു ലളിതാംബിക അന്തർജനം.

അന്തർജനം ഒരു ഗാന്ധിഭക്തയായിരുന്നു. ഗാന്ധിയൻ ആദർശങ്ങൾക്കനുസരിച്ച് ജീവിക്കുകയും, ചിന്തിക്കുകയും ചെയ്യുന്നത് അവർ ഒരു നിഷ്ഠയായി സ്വീകരിച്ചിരുന്നു. തന്റെ സാഹിത്യസൃഷ്ടികളെ രൂപപ്പെടുത്തിയിരുന്ന ചിന്താപദ്ധതിയും അതു തന്നെയായിരുന്നു. അനേകം അവാർഡുകൾ വാരിക്കൂട്ടിയ അവരുടെ ഓരേയൊരു നോവലായ അഗ്നിസാക്ഷിയിലും ഗാന്ധിയൻ ചിന്താധാരയുടെ ഓളംവെട്ടൽ അനുഭവപ്പെടുന്നത് കാണാം.

മറക്കുടക്കുള്ളിലെ മഹാനരകത്തിൽ നിന്നും കുതറിച്ചാടിയവരുടെ മുൻപന്തിയിൽ അന്തർജനത്തെ കാണാം. പിൻതലമുറക്കാരെ ആ നരകത്തിൽ നിന്നും കരകയറ്റാനും അവരുടെ സാഹിത്യസൃഷ്ടികൾ ശക്തമായ പ്രേരണ നൽകിയിട്ടുണ്ട്. ആ നിലക്ക് നോക്കിയാൽ നവകേരളസ്രഷ്ടാക്കളുടെ നിരയിൽ അവർക്കും ഒരു മാന്യമായ സ്ഥാനമുണ്ടെന്ന് കാണാവുന്നതാണ്.

ജീവിതത്തിന്റെ ഒരു രംഗത്തും സ്ത്രീകൾക്ക് മുൻപന്തിയിൽ സ്ഥാനം ലഭിക്കാറില്ല. സാഹിത്യത്തിലും അതു തന്നെയാണ് സ്ഥിതി. ആ വേരുറച്ച സമ്പ്രദായത്തെ പിഴുതെറിഞ്ഞ ഏകവനിത അന്തർജനമാണ്. കേരളത്തിലെ ഏറ്റവും വലിയ സാഹിത്യപുരസ്കാരമായ വയലാർ അവാർഡ് ആദ്യമായി നേടിക്കൊണ്ടാണ് അവർ അത് സാധിച്ചത്.

കവിതാരചനയിലൂടെ സാഹിതീസപര്യ നടത്തിത്തുടങ്ങിയ അന്തർജനം കഥാരചനയിലേക്ക് തിരിഞ്ഞത് എത്ര നന്നായി. തന്റെ ചിന്താഗതിക്കൊത്തു ജീവിതത്തെ സമഗ്രമായി വീക്ഷിക്കാനും മാതൃകാജീവിതത്തിനുടമകളായ കഥാപാത്രങ്ങളെ സൃഷ്ടിക്കാനും അതുമൂലം അവർക്കു കഴിഞ്ഞു. സാത്വികചൈതന്യം നിറഞ്ഞു നിൽക്കുന്ന ഒരന്തരീക്ഷത്തിൽ ആസ്വാദകവൃന്ദത്തെ കൊണ്ടുചെന്നെത്തിക്കാൻ കഴിവുള്ള കഥയെഴുത്തുകാർ അത്രയേറെ നമുക്കില്ല. ഉള്ളവരിൽ ഒന്നാം സ്ഥാനം അന്തർജനത്തിന് അവകാശപ്പെട്ടതാണ്.

മരണമെന്നത് നാമാരും വിചാരിക്കുന്നതുപോലെ ഒരു വേദനാനുഭവമല്ല. അതൊരു വിലയനംമാത്രം. നദി കടലിൽ ചേരുംപോലെ, സൗരഭ്യം കാറ്റിൽ അലിയും പോലെ, സ്വയമേവ അത് സംഭവിക്കുന്നു. നരനെ നാരായണനിലേക്ക്, വ്യഷ്ടിയെ സമഷ്ടിയിലേക്ക്, തന്നെ ഈശ്വരനിലേക്ക് സമർപ്പിക്കാൻ കഴിവുള്ളവർക്ക് ഇതൊരു പൂജാവിധിമാത്രം. ഇപ്പോൾ നമുക്ക് മൃത്യോർ മാ.... എന്നതിനോടുകൂടി അമൃതംഗമയ എന്നുകൂടി ചേർത്ത് ജപിക്കാം. കാര്യവിവരമുള്ളവർക്ക് ഒരു പുഞ്ചിരിയോടെ ഇതുപറയാം. പക്ഷെ, അതിർത്തിക്കപ്പുറത്ത് നിന്നു മനസ്സില്ലാതെ യാത്രാനുമതി നൽകേണ്ടിവരുന്നവർക്ക്, കാര്യവിവരം അൽപസ്വൽപമുണ്ടെങ്കിലും പുഞ്ചിരിക്കാനെന്നല്ല, ജപമായിപ്പോലും ഒരക്ഷരം ഉരിയാടാനും കഴിയുന്നില്ല. വേർപാടിന്റെ വിതുമ്പൽ അവസാനിക്കും വരെ സ്വസ്തി



എന്നുരുവിടാൻ തൊണ്ടയിലെ കുരുക്ക് അനുവദിക്കുന്നില്ല.

എത്രയാണ് സഹിച്ചത്? കണക്കില്ല. കണക്കെടുക്കാൻ കഴിയുകയുമില്ല. പെൺകിടാങ്ങളുടെ ജനനം ശാപമായി കരുതുന്ന സമുദായത്തിൽ വിലങ്ങുകളിൽ ജനിച്ചു. 1084 മീനം 13-ാം തീയതി വെള്ളിയാഴ്ച കാർത്തികനാളിൽ സന്താനദുഃഖത്താൽ ദുഃഖമനുഭവിച്ചിരുന്ന മാതാപിതാക്കൾക്ക് ആറ്റുനോറ്റുണ്ടായ കുട്ടിയായി പിറന്നു വീണപ്പോൾ അച്ഛൻ ഈർഷ്യയോടെ പറഞ്ഞു "ഇല്ല ഞാനിനി ഇവിടെ താമസിക്കുന്നില്ല. വല്ല മദിരാശിയിലും ചെന്ന് ക്രിസ്തുമതം സ്വീകരിച്ച്, ഒരു മദാമ്മയെ കല്യാണം കഴിക്കാൻ പോകയാണ്". ഇതുകേട്ട് അച്ഛന്റെ അമ്മ ചോദിച്ചു അവർക്കും പെണ്ണുണ്ടായാലോ? അച്ഛന്റെ മറുപടി: ആ കുട്ടിയെ മനുഷ്യസ്ത്രീയെപ്പോലെ വളർത്താൻ എനിക്ക് സാധിക്കും. മനുഷ്യരെപ്പോലെ പഠിപ്പിച്ച് സ്വാതന്ത്ര്യം കൊടുത്ത് ഒരു നല്ല മനുഷ്യന് വിവാഹം കഴിച്ചുകൊടുക്കാനും സാധിക്കും.

പെൺകുട്ടികളെ മനുഷ്യരെപ്പോലെ വളർത്താൻ കഴിയാത്ത ഒരു സമുദായത്തിലാണ് തനിക്ക് പെൺകുട്ടികളുണ്ടായിരുന്നതെന്ന ഓർമ്മ അച്ഛന് എന്നുമുണ്ടായിരുന്നതുകൊണ്ട് ഈ പെൺകുട്ടി മലയാളഭാഷയ്ക്ക് മറക്കാനാവാത്ത അരുമയായ മനീഷിയായിത്തീർന്നു.

അനേകം ഗുരുനാഥന്മാരിൽ നിന്നായി ലഭിച്ച അനൗപചാരിക വിദ്യാഭ്യാസത്തിനു ശേഷം, വയസ്സറിയിച്ചതിൽ പിന്നെ നൂറ്റാണ്ടുകളായി അനുസരിച്ചുപോരുന്ന ആചാരങ്ങളുടെ വിധിക്കുമുന്നിൽ കീഴടങ്ങി. അന്തഃപുരത്തിലെ രണ്ടരക്കൊല്ലത്തെ ഏകാന്തവാസത്തിൽ, ആ പെൺകുട്ടിയുടെ മനസ്സ് ചുറ്റുപാടുമുള്ള യാഥാർത്ഥ്യങ്ങളോടും തന്നോടുതന്നെയും സംവദിച്ചു തുടങ്ങി. മുത്തച്ഛന്റെ സഹോദരിമാരായ മൂന്ന് ബാലവിധവകളുടെ അനുഭവം, പെൺകൊട എന്ന പേരിൽ വിലയ്ക്ക് വിൽക്കപ്പെട്ട സ്വജനങ്ങളായ നാലഞ്ചുപെൺകിടാങ്ങളുടെ ചരിത്രം, കുടപിടിക്കാതെ പുറത്തിറങ്ങിയതിന് ഭ്രഷ്ടയായി വഴിവക്കിൽ കിടന്നു മരിച്ച ഒരാൾ അനുഭവിച്ച നരകം – കൺമുന്നിലൂടെ മഹാദുരിതങ്ങളുടെ ഒടുങ്ങാത്ത ഘോഷയാത്ര. തുടർന്ന് ഈ ഭൂമിയിൽ അറിയപ്പെട്ട എല്ലാ ദുഃഖങ്ങളും മുന്നിൽ കാണുന്ന ചെറുപ്പക്കാരിയായ അമ്മ. ലളിതാംബിക അന്തർജ്ജനം മറ്റാർക്കും വേണ്ടി കഥകൾ പറയുകയായിരുന്നില്ല. തരളമായ മനസ്സിൽ തട്ടിമുട്ടി തങ്ങിയ താളലയങ്ങളിൽ സ്വയം നഷ്ടപ്പെട്ടും വീർപ്പുമുട്ടിയും ചിരിച്ചും കരഞ്ഞും കഴിയുകയായിരുന്നു.

അഗ്നിസാക്ഷിയിൽ 1942-ലെ ഒരു സംഭവത്തെപ്പറ്റി ലളിതാംബിക അന്തർജനം ഓർക്കുന്നതിങ്ങനെയാണ്. യുദ്ധത്തിന്റെ തീജ്വാലകൾ രാജ്യത്തിന്റെ അകത്തും

പുറത്തും ആളിപ്പടർന്നിരുന്നു. ക്വിറ്റ് ഇന്ത്യാ സമരം പ്രഖ്യാപിച്ച കാലം. നേതാക്കന്മാർ മിക്കവരും തടങ്കലിലായി. നിരോധനാജ്ഞ കൾ ലംഘിക്കപ്പെട്ടു. സിറ്റിയിൽ പട്ടാളനി യമം പ്രഖ്യാപിച്ച സമയമായിരുന്നു അത്. പട്ടാളവണ്ടിയുടെ അലർച്ചയല്ലാതെ മറ്റൊരു ശബ്ദവും എങ്ങും കേൾക്കാനില്ല. പ്രധാ നവീഥിയിൽ നിന്ന് ക്ലോക്ക് ടവറിലേക്ക് തിരിയുന്ന വഴിയിൽ നൂറുനൂറ് മൃദുകണ്ഠ ങ്ങളിൽ നിന്ന് ഒരുമിച്ചുയർന്ന ജയഘോഷ ങ്ങൾ – ഭാരതമാതാ കീ ജയ്!....... മഹാത്മാ ഗാന്ധി കീ ജയ്!....... ക്വിറ്റ് ഇന്ത്യാ!...... ചുവ ന്നകുപ്പായം ധരിച്ച് ചുവന്ന നിക്കറിട്ട ചുവന്ന തൊപ്പിയുമണിഞ്ഞ് ത്രിവർണ്ണപതാ കയും വീശിവീശി കുഞ്ഞാറ്റക്കിളികളുടെ ഒരു സംഘം കടന്നുവരുന്നു. അവരുടെ പുറകെ സ്വാതന്ത്ര്യമല്ലെങ്കിൽ മരണമെന്ന മുദ്രാവാക്യവുമായി രാജ്യത്തിനുവേണ്ടി സമർപ്പണം ചെയ്ത രക്തസാക്ഷി സംഘ ത്തിലെ വീരയുവാക്കൾ.

മുദ്രാവാക്യങ്ങളുടെ മുഴക്കവും പട്ടാള വണ്ടികളുടെ ഇരമ്പലും സ്വാതന്ത്ര്യഗാനങ്ങ ളുടെ പല്ലവിയുംകൊണ്ട് അന്തരീക്ഷം മുഖ രിതമായി. പോവട്ടെ ഞാൻ, വിടു-വിടില്ല, കടന്നുകൂടാ എന്നമട്ടിൽ പോലീസും വാള ണ്ടിയർമാരും കടുവയും പുലിയും കളിക്കു കയാണ്. ഇടയ്ക്ക് ആരോ ക്ലോക്ക് ടവറിന്റെ മേലേയ്ക്ക് ചൂണ്ടിക്കാണിച്ചുകൊണ്ട് പേടി പ്പെടുത്തുന്ന സ്വരത്തിൽ വിളിച്ചു. അയ്യോ! അതാ നോക്കൂ! അവൻ... അവൻ... ആ കുട്ടി...

പത്തോ പന്ത്രണ്ടോ വയസ്സായ ഒരോമനക്കുട്ടൻ ആകാശചുംബിയായ ആ മണിമേടയുടെ മുകളിലേക്ക് സ്വാതന്ത്ര്യപ താകയും മാറത്തടുക്കിക്കൊണ്ട് വലിഞ്ഞു കേറുകയാണ്. അവൻ ആകാശം ഞടുങ്ങു മാറ് വിളിക്കുന്നു. ഭാരത് മാതാ കീ ജയ്!

പട്ടാളക്കാർ തോക്കു ചൂണ്ടിക്കൊണ്ട് ആജ്ഞാപിച്ചു. താഴെത്തിറങ്ങു മഠയാ! ഇല്ലെങ്കിൽ ഞങ്ങൾ താഴെയിറക്കും!

അവൻ പുച്ഛമായി ഒന്നു ചിരിച്ചു കീഴോട്ട് നോക്കി, പട്ടാളക്കാരെയും ജനക്കൂ ട്ടത്തെയും മാറിമാറി കടാക്ഷിച്ചു. എന്നിട്ട് അപകടം പിടിച്ച ആ ചെരുവിലൂടെ അള്ളിപ്പിടിച്ചു കയറുവാൻ തുടങ്ങി. പ്രഭാ തസൂര്യന്റെ ചെങ്കതിരുകൾ തട്ടി ക്ലോക്ക് ടവറിന്റെ മുകൾഭാഗം ചോരയിൽ കുളിച്ച തുപോലെ തോന്നി. ചുവന്ന ഖദർ ഷർട്ട്, ചുവന്ന ഖദർ നിക്കർ, വെളുത്തുചുവന്ന കവിളുകൾ. ആകാശത്തിന്റെ മടിയിൽ നിന്നും ഞെട്ടറ്റു താഴെവീണ സൂര്യന്റെ ഒരു കുട്ടിയെപ്പോലെ തോന്നിച്ചു ആ ബാലനെ കണ്ടാൽ. മിനുസമുള്ള മേൽപ്പുരയിലൂടെ ഇഴഞ്ഞ് കയറുമ്പോൾ അറിയാതെ കാലൊ ന്നിടറിയാൽ മതി, ശ്രദ്ധ തിരിഞ്ഞാൽ മതി, താഴെ വീണു തകരും!

അരുത് മകനെ, അരുത്! താഴെയിറങ്ങ്! എന്നു വിളിച്ചു പറയാൻതോന്നി തനിക്ക്.

ആളുകൾ വീർപ്പടക്കി കാത്തുനിന്നു. ഇവനെ പ്രസവിച്ച അമ്മ ധന്യയാണ്. അവ നെപ്പെറ്റ രാജ്യം അഭിമാന്യവും.

അനേകായിരം ആളുകളുടെ ആശംസ കളും വഹിച്ചുകൊണ്ട് ആ ബാലൻ മേലോട്ട് മേലോട്ട് കയറിപ്പോയി. മണിമാ ളികയുടെ മുകളിലെത്തി. ജനക്കൂട്ടത്തെ നോക്കി കൈവീശി ചിരിച്ചു. സ്വാതന്ത്ര്യ പതാകയെടുത്ത് നിവർത്തി ഉയരത്തിൽ കുത്തി. ദിഗന്തം മുഴക്കുമാറുള്ള മുദ്രാവാ ക്യങ്ങൾ പിന്നെയും മുഴങ്ങുന്നു.

ഭാരത് മാതാ കീ ജയ്...

വീരകുമാർ കീ ജയ്...

ഇന്ത്യയുടെ അഭിമാനംപോലെ ചിറക ടിച്ചാടുന്ന ത്രിവർണ്ണ പതാകയ്ക്കരികെ, വിജയിയായ അഭിമന്യുവിനെപ്പോലെ ആ ബാലൻ നിൽക്കുകയായിരുന്നു. പെട്ടെന്നു പട്ടാളത്തോക്കുകൾ ഗർജ്ജിച്ചു. വെടിയുണ്ട കൾ ചീറി. ആയിരം മിന്നൽപ്പിണരുകൾ

**ഒരു കൊച്ചുകുട്ടി ചുവരിൽ ചിത്രം വരയ്ക്കുന്നതുപോലെ ആത്മാർത്ഥമായി അവർ കഥകൾ എഴുതി. ആ എഴുത്തിൽ ഒരു ഏകാകിയെ എന്നും എപ്പോഴും കാണാം. ഒരു സന്യാസിനിയെയും, അതേ അവസരത്തിൽ ഒരു ജീവിത പ്രേമിയെയും കാണാം.**

ഒരുമിച്ച് ആകാശത്തേക്കുയരുംപോലെ.... ക്ലോക്ക് ടവറിന്റെ മുകളിൽ ചിരിച്ചുകൊണ്ടി രുന്ന മാലാഖ രക്തകണങ്ങളുതിർത്തു കൊണ്ട് ഒരു വെള്ളിൽപക്ഷി കണക്കേ കറ ങ്ങിക്കറങ്ങി താഴെ വന്നുവീഴുന്നു.

അത്യുഗ്രമായ ആരവം. തുടർന്നു പട്ടാ ളവും ജനക്കൂട്ടവുമായി സംഘട്ടനം! ലാത്തി ച്ചാർജ്ജ്! വെടിവയ്പ്! ആളുകൾ അത്യുച്ച ത്തിൽ വിളികൂട്ടി. "അവൻ ഞങ്ങളുടെയാണ്! അവനെ ഞങ്ങൾക്ക് വേണം! അവനെ... ഇന്ത്യയുടെ വീരകുമാ രനെ."

ഒരു കൊച്ചുകുട്ടി ചുവരിൽ ചിത്രം വര യ്ക്കുന്നതുപോലെ ആത്മാർത്ഥമായി അവർ കഥകൾ എഴുതി. ആ എഴുത്തിൽ ഒരു ഏകാകിയെ എന്നും എപ്പോഴും കാണാം. ഒരു സന്യാസിനിയെയും, അതേ അവസരത്തിൽ ഒരു ജീവിത പ്രേമിയേയും കാണാം. മഹാദുഃഖത്തിന്റെ അടിത്തട്ടിൽ ശ്വാസം മുട്ടി നീങ്ങുമ്പോഴും ആർജ്ജിത സംസ്കാരത്തിന്റെ ഉൾക്കരുത്തോടെ, തനി നിസ്സഹായിയെപ്പോലെ എന്നാലും, പുഞ്ചി രിക്കുന്ന ഒരു അപരാജിതയെയും കാണാം. സർവ്വോപരി ഏത് ക്രൂരതയുടെ കുരിരു ട്ടിലും നമ്മ!... നമ്മ!.... എന്ന് ദീപം!... ദീപം!... എന്നപോലെ ഉരുവിടുന്ന വെളിച്ചത്തിന്റെ ആരാധികയെ കാണാം.

കണ്ണീർമണികൾ മുത്താക്കി നമുക്ക് കളിക്കാനും സമ്പന്നരാവാനും തന്ന് അവർ വിടവാങ്ങുന്നു. നമുക്ക് ഇനി സ്വന്തം കാലിൽ നിൽക്കാൻ പ്രായമായി എന്ന വിശ്വാസത്തോടെ! പക്ഷെ, ഇങ്ങനെ വേറൊരാൾ ഇനിയില്ല.

അന്തർജനം സാഹിത്യപ്രവർത്തക സഹകരണസംഘം ഡയറക്ടർ ബോർഡംഗം, കേരളസാഹിത്യ അക്കാദമി യുടെ ഉപാദ്ധ്യക്ഷ, പാഠപുസ്തക കമ്മിറ്റി യംഗം എന്നീ നിലകളിൽ സേവനമനുഷ്ഠി ച്ചിട്ടുണ്ട്. യോഗക്ഷേമസഭ, സോഷ്യൽ വെൽഫെയർ ബോർഡ്, അഖിലേന്ത്യാ വിമെൻസ് കോൺഫറൻസ് തുടങ്ങി സാമൂഹിക സംഘടനകളിലും അവർ പ്രവർത്തിച്ചിട്ടുണ്ട്. അഗ്നിസാക്ഷി എന്ന നോവലിനുപുറമേ, ധീരേന്ദു, മജ്ജുംദാരുടെ അമ്മ, പവിത്രമോതിരം. തകർന്ന തലമുറ, കണ്ണീരിന്റെ പുഞ്ചിരി, കൊടുങ്കാറ്റിൽ നിന്ന്, കിളിവാതിലിലൂടെ, അഗ്നിപുഷ്പങ്ങൾ, ആദ്യത്തെ കഥകൾ, മൂടുപടത്തിൽ, കാല ത്തിന്റെ ഏടുകൾ, വിശ്വരൂപം, സത്യ ത്തിന്റെ സ്വരം, തെരഞ്ഞെടുത്ത കഥകൾ എന്നീ 14 കഥാസമാഹാരങ്ങളും ഗ്രാമബാ ലിക, ഗോസായി പറഞ്ഞ കഥ, തേൻതു ള്ളികൾ, കുഞ്ഞോമന എന്നിങ്ങനെ നാല് ബാലസാഹിത്യകൃതികളും, ഒരു പൊട്ടിച്ചി രി, ഭാവദീപ്തി, ശരണമഞ്ജരി, നിശ്ശബ്ദ സംഗീതം എന്നീ നാല് കവിതാ സമാഹാ രങ്ങളും സീത മുതൽ സത്യവതി വരെ എന്നൊരു പഠനഗ്രന്ഥവും ആത്മകഥ യ്ക്കൊരാമുഖം എന്ന ആത്മകഥയും അന്തർജനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അന്തർജനത്തിന്റെ ഷഷ്ടിപൂർത്തിയോടനു ബന്ധിച്ച് അവരുടെ തെരഞ്ഞെടുത്ത കവി തകളുൾപ്പെടുത്തി പ്രസിദ്ധപ്പെടുത്തിയ കൃതിയാണ് 'ആയിരത്തിരി'. 'അഗ്നി സാക്ഷി' എന്ന നോവലിന് പ്രഥമ വയലാർ അവാർഡും കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകളും ഓടക്കുഴൽ അവാർഡും ലഭിച്ചു. 'കുഞ്ഞോമന' എന്ന ബാലസാഹിത്യ കൃതിക്ക് കല്യാണി കൃഷ്ണമേനോൻ പ്രൈസും, 'ഗോസായി പറഞ്ഞകഥ' എന്ന ഗ്രന്ഥത്തിന് ഏറ്റവും നല്ല ബാലസാഹിത്യകൃതിക്കുള്ള കേരള സാഹിത്യ അക്കാദമി അവാർഡും ലഭിച്ചി ട്ടുണ്ട്.

1987 ഫെബ്രുവരി ഒന്നിന് എറണാകു ളത്ത് ഗാന്ധിജി യുവജനോത്സവത്തിന്റെ ഉദ്ഘാടനമായിരുന്നു അന്തർജനം ഏറ്റവു മൊടുവിൽ പങ്കെടുത്ത ചടങ്ങ്. ഫെബ്രുവരി ആറാം തീയതി 11 മണിയായപ്പോൾ കുത്താ ട്ടുകുളം ദേവമാതാ ആശുപത്രിയിൽ അവർ ദിവംഗതയായി.



# പൂരക്കളിയിൽ സംഭവിക്കുന്നത്

വത്സൻ പിലിക്കോട്

**ജീവിതത്തിന്റെയും വിശ്വാസത്തിന്റെയും അംശങ്ങൾ ഇഴചേരുന്ന പൂരക്കളി പുതിയ കീഴ്‌വഴക്കങ്ങളാൽ വഴിപിഴക്കുകയാണ്. അക്കാദമി തലങ്ങളിൽ നടക്കുന്ന ചർച്ചകളും പ്രവർത്തനങ്ങളും താഴേത്തട്ടിലേക്കിറങ്ങി വരേണ്ടിയിരിക്കുന്നു.**

സാംസ്കാരിക വിനിമയത്തിന്റെ മൂല്യവത്തായ ഉപാധിയാണ് നാടൻ കലകൾ. അനുഷ്ഠാനത്തിന്റെ പിൻബലത്തോടെയുള്ള രംഗവത്കരണം, ഏതു പരിഷ്കൃത സമൂഹത്തിലും തനിമ ചോരാതെ നിലനിൽക്കാനിവയ്ക്ക് തുണയായിട്ടുണ്ട്. ജീവിതത്തിന്റെയും വിശ്വാസത്തിന്റെയും അംശങ്ങൾ ഇഴപിരിക്കാനാകാത്തവിധം ഇഴുകിയലിഞ്ഞതു കൊണ്ടാണ് നാടൻകലകൾ എന്നും പ്രസക്തമാവുന്നത്. എന്നാൽ കമ്പോളകേന്ദ്രീകൃതമായ പുതിയ ചുറ്റുപാടിൽ ആശാവഹമല്ലാത്ത പരിണാമത്തിന് ഇവ വിധേയമാകുന്നതിനെപ്പറ്റി ഗൗരവമായിത്തന്നെ ചിന്തിക്കേണ്ടിയിരിക്കുന്നു.

മീനമാസത്തിലെ വസന്ത ഋതുവിൽ ഉത്തരകേരളത്തിലെ ഭഗവതിക്കാവുകളിൽ കലയും വിജ്ഞാനവും സമഞ്ജസമായി സമ്മേളിക്കുന്ന അനുഷ്ഠാന കലാരൂപമായ പൂരക്കളി പുതിയ ഇടപെടലുകളാൽ വഴിപിഴയ്ക്കുകയാണ്. പുരാണങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന മൻമഥപൂജയും വസന്തോത്സവവുമാണ് പിന്നീട് പൂരത്തിനു നാന്ദിയായത്. ഋതുമതികളാകാത്ത കന്യകമാർ മീനത്തിലെ കാർത്തിക തൊട്ട് പൂരം വരെയുള്ള ഒൻപതു നാളുകളിലാണ് വ്രതശുദ്ധിയോടെ കാമദേവനെ ഉപാസിക്കുന്നത്.

### പൂരോത്പ്പത്തി

തന്റെ മൂന്നാം കണ്ണുകൊണ്ട് കാമദേവനെ ഭസ്മമാക്കിയ പരമശിവൻ പാർവ്വതിയുടെ അപേക്ഷയിൽ മനമലിഞ്ഞ് വിഷ്ണുവിനെ ഉപാസിക്കാൻ ഉപദേശിച്ചു. തുടർന്ന് 18 കന്യകമാർ മലരമ്പന്റെ രൂപമുണ്ടാക്കി ആടിക്കളിച്ചു. പിന്നീട് 'പ്രീളാക്ഷിമാരാലാവതെ'യെന്ന് വന്നമൂലം ശൗണ്ഡിക വർഗ്ഗത്തിലെ പുരുഷന്മാർ കളി ഏറ്റെടുത്തുവെന്നാണ് സമ്പന്ന പൂജാശാസ്ത്രം പറയുന്നത്. ശംബരന് രുഗ്മിണിയിൽ ജനിച്ച പ്രദ്യുമ്നൻ രതിയോടൊപ്പം ദ്വാരകയിലേക്കെഴുന്നള്ളിയതിന്റെ സ്മരണയ്ക്കായുള്ള കളിയെന്നും, ബ്രഹ്മലോകത്ത് കാർവർണ്ണസ്തുതിയാൽ വേലചെയ്ത പൂരയെന്ന ദേവാംഗനയെ ശ്രീകൃഷ്ണൻ വൃന്ദാവനത്തിലേക്കാനയിച്ച് ഗോപികമാരോടൊത്ത് ആടിത്തിമിർത്ത പൂരവേല തന്നെയാണ് പൂരക്കളിയെന്നും പറഞ്ഞുവരുന്നു.

രാസക്രീഡക്കരിയ പതിനാറായിര-
ത്തന്മാരെക്കൊണ്ടാസക്ത്യാ പണ്ടതിര സമൊടും
കൃഷ്ണനാടിച്ചു നൃത്തം
ആ സന്ദർഭസ്മരണ പതിനെട്ടായ്
നിറം മൂന്നു ഖണ്ഡം
ശ്രീ സന്ധിച്ചു വടിവൊടു നടത്തു-
ന്നതിപ്പൂരമാല.

എന്നിങ്ങനെ പൂരക്കളിയുടെ ഉത്പത്തിക്കാധാരമായി ഗമിച്ചുപോരുന്ന ശ്ലോകം നിലവിലുണ്ട്.

ഒൻപത്, പത്ത് നൂറ്റാണ്ടുകളിൽ ക്ഷേത്രകലകളും അതുമായി ബന്ധപ്പെട്ട വേദാന്ത പാഠശാലകളും വികസിച്ചതോടെയാണ് അവർണ്ണന്റെ മാത്രം കലാരൂപമായിരുന്ന പൂരക്കളിക്ക് സാമൂഹിക പ്രസക്തി വന്നുചേർന്നത്. വളപട്ടണം പുഴയ്ക്കും ചന്ദ്രഗിരി പുഴയ്ക്കുമിടക്കുള്ള പഴയ കോലത്തുനാട്ടിലും അള്ളട ദേശത്തുമാണ് ശക്തിയേറിയ ഒരു അനുഷ്ഠാന കലാരൂപമായി പൂരക്കളി ഇന്ന് നിലനിൽക്കുന്നത്.

നവവന്ദനം, പൂരമാല, ഗണപതി-സരസ്വതി-ശ്രീകൃഷ്ണസ്തുതികൾ, പുരാണകഥകൾ, അങ്കം, പട, ചായൽ, പാമ്പാട്ടം, ശൈവനാടകം, ശക്തിനാടകം, യോഗി, ആണ്ട്, പള്ള് എന്നിവയാണ് പൂരക്കളി

യിലെ വിവിധ രംഗങ്ങൾ.

അന്യസംസ്ഥാനങ്ങളിലെ നാടോടി കലാപാരമ്പര്യവുമായി പൂരക്കളിക്ക് അടുത്ത ബന്ധമുണ്ട്. കാശ്മീരിലെ കുങ്കുമപ്പാടങ്ങളിൽ വിളവെടുപ്പോടനുബന്ധിച്ച് നടത്തുന്ന കജ്രിയെന്ന വസന്തോത്സവം, മണിപ്പൂരിലെ അഷ്ടശ്യാം രാസനൃത്തം തുടങ്ങിയവയ്ക്ക് ഇതിന്റെ ചുവടുകളോട് സാദൃശ്യം കാണുന്നതായി പണ്ഡിതർ അഭിപ്രായപ്പെടുന്നു.

മറത്തുകളിയും പൂരക്കളിയും പരസ്പരപൂരകങ്ങളാണ്. ആദ്യത്തേത് വാക്യാർത്ഥസദസ്സും രണ്ടാമത്തേത് കായിക പ്രകടനവുമാകുന്നു. ഒരേ സമുദായത്തിലെ വിവിധ ക്ഷേത്രങ്ങൾ തമ്മിലടുക്കാനും പരസ്പരബന്ധമൂട്ടിയുറപ്പിക്കാനുമായി പഴമക്കാർ തയ്യാർ ചെയ്ത പദ്ധതിയാണ് മറത്തുകളി. രണ്ടു ക്ഷേത്രങ്ങളെ പ്രതിനിധീകരിക്കുന്ന പണിക്കന്മാർ പരസ്പരം താംബൂലം നൽകി പുരാണേതിഹാസങ്ങളിലെ ശ്ലോകങ്ങളും വ്യാകരണവും ചോദ്യോത്തര രൂപത്തിലവതരിപ്പിക്കുന്നു. കളികഴിഞ്ഞാൽ നാടകാവതരണവും യോഗീയാട്ടവുമാണ്. വാഗ്വാദത്തിലേർപെടുന്ന പണിക്കന്മാർ തന്നെ മുദ്ര, ചൂരക്കോൽ, പൊക്കിണ തുടങ്ങിയവ ധരിച്ച് യോഗിയാവുന്നു. യോഗശാസ്ത്ര പ്രതിപാദനത്തിനുശേഷം പരസ്പരമാശ്ലേഷിക്കുന്നതോടെ കളിക്കു വിരാമമാകുന്നു.

സംഗീതം, നൃത്തം എന്നിവയ്ക്ക് പുറമെ മെയ്‌വഴക്കത്തിനും പൂരക്കളിയിൽ വലിയൊരു സ്ഥാനമുണ്ട്. ഗഹനമായ പഠനങ്ങൾ കളരിപ്പയറ്റുമായി ഇതിനുള്ള ബന്ധത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. തുളുനാട്ടിന് കോലത്തുനാടുമായി ഉണ്ടായിരുന്ന ബന്ധവും, ക്ഷേത്രങ്ങളിൽ നിന്നുമന്യം നിന്നുപോയ കളരിത്തറകളും മറ്റും ഈ വാദം ശരിവെക്കുന്നു.

**പുതിയ കീഴ്‌വഴക്കങ്ങൾ**

ജീവിതം തന്നെ കാലത്തിനൊത്ത് പരുവപ്പെടുമ്പോൾ കലകൾക്ക് മാത്രം ഗതിമാറിയൊഴുകുക പ്രയാസമാണ്. മുപ്പതു മണിക്കൂറിൽ കുറയാത്ത ഒരഖണ്ഡയജ്ഞമായിരുന്നു പഴയകാലത്ത് പൂരക്കളിയെങ്കിൽ ഇന്നത് എട്ടു മണിക്കൂറിലും കീഴെയായി ചുരുങ്ങി. അരമണിക്കൂർ നേരത്തേക്ക് മാത്രമായി ഇൻസ്റ്റന്റ് കളികളും ഇന്നുണ്ട്. ആർക്കും എപ്പോൾ വേണമെങ്കിലും പങ്കെടുക്കുകയോ പിരിഞ്ഞുപോവുകയോ ആവാമെന്നത് കൊണ്ടുതന്നെ ഇത്രമാത്രം ജനകീയതയുള്ള മറ്റൊരു കാലരൂപവുമിവിടെ ഉണ്ടായിട്ടില്ലെന്നു പറയാമെങ്കിലും ഇതിന്റെ ആയുസ്സിനെ കുറിച്ചുള്ള സന്ദേഹം ഇപ്പോൾ കലശലായിരിക്കുന്നു.

പരിശീലകന്മാരുടെ വൈദഗ്ധ്യക്കുറവാണ് പൂരക്കളി രംഗത്തിന് വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. കളരിമുറകളുടെ മിശ്രണത്താൽ ആസ്വാദ്യതയേറിയിരുന്ന പഴയ കളികൾ ഇന്നില്ല. പൂരക്കാലത്ത് മാത്രം അരങ്ങു കൊടുക്കുകയും പിന്നീട് കൈയൊഴിയുകയും ചെയ്യുന്നത് പതിവായിരിക്കുന്നു. ക്ഷേത്രങ്ങളുടെ അടിയന്തിരാദി കാര്യങ്ങളുമായി ബന്ധപ്പെട്ടതിനാൽ 18 നിറം നിലനിൽക്കുന്നുണ്ടെങ്കിലും വൻകളികളായ ഗണപതിപ്പാട്ട്, രാമായണം കളി, രാമായണം ഇരട്ട, അങ്കം, പട, ചായൽ മുതലായവ ഇന്ന് തീരെയില്ല. എല്ലാതരം കളികളും അനുഷ്ഠാനവിധി പ്രകാരം കണ്ടുവരുന്ന തുരുത്തി നിലമംഗലം കഴകം, കുറുവന്തട്ട കഴകം എന്നിവിടങ്ങളിൽപോലും എണ്ണത്തിൽ ഏറ്റക്കുറച്ചിലുണ്ടായി. നേരത്തെ 49 വിഷയങ്ങളിലായി കളി ക്രമീകരിച്ച് ഒരു പരീക്ഷണത്തിന് ചിലർ മുതിർന്നിരുന്നെങ്കിലും അത് വേണ്ട രീതിയിൽ വിജയിപ്പിക്കാനായില്ല. വേഷവിതാനത്തിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റമാണ് മറ്റൊന്ന്. ചല്ലും ചുറയും മുറുക്കി പ്രപഞ്ചത്തിലെ സർവ്വവിധ ദേവന്മാരെയും നമിക്കുന്ന എട്ടുവിധം തൊഴലോടുകൂടിയ കെട്ടിത്തൊഴൽചടങ്ങ് ഇന്ന് കാഴ്ചയ്ക്ക് പോലുമവശേഷിക്കുന്നില്ല. കുറഞ്ഞ് ആറു മീറ്ററെങ്കിലും വേണ്ട ചുറ ചുരുങ്ങിച്ചുരുങ്ങി ഏറ്റം ചെറുതായി. ഉറുമാലിന്റെ നിറത്തിൽപോലും ജാതീയത നിലനിർത്താൻ സമുദായങ്ങൾ മത്സരിക്കുന്നതും പ്രധാന കാഴ്ചയായിരിക്കുന്നു.

ഏകതാനമായിരുന്ന ചുവടുകളിൽ അടുത്ത കാലത്ത് പ്രകടമായ മാറ്റം കളിയുടെ ജനകീയാടിത്തറ കുറയ്ക്കുന്നതിന് മറ്റൊരു പ്രേരകഘടകമാണ്. തലശ്ശേരി ഭാഗങ്ങളിൽ സ്ത്രൈണത കൂടുതൽ പ്രകടമായ കളിയാണ് കാണാനാകുന്നത്. നല്ല വൈയാകരണന്മാരുടെ അഭാവം മറത്തുകളിയേയും ബാധിക്കുന്നു. പാട്ട്, പദസമ്പത്ത് എന്നിവ ശേഖരിക്കുന്നതിലെ വൈമുഖ്യവും പരന്ന വായനയില്ലായ്മയുമാണ് പണിക്കന്മാർക്ക് വിനയാകുന്നത്.

കാളിദാസ ശാകുന്തളം, ബാണഭട്ടന്റെ കാദംബരി തുടങ്ങിയ കൃതികളിലടക്കം പ്രതിപാദിക്കുന്ന ചൈത്രമാസത്തിലെ വസന്തോത്സവത്തിന്റെ തിരുശേഷിപ്പാണ് പൂരോത്സവത്തിൽ തെളിയുന്നത്. പാണ്ഡിത്യത്തിന്റെ കേന്ദ്രീകരണം തടയാനും സംഘജീവിതത്തിന് പുതിയ താളഭേദങ്ങൾ ചമയ്ക്കാനും കഴിഞ്ഞിരുന്ന പൂരക്കളി ഇന്ന് ആസന്നമൃതിയിലാണ്. അക്കാദമി തലത്തിൽ നടക്കുന്ന ചർച്ചകളോ, പ്രവർത്തനങ്ങളോ താഴേത്തട്ടിലേക്കിറങ്ങി വരാത്തതാണ് ഇവിടുത്തെ മുഖ്യമായ പ്രശ്നം. സെമിനാറുകളിലും മറ്റും ഉരുത്തിരിയുന്ന ആശയങ്ങൾ ക്രോഡീകരിക്കാനോ കളിയെ ഗൗരവമായെടുക്കുന്നവരുടെ ശ്രദ്ധയിലതിനെ കൊണ്ടുവരാനോ ആരും മുതിരുന്നില്ല. ഇതിനിയും വൈകുകിൽ ഒരനുഷ്ഠാന കലയ്ക്കുകൂടി നമുക്ക് ചരമക്കുറിപ്പെഴുതേണ്ടിവരും.

**കാശ്മീരിലെ കുങ്കുമപ്പാടങ്ങളിൽ വിളവെടുപ്പോടനുബന്ധിച്ച് നടത്തുന്ന കജ്രിയെന്ന വസന്തോത്സവം, മണിപ്പൂരിലെ അഷ്ടശ്യാം രാസനൃത്തം തുടങ്ങിയവയ്ക്ക് ഇതിന്റെ ചുവടുകളോട് സാദൃശ്യം കാണുന്നതായി പണ്ഡിതർ അഭിപ്രായപ്പെടുന്നു.**



# അമൃതേത്തും കരിക്കാടിയും

**നാടുവാഴിത്ത വ്യവസ്ഥിതിയുടെ ഉപോത്പന്നമാണ് ആചാരഭാഷ. ജനാധിപത്യസമ്പ്രദായവും സാർവത്രികവിദ്യാഭ്യാസവും കൂറിന്റെയും കാര്യസാദ്ധ്യത്തിന്റെയും ഈ വായ്മൊഴികളെ നാട്ടിൽനിന്നും കെട്ടുകെട്ടിച്ചു.**

**പഴയകാലത്തിൽ നിന്നും പുതിയ കാലത്തിലേക്കുള്ള സാമൂഹിക സാംസ്കാരിക സാമുദായിക രംഗങ്ങളിലെ നമ്മുടെ ഉയർത്തെഴുന്നേൽപിന്റെ കഥയുടെ തീഷ്ണതയറിയാൻ പഴയകാലത്തിന്റെ സാമുദായികാചാര പാദമുദ്രകൾ പതിഞ്ഞ ഈ ഭാഷാപ്രയോഗങ്ങളിൽ ഒന്നു കണ്ണോടിക്കൂ.**

ഡോ.എസ്. മോഹനചന്ദ്രൻ,
ഗവ. സംസ്കൃത കോളേജ്, തിരുവനന്തപുരം.

ആചാരഭാഷയ്ക്ക്, വിനയത്തോടുകൂടി പറയുന്ന വാക്കെന്ന് അർത്ഥം പറയാം. അതായത് എളിയവൻ വലിയവനോട് പറയുന്ന വാക്ക്. ആചാരഭാഷയിലുള്ള പ്രായോഗിക ജ്ഞാനത്തിന് പണ്ടുള്ളവർ വകതിരിവ് എന്നാണ് പറഞ്ഞുവന്നിരുന്നത്. ആചാരമര്യാദകൾ പാലിക്കാത്തവനെ വകതിരിവില്ലാത്തവനായി കണക്കാക്കിയിരുന്നു. "രാജമന്ദിരങ്ങളിലോ ആഢ്യബ്രാഹ്മണ ഗൃഹങ്ങളിലോ ഇടപഴകി അവിടെ താമസിക്കുന്ന ഉയർന്നവരുമായുള്ള സമ്പർക്കംകൊണ്ട് നേടേണ്ടതാണ് ആചാരഭാഷ വ്യുൽപത്തിയെന്ന്" മഹാകവി ഉള്ളൂർ കേരളസാഹിത്യ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

നാടുവാഴിത്ത വ്യവസ്ഥിതിയുടെ ഉപോത്പന്നമായ ഈ ആചാരഭാഷയുടെ ഉത്പന്നം ആചാരങ്ങൾ തന്നെ. ഉത്തമനായ വ്യക്തി യാതൊന്ന് ചെയ്യുന്നുവോ അതിനെ മറ്റുള്ളവരും പിൻതുടരുന്നു. അവർ യാതൊന്നിനെ പ്രമാണമാക്കുന്നുവോ അതിനെ സാധാരണ ജനങ്ങളും അനുസരിക്കുന്നു. ഇതിനെ ആചാരമെന്ന് നിർവ്വചിക്കാം. സമ്പത്തും വിദ്യയും പൗരോഹിത്യവും വാഴ്ചയും കൈയടക്കിവച്ചിരുന്ന ചെറിയ ന്യൂനപക്ഷത്തിന്റെ മേധാവിത്വം അഭംഗുരമായും എന്നാൽ അനുസ്യൂതമായും സുഗമമായും നിലനിൽക്കുന്നതിന് ആചാരങ്ങളോടൊപ്പം ആചാരഭാഷയും ആവശ്യമെന്ന് ബുദ്ധിജീവികൾ മനസ്സിലാക്കി. ഒരു വലിയ സമ്പന്നവിഭാഗം കേരളത്തിൽ ഉണ്ടായിരുന്ന കാലത്താണ് ആചാരഭാഷയുടെ ഉത്ഭവം. കാര്യസാധ്യത്തിനും കൂറിനുംവേണ്ടി അവരെ ആരാധിക്കാനുള്ള മാർഗ്ഗമായിരുന്നു അത്. വായ്മൊഴിയായി കാണുന്ന ഈ ആചാരവാക്കുകൾക്ക് ജാതിഭേദമനുസരിച്ച് മാറ്റമുണ്ടാകാറുണ്ട്. ചന്ദ്രോത്സവം, ചമ്പുക്കൾ, തുള്ളൽകഥകൾ, കീർത്തനങ്ങൾ, ഇന്ദുലേഖ, ഉണ്ണുനീലിസന്ദേശം തുടങ്ങിയ സാഹിത്യകൃതികളിൽ അതതു കാലത്തെ സാമുദായികാചാരത്തിന്റെ പാദമുദ്രകൾ പതിഞ്ഞിട്ടുള്ളതുകാണാം. ഇന്ന് ശുദ്ധമായ രീതിയിൽ ആചാരഭാഷ നിലനിൽക്കുന്നില്ലായെന്നതാണ് വാസ്തവം.

ആവണപ്പലകവെച്ചും ദീപം വെച്ചും
ചങ്ങലവട്ടയിൽ തിരിയുമിട്ട്
അമൃതേത്താലത്താഴം കൊള്ളുന്നോറ്
ഏയുമുറിഞ്ഞ പയയരികൊണ്ട്
തുമ്പമലരമ്പും ചോറുവെച്ച്
പൊൻകൊണ്ടരച്ച കറിയും കൂട്ടി
ഇഞ്ചി, ഇളമാങ്ങിള നാരങ്ങ
മായക്ക, കോവക്കിള വെള്ളേരി
കുഞ്ഞുണ്ണിമാങ്ങ, വറുത്തുപ്പേരി
കാളനിളവനിളം പിച്ചിങ്ങ
പതിനെട്ടില്ലുപ്പേരി ചോറും കൂട്ടി.

മേലുദ്ധരിച്ച നാടൻ പാട്ടിൽ നാടുവാഴി അമൃതേത്ത് കഴിക്കുന്നത് എപ്രകാരമാണെന്ന് ചിത്രീകരിക്കുകയാണ്.

പുഞ്ചനടക്കലെ മാടത്തില്
പുലവപ്പെണ്ണ് പൂമാതയിയൊ
ആണും തൂണുമില്ലാത്ത മാടത്തിന്ന്
വരിനെല്ലുരിയരി കഞ്ഞിവെച്ചു
കണ്ണിപ്പരലുമായൊറ്റിക്കൊഞ്ചൻ
വാലത്തിൻ മീനും പൊയക്കലെ ഞണ്ടും
കൂട്ടി കറിവെച്ചു കഞ്ഞിവെച്ച്
പൂമാതൈ പൊന്നമയും

പ്രസ്തുത പാട്ടിൽ പുലയപ്പെണ്ണായ പൂമാതൈ കരിക്കാടി കഴിക്കുന്നത് എങ്ങനെയെന്ന് നാടൻ കവി വർണ്ണിക്കുകയാണ്. ഈ പാട്ടുകളിൽ നിന്ന് രണ്ടുവർഗ്ഗക്കാരുടെ ജീവിതരീതികളിലും അവസ്ഥകളിലുമുള്ള വൈരുദ്ധ്യം തെളിഞ്ഞുകാണാം.

ഒരേ നിലത്തിൽ കിട്ടുന്ന നെല്ല് ഒരേ തരത്തിൽ പാകപ്പെടുത്തി ഭക്ഷണയോഗ്യമാക്കി തീർത്തതായിരുന്നാലും സമ്പന്നന്റെ ഭക്ഷണം അമൃതേത്തും പാവപ്പെട്ടവന്റേത് കരിക്കാടിയും ആയിത്തീരും. സമ്പന്നൻ കഴിക്കുന്നതെല്ലാം അമൃതാണ്. അമരേത്ത് എന്നും പറയും. അമൃതം എന്നതിന്റെ തത്ഭവമാണ് അമരേത്ത്. സംസ്കൃതം വീണ്ടും അതിനെ അമൃതേത്ത് ആക്കി മാറ്റി. പാവപ്പെട്ടവർ തങ്ങളുടെ നിലയെ താഴ്ത്തി പറയുവാൻ ചോറിന് കരിക്കാടിയെന്നാണ് പറയുന്നത്. ഇതിനെ കരിഞ്ഞകാടി എന്ന് അർത്ഥം പറയാം.

മദ്ധ്യകേരളത്തിൽ ഓണക്കാലത്ത് വേലന്മാർ വീടുകൾ കയറിയിറങ്ങി ഓണത്തുള്ളൽ അവതരിപ്പിച്ചശേഷം താണുതൊഴുതുകൊണ്ട് ഒറ്റശ്വാസത്തിന് താഴെപ്പറയുന്ന ആചാരവാക്കുകൾ വിളിച്ചുപറയുന്ന ഒരു കാലം (ഏതാണ്ട് 60 വർഷങ്ങൾക്കുമുമ്പ്) ഉണ്ടായിരുന്നു. "കാക്കുറ്റപ്പാടെല്ലാം കുറച്ചു



**പ്രഭുക്കന്മാർ, നാടുവാഴികൾ തുടങ്ങിയവരുടെ മുറുക്കലിന് ഇല അമൃതേത്ത് എന്നാണ് പറയുന്നത്. എന്നാൽ പാവപ്പെട്ടവർ മുറുക്കാൻ വേണമെന്ന് പറയുന്നതിന് കാറ്റാടണം എന്നാണ്. മുറുക്കലിനുള്ള സാമഗ്രികളായ വെറ്റിലക്ക് പഴുത്തിലക്കാറ്റ് എന്നും ചവിറ്റല എന്നും അടയ്ക്കക്ക് കഴുങ്ക എന്നും പുകയിലക്ക് പുകലക്കാറ്റെന്നും ഒണക്കിന്റെ ഞെട്ട് എന്നും ചുണ്ണാമ്പിന് ഇത്തിപ്പൊടി അല്ലെങ്കിൽ ഇച്ചൂളിപ്പൊടി എന്നുമുള്ള ആചാരവാക്കുകളാണ് സാധുക്കൾ പ്രയോഗിക്കുന്നത്.**

കുറച്ച് – കരിക്കാടിയെല്ലാം വളരെ വളരെ – നെൽപതിര്, കല്ലരി, വിടലച്ചകരി, മാങ്ങാക്കേട്, പകറില, പാവട്ടക്കുരു" ഇത്രയും പറഞ്ഞുകഴിയുമ്പോൾ കാര്യം ഗ്രഹിച്ച വീട്ടമ്മ നെല്ല്, അരി, തേങ്ങ, ഉപ്പുമാങ്ങ, ഒരിലച്ചോറ്, പ്രത്യേകമായ കുറച്ചുപ്പേരി എന്നിവ തുള്ളൽകാരന് കൊടുക്കും. അടിമത്തത്തിന്റേതായ ഒരു ആചാരഭാഷയിൽ വേലൻ സമുദായത്തിൽപെട്ട ആ തുള്ളൽകാരൻ പറഞ്ഞുവച്ച വാക്കുകളുടെ അർത്ഥമിതാണ്. "ചെയ്ത നൃത്തമെല്ലാം വളരെ കുറവാണ് എന്നിരുന്നാലും കഞ്ഞിക്കുള്ള വക വളരെ തരണം. നെല്ല്, അരി, തേങ്ങ, മാങ്ങ ഇലയിൽ പകർന്ന ചോറ്, ഉപ്പേരി ഇവയെല്ലാം". താഴ്ന്ന ജാതിയിൽപെട്ട ദരിദ്രന്റെ നൃത്തത്തിന് കാക്കുറ്റപ്പാട് എന്ന ആചാരവാക്കേ പറയാവൂ. അതായത് കാലുകൊണ്ട് കുറ്റമായിട്ട് ചെയ്തപാട് എന്നർത്ഥം. അവനുള്ള ആഹാരം കല്ലരിയും കരിക്കാടിയുമാണ്. പ്രാചീനകാലത്ത് താഴ്ന്ന ജാതിക്കാർ ഉയർന്ന ജാതിക്കാരുടെ മുന്നിൽ തങ്ങളുടെ ഭൗതികവും സാംസ്കാരികവുമായ ജീവിതവൃത്തിയെ നിലനിർത്തുന്നതിന് ചെയ്തിട്ടുള്ള പ്രയത്നങ്ങളുടെ കഥ പറയുന്ന വായ്മൊഴികളാണ് ആ ആചാരവാക്കുകൾ.

പ്രഭുക്കന്മാർ, നാടുവാഴികൾ തുടങ്ങിയവരുടെ മുറുക്കലിന് ഇല അമൃതേത്ത് എന്നാണ് പറയുന്നത്. എന്നാൽ പാവപ്പെട്ടവർ മുറുക്കാൻ വേണമെന്ന് പറയുന്നതിന് കാറ്റാടണം എന്നാണ്. മുറുക്കലിനുള്ള സാമഗ്രികളായ വെറ്റിലക്ക് പഴുത്തിലക്കാറ്റ് എന്നും ചവിറ്റല എന്നും അടയ്ക്കക്ക് കഴുങ്ക എന്നും പുകയിലക്ക് പുകലക്കാറ്റെന്നും ഒണക്കിന്റെ ഞെട്ട് എന്നും ചുണ്ണാമ്പിന് ഇത്തിപ്പൊടി അല്ലെങ്കിൽ ഇച്ചൂളിപ്പൊടി എന്നുമുള്ള ആചാരവാക്കുകളാണ് സാധുക്കൾ പ്രയോഗിക്കുന്നത്.

തമ്പുരാക്കന്മാരും നമ്പൂതിരിമാരും വിളിച്ചാൽ ഭൃത്യർ എറാൻ, റാൻ, അടിയൻ എന്നീ ആചാരവാക്കുകളിൽ ഏതെങ്കിലും ചേർത്താണ് വിളികേൾക്കേണ്ടത്. ഇവരുടെ മുമ്പിൽ താഴ്ന്ന ജാതിയിൽപെട്ടവർ 'പഞ്ചപുച്ഛമടക്കി' 'ഓച്ഛാനിച്ചു' കൊണ്ടുവേണം നിൽക്കാൻ. കുട, വടി, ചെരിപ്പ്, രണ്ടാംമുണ്ട്, തൊപ്പി, ഉടുപ്പ് ഇവയൊന്നും കൂടാതെയാണ് അടുത്തു ചെല്ലേണ്ടത്. ഒരു ഇന്ത്യൻ പൗരൻ ഏതെങ്കിലുമൊരു സർക്കാർ ഓഫീസ് മുറിയിൽ മേലുദ്യോഗസ്ഥന്റെ സമീപം നിന്നുകൊണ്ട് യസ്സർ എന്ന് വിനയാദരപൂർവ്വം പറയുന്നതു തന്നെയാണ് പഴയകാലത്തെ എറാൻ, റാൻ, അടിയൻ എന്നീ വാക്കുകൾ. താണവൻ യാത്ര പറയുമ്പോൾ വിടകൊള്ളട്ടെ എന്നു പറയും. സർ, റെസ്പക്ടഡ് സർ, ഒബീഡിയന്റ്‌ലിയും, എക്സ്ട്രീമിലി, ഒബീഡിയന്റ്‌ലിയും, ഓണററി മിനിസ്റ്ററും ഹിസ്സ് മെജസ്റ്റിയും ഹിസ്സ് എക്സലൻസിയും നമ്മുടെ ഭാഷയുടെ ആചാരക്കലവറയിൽ ഇന്ന് വലിയ മാറ്റമില്ലാതെ നിലനിൽക്കുന്നു.

പഴയകാലത്ത് ഓരോ ജാതിക്കാർക്കും പ്രത്യേകം വീട്ടുപേരുകളുണ്ടായിരുന്നു. തമ്പുരാക്കന്മാരുടെ വീടുകൾക്ക് കൊട്ടാരമെന്നോ, കോവിലകമെന്നോ പറയും. നമ്പൂതിരിമാരുടെ വീടിന് ഇല്ലം എന്നും പട്ടന്മാരുടേയും നമ്പിടിമാരുടേയും വീടിന് മഠം എന്നും അമ്പലവാസികളുടേത് കഴകപ്പുരയെന്നും വാരിയർക്ക് വാരിയം എന്നും പിഷാരടിമാരുടേത് പിഷാരം എന്നും നമ്പ്യാർമാരുടേത് പുഷ്പകം എന്നും മാരാർമാരുടേത് മാരാത്ത് എന്നും നായർക്ക് വീട് എന്നും സായ്പിന്റേത് ബംഗ്ലാവ് എന്നും പുലയവിഭാഗരുടേതിന് ചാളയെന്നും ഭൃത്യജനങ്ങളുടേതിന് കുപ്പപ്പാട് എന്നോ കുപ്പാട് എന്നോ പറയുന്നു.

മാന്യന്മാരെ ആദരസൂചകമായി അദ്ദേഹം എന്ന് പറയാറുണ്ട്. തമ്പുരാക്കന്മാരെയാണെങ്കിൽ അവിടുന്ന് എന്നാണ് പറയാറ്. നമ്പൂതിരിമാർക്ക് കത്തെഴുതുമ്പോൾ കവറിന്റെ പുറത്ത് ആദ്യം ബ്രഹ്മശ്രീ എന്നും തമ്പുരാക്കന്മാർക്ക് മഹാമഹിമശ്രീ എന്നും ഇടത്തരം രാജാക്കന്മാർക്ക് മഹിമശ്രീ എന്നും സാധാരണക്കാർക്ക് ശ്രീ അല്ലെങ്കിൽ ശ്രീമാൻ എന്നും എഴുതിയിരുന്നു. തമ്പുരാക്കന്മാരെ ബഹുമാനസൂചകമായി, തിരുമനസ്സുകൊണ്ട് എന്നും പറയാറുണ്ട്. പേരിനുമുമ്പിൽ ശ്രീ, ശ്രീമതി, കുമാരി എന്ന് ഉചിതപൂർവ്വം ചേർക്കുന്നതാണ് ഇന്നത്തെ നാട്ടുനടപ്പ്.

കേരളത്തിലെപ്പോലെ തമിഴ്നാട്ടിലും അയ്യങ്കാർമാർ അടിയൻ, വിടകൊള്ളുക, തിരുവടി, എഴുന്നള്ളുക, പള്ളികൊള്ളുക തുടങ്ങിയ ആചാരവാക്കുകൾ ഉപയോഗിക്കാറുണ്ട്. അടിയൻ എന്ന വാക്കിന് അടിമയെന്നോ ദാസൻ എന്നോ അർത്ഥമുണ്ട്. കീഴ്ജാതിക്കാരനെയും അടിയൻ എന്നു പറയാറുണ്ട്. ഈ വാക്കിൽ നിന്നായിരിക്കും 'അടിയാർപണം' നിഷ്പന്നമായതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അതിന് ജന്മിമാർക്ക് അടിമകൾ കൊടുക്കേണ്ട കരം





എന്ന് അർത്ഥമുണ്ട്. തിരുവടിയ്ക്ക് തൃപ്പാദം എന്ന അർത്ഥമുണ്ട്. വഞ്ചിരാജാക്കന്മാരുടെ സ്ഥാനപ്പേരിന് തിരുവടികൾ എന്ന് പറയാറുണ്ട്. തിരുവിതാംകൂറിന് തിരുവടിദേശം എന്ന് പേരുണ്ടായിരുന്നുവെന്ന കാര്യം ഇവിടെ സ്മരണീയമാണ്.

സംഘക്കളിയിലെ ബലിയുഴിച്ചലിൽ 'തിരു' ചേർത്ത നിരവധി ആചാരവാക്കുകൾ കാണാം.

എറാൻ തിരുവായുസ്സുണ്ടായിരിക്കട്ടെ

തിരുമേനി വിളങ്ങിരിക്കട്ടെ!

തിരുനാമ്പലം ഒഴിഞ്ഞിരിക്കട്ടെ!

തിരുനാവു വിറച്ചിരിക്കട്ടെ!

മനക്കൊട്ടാരം തെളിഞ്ഞിരിക്കട്ടെ!

ഉണ്ണിത്തമ്പുരാക്കന്മാരും വളരെ വളരെ വർദ്ധിച്ചിരിക്കട്ടെ!

തമ്പുരാക്കന്മാരുടെ സ്ത്രീജനങ്ങൾ ഗർഭം ധരിച്ചാൽ 'തിരുവയർവാണു' വെന്നും പ്രസവിച്ചു കഴിഞ്ഞാൽ 'തിരുവയറൊഴിഞ്ഞു'വെന്നുമുള്ള ആചാരവാക്കാണ് പറയാറുള്ളത്. തമ്പുരാക്കന്മാർ മരിച്ചാൽ 'നാടുനീങ്ങി'യെന്നും 'തീപ്പെട്ടെ'ന്നും നമ്പൂതിരി മരിച്ചാൽ 'മുടിഞ്ഞെഴുന്നള്ളി'യെന്നും പറയും. പാവപ്പെട്ടവർ മരിച്ചാൽ 'കുറ്റം പിഴയ്ക്കലായി'പ്പോകും. സ്വാമിയാന്മാർ മരണപ്പെട്ടാൽ 'സ്വർഗ്ഗം പ്രാപിച്ചു' എന്നു പറയും. നമ്പൂതിരിമാർക്കോ തമ്പുരാക്കന്മാർക്കോ അസുഖം വന്നാൽ 'പൊയ്യല്ലായ്മ'യെന്നോ 'ശീലായ്മ' എന്നോ പറയും. നമ്പൂതിരിമാരുടേയും തമ്പുരാക്കന്മാരുടേയും കുളിക്ക് 'നീരാട്ടുകുളി'യെന്നും ഇട പ്രഭുക്കന്മാരുടെ കുളിക്ക് 'കുളം കലക്കുക' എന്നും സാധാരണക്കാരന്റെ കുളിക്ക് 'നനച്ചിലും ചെറുനനയലും' എന്നുമാണ് പറഞ്ഞിരുന്നത്. എണ്ണ തേച്ചുകുളിക്ക് 'മെഴുകു തൊട്ടുപുരട്ടൽ' എന്നും പറയും. പ്രഭുക്കന്മാരുടെ വസ്ത്രത്തിന് 'തിരുവുടയാട' എന്നു പറയുമ്പോൾ പാവപ്പെട്ടവന്റേത് 'പഴന്തുണി' ആയിപ്പോകും. വ്യവഹാര ഭാഷയിലുള്ള വ്യത്യാസം കൊണ്ട് ധനവാനും ദരിദ്രനും വേർതിരിയ്ക്കപ്പെട്ടിരുന്നു.

നമ്പൂതിരികൾ, രാജാക്കന്മാർ തുടങ്ങിയവർ ഉറങ്ങുന്നതിന്, 'പള്ളിക്കുറപ്പുകൊള്ളുക' എന്ന് പറയുമ്പോൾ ഇട പ്രഭുക്കന്മാരുടേതിന് 'വീണുപിരിയുക'യായി. രാജാക്കന്മാരുടെ മെത്തക്ക് 'പള്ളിമെത്ത' യെന്നും കട്ടിലിന് 'പള്ളിക്കട്ടിൽ' എന്നും ഉറക്കറക്ക് 'പള്ളിയറ'യെന്നുമുള്ള ആചാരവാക്കുകളാണ് പറയാറുള്ളത്. രാജാവിന്റെ ഭാര്യയെ തിരുവനന്തപുരം, കൊല്ലം ഭാഗങ്ങളിൽ 'അമ്മച്ചി'യെന്നും കൊച്ചിയിൽ നേത്യാരമ്മയെന്നും കോട്ടയത്ത് കെട്ടിലമ്മയെന്നും നീലേശ്വരത്ത് നങ്ങ്യാരെന്നുമാണ് ആദരപൂർവ്വം വിളിയ്ക്കാറുള്ളത്.

ഒരു കച്ചമുണ്ട് ചുമലിലിട്ട് പുറത്തിറങ്ങുന്ന ഒരു പാണൻ മാളോരെ കണ്ടുപോയാൽ പാങ്കിടാവ് എന്ന ആചാരം പറയുന്നതോടൊപ്പം കച്ചമുണ്ട് കക്ഷത്തിലാക്കുക ഒരു കാലത്ത് പതിവായിരുന്നു. പ്രഭുക്കന്മാർ ഭൃത്യവർഗ്ഗത്തിൽപെട്ടവരെ വിളിയ്ക്കുമ്പോൾ നിയ്യ്, നിനക്ക്, നിന്റെ, നിന്നോട് എന്നിങ്ങനെ ഏകവചനത്തിലേ പ്രയോഗിക്കാറുള്ളു.

കേരളത്തിൽ ഒരു കാലത്ത് ആചാരഭാഷ ധാരാളം പേർ ഉപയോഗിച്ചിരുന്നു. ഇന്ന് അത് വളരെ കുറഞ്ഞിരിക്കുന്നു. ഇന്ന് ആചാരം പറഞ്ഞില്ലെങ്കിൽ ആർക്കും വിരോധവുമില്ല. എന്നിരുന്നാൽ പോലും ആചാരം പറഞ്ഞുകൊള്ളണമെന്ന നിർബന്ധമുള്ള ഒരു കാലഘട്ടം കേരളത്തിൽ ഉണ്ടായിരുന്നുവെന്ന കാര്യം സ്മരണീയമാണ്.

കാലത്തിന്റെ കുത്തൊഴുക്കിൽ പഴയ ആചാരങ്ങൾ മാറി പുതിയവ വന്നുചേരുന്നു. ജനാധിപത്യയുഗത്തിൽ പഴയ സ്വാമി ഭൃത്യഭാവത്തിന് നിലനിൽപില്ലാതെ വന്നപ്പോൾ അതിനെ ആശ്രയിച്ച് കെട്ടിപ്പടുത്ത ആചാര ഭാഷാസൗധം തകർന്നുപോയി. എങ്കിലും അതിന്റെ അവശിഷ്ടങ്ങൾ ഇപ്പോഴും മലയാള സാഹിത്യഗ്രന്ഥങ്ങളിലും മറ്റും ചിന്നിച്ചിതറി കിടപ്പുണ്ട്.

'പണ്ടത്തെ ആചാരമൊന്നും, തന്നെ ഇപ്പോഴുള്ളാളുകൾ ചെയ്യുന്നില്ല' – എന്ന പരാതി വടക്കൻ പാട്ടുകളിൽ കാണാം. കേരളത്തിൽ ജനാധിപത്യ സമ്പ്രദായം നടപ്പിൽ വന്നതോടെയും വലിയവനെന്നോ ചെറിയവനെന്നോ ഉള്ള വ്യത്യാസം ഇല്ലാതായതോടെയും സഹസ്രാബ്ദങ്ങളോളം ഹിന്ദുസമുദായത്തിന്റെ അടിത്തറയായിരുന്ന വർണ്ണാശ്രമ ധർമ്മങ്ങൾ തകർന്നതോടെയും ആചാരഭാഷയ്ക്ക് കോട്ടം സംഭവിച്ചു. സാമൂഹിക വ്യവസ്ഥിയിലും സാമുദായിക ആചാരങ്ങളിലും വന്നിട്ടുള്ള മാറ്റം; ജന്മിത്വ സമ്പ്രദായത്തിൽ വന്ന മാറ്റം; കുചേലനും കുബേരനും തമ്മിലുള്ള അന്തരത്തിൽ വന്ന മാറ്റം എന്നിവ ആചാരഭാഷ നാമാവശേഷമായതിന് കാരണമായി. അധഃസ്ഥിതരുടെയിടയിൽ നടത്തിയിട്ടുള്ള രാഷ്ട്രീയ വിദ്യാഭ്യാസം ഉണ്ടാക്കിയ മാറ്റം ഭാഷയിലും സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഞാൻ സ്വതന്ത്രനാണ് എന്ന ബോധം പാവപ്പെട്ടവന്റെ മനസ്സിലും വേരുന്നിയതോടെ അടിമബോധം മാറിക്കഴിഞ്ഞു. അതിന്റെ ഫലമായി അവൻ അടിമയല്ലെന്ന ബോധം ഉണ്ടാവുകയും അതുവരെ അവന്റെ മേലാളന് കൊടുത്തിരുന്ന വിധേയത്വത്തിന് കുറവു സംഭവിക്കുകയും ചെയ്തു. ഉച്ചനീചത്വങ്ങൾ ഇല്ലാതായതോടെയും ബ്രാഹ്മണ മേധാവിത്വത്തിനു കോട്ടം തട്ടിയതോടെയും രാജഭരണം അവസാനിച്ചതോടെയും സാർവ്വത്രികവിദ്യാഭ്യാസം നടപ്പിൽ വന്നതോടെയും നിരവധി വർഷം കേരളത്തിൽ നിലനിന്നിരുന്ന ആചാരഭാഷാപ്രയോഗം ഒട്ടുമുക്കാലും അപ്രത്യക്ഷമായി എന്നു തന്നെ പറയാം. എങ്കിലും അതിന്റെ അവശിഷ്ടങ്ങൾ സാഹിത്യഗ്രന്ഥങ്ങളിലും മറ്റും അങ്ങിങ്ങായി ചിന്നിച്ചിതറി കിടപ്പുണ്ട്. ഗവേഷകർ താത്പര്യമെടുത്താൽ ഒട്ടനവധി ആചാരവാക്കുകളെ വെളിച്ചത്തുകൊണ്ടുവരാൻ കഴിയും.

**കേരളത്തിൽ ഒരു കാലത്ത് ആചാരഭാഷ ധാരാളം പേർ ഉപയോഗിച്ചിരുന്നു. തമ്പുരാക്കന്മാർ മരിച്ചാൽ 'നാടുനീങ്ങി'യെന്നും 'തീപ്പെട്ടെ'ന്നും നമ്പൂതിരി മരിച്ചാൽ 'മുടിഞ്ഞെഴുന്നള്ളി'യെന്നും പറയും. പാവപ്പെട്ടവർ മരിച്ചാൽ 'കുറ്റം പിഴയ്ക്കലായി'പ്പോകും.**



# സംഗീതത്തിന്റെ വിസ്മയസരണികൾ

കൈനകരി ഷാജി

**ആപാദമധുരമാണ് സംഗീതം – അത് മനസ്സുകളെ വിമലീകരിക്കും; പ്രകൃതിയെ സ്വാധീനിക്കും; രോഗങ്ങൾ ശമിപ്പിക്കും.**



വിദ്യയുടെ അധിദേവതയായ സരസ്വതിയുടെ സ്തനങ്ങളായി സംഗീതവും സാഹിത്യവും സങ്കല്പിക്കപ്പെട്ടു പോരുന്നു. സംഗീതം ആപാതമധുരമാണ്; സാഹിത്യം ആലോചനാമൃതവും. സംഗീതശാസ്ത്രത്തിന്റെ വികാസത്തിനു വഴിതെളിച്ചത് സാമവേദമാണെന്നു കരുതപ്പെടുന്നു.

മനുഷ്യർ മാത്രമാണോ സംഗീതം ആസ്വദിക്കുന്നത്? അല്ല. മറ്റു ജീവജാലങ്ങളും സംഗീതം ആസ്വദിക്കുന്നുണ്ടെന്നു വേണം കരുതാൻ. പശുക്കളും ശിശുക്കളും പാമ്പുകളും സംഗീതത്തെ അറിയുന്നു എന്ന അർത്ഥം വരുന്ന ഒരു സംസ്കൃത ശ്ലോകമുണ്ട്. സംഗീതത്തിനു സസ്യങ്ങളിൽ സ്വാധീനം ചെലുത്താനാവുമെന്ന കാര്യം ശാസ്ത്രഗവേഷകരും ഏറെക്കുറെ സമ്മതിച്ചിട്ടുണ്ട്. ശ്രീകൃഷ്ണന്റെ ഓടക്കുഴൽ നാദം കേട്ട് വൃന്ദാവനത്തിലെ സസ്യലതാദികളും ജീവജാലങ്ങളും സംഗീതലഹരിയിൽ മുഴുകിയതിനെക്കുറിച്ചുള്ള കവിവർണ്ണനയിൽ അതിശയോക്തിയില്ലെന്നു സാരം.

കൈകാലടിച്ചു കരയുന്ന കൈക്കുഞ്ഞ് അമ്മയുടെ താരാട്ടുപാട്ട് കേട്ട് ഉറങ്ങും. “ഓമനത്തിങ്കൾക്കിടാവോ” എന്നു തുടങ്ങുന്ന താരാട്ടുപാട്ടിന്റെ മാധുര്യം മനസ്സിൽ സൂക്ഷിക്കാത്ത മലയാളിയുണ്ടോ?

പാട്ടിൽ ലയിച്ച് പശുക്കൾ ചെവിയാട്ടി നിൽക്കുന്നത് നാം കാണാറുണ്ട്. മകുടിയൂതി പാമ്പാട്ടികൾ പാമ്പിനെ നൃത്തം ചെയ്യിക്കുന്ന കാഴ്ചയും അപൂർവ്വമല്ല. ഭാഷയുടെ അതിർവരമ്പുകളെപ്പോലും അപ്രസക്തമാക്കുന്ന സംഗീതത്തിന്റെ ദേശകാലാതീതമായ അത്യപൂർവ്വശക്തിയെയാണ് ഇതൊക്കെ സൂചിപ്പിക്കുന്നത്.

സംഗീതത്തിന്റെ അത്ഭുതശക്തിയെപ്പറ്റി നിരവധി ഐതിഹ്യങ്ങൾ ഓരോ രാജ്യത്തും പ്രചാരത്തിലുണ്ടെന്ന് ജനസംസ്കൃതികളെപ്പറ്റി പഠിക്കുമ്പോൾ മനസ്സിലാകും. സംഗീതസമ്രാട്ടായിരുന്ന താൻസെൻ ദീപക്‌രാഗം പാടിയപ്പോൾ വിളക്കിലെ തിരിയിൽ പ്രകാശനാളം ഉണ്ടായത്രെ. മേഘമൽഹാർ രാഗം ആലപിച്ച് മഴ പെയ്യിക്കാനും താൻസെനു കഴിഞ്ഞുപോൽ. അമൃതവർഷിണീ രാഗത്തിലുള്ള ആനന്ദാമൃതാകർഷണി എന്ന കീർത്തനം ശരിയായി ആലപിച്ചാൽ മഴ പെയ്യുമെന്നായിരുന്നു വിശ്വാസം. പ്രകൃതിയെപ്പോലും സ്വാധീനിക്കാനുള്ള കഴിവ് സംഗീതകലയ്ക്കുണ്ടെന്ന് ജനങ്ങൾ കരുതിയിരുന്നുവെന്നു വിശ്വസനീയമായി സൂചിപ്പിക്കുന്ന കഥകൾ വേറെയുമുണ്ട്.

മഴ പെയ്യിക്കുവാൻ മാത്രമല്ല രോഗങ്ങൾ മാറ്റുവാനും സംഗീതത്തിനു കഴിയും. ഇക്കാര്യം ശാസ്ത്രീയമായി തെളിയിക്കപ്പെട്ടുകഴിഞ്ഞു. നാൾക്കുനാൾ വികസിച്ച് പ്രചാരം വർദ്ധിച്ചു കൊണ്ടേയിരിക്കുന്ന ഒരു ശാഖയാണ് സംഗീതചികിത്സ. പൗരാണികകാലത്തു തന്നെ മനുഷ്യർ സംഗീതത്തിന്റെ രോഗശമനശക്തിയെപ്പറ്റി മനസ്സിലാക്കിയിരുന്നു. പുരാതന ഗ്രീസിൽ സംഗീതചികിത്സയുടെ ആദിമരീതികൾ പ്രചാരത്തിലുണ്ടായിരുന്നുവെന്ന് ചരിത്രരചയിതാക്കൾ പറയുന്നു. യുലീസ്സസിന്റെ ഒരു മുറിവ് സംഗീതചികിത്സയിലൂടെയാണ് സുഖപ്പെടുത്തിയത്. ഡേവിഡ് രാജാവ് ഹാർപ് എന്ന തന്ത്രീവാദ്യം വായിച്ച് ശൗലിന്റെ രോഗം മാറ്റിയതായി ബൈബിളിൽ പറയുന്നു. മുഗൾ സാമ്രാജ്യത്തിന്റെ അധിപതിയായിരുന്ന അക്ബറുടെ ചക്രവർത്തിനി രോഗബാധിതയായപ്പോൾ താൻസെന്റെ ഗുരുവായിരുന്ന സ്വാമി ഹരിദാസ് വീണയിൽ ഏതോ രാഗം വായിച്ച് രോഗം മാറ്റിയതായും കഥയുണ്ട്. എന്തായാലും കടുത്ത ദുഃഖവും മാനസിക പിരിമുറുക്കവും അനുഭവപ്പെടുന്ന സന്ദർഭങ്ങളിൽ സംഗീതത്തിൽ ലയിച്ചാൽ അനിർവചനീയമായ ആനന്ദവും മനശ്ശാന്തിയും ഉണ്ടാകും. ഇതൊരു അനുഭവസത്യമാണ്. പരിഷ്കൃത രാജ്യങ്ങളിലെ അത്യാധുനിക ആശുപത്രികളിൽ രോഗികൾക്ക് ഇഷ്ടഗാനങ്ങൾ കേൾക്കാൻ സജ്ജീകരണങ്ങളുണ്ട്. ശസ്ത്രക്രിയകളിൽ ഏർപ്പെടുന്ന ഡോക്ടർമാർ പോലും സംഗീതം ശ്രവിക്കുന്നത് അവിടങ്ങളിൽ അപൂർവ്വമല്ല.

സംഗീതത്തിന്റെ അനന്തസാധ്യതകൾ കണ്ടെത്തുന്നതിനും ഫലപ്രദമായി അവയെ പ്രയോജനപ്പെടുത്തുന്നതിനുമുള്ള പരീക്ഷണങ്ങളും ഗവേഷണങ്ങളും വികസിതരാജ്യങ്ങളിൽ തുടരുകയാണ്. സംഗീതം ഉപയോഗിച്ച് കൃഷിയിടങ്ങളിൽ

വിളവ് വർദ്ധിപ്പിക്കാനാവുമെന്ന് ശാസ്ത്രജ്ഞർ തെളിയിച്ചു കഴിഞ്ഞു. വയലേലകളിലും മറ്റും കഠിനാധ്വാനം നടത്തുന്നവർ ജോലിയുടെ ആയാസം ലഘൂകരിക്കാൻ പലതരം പാട്ടുകൾ പാടിയിരുന്നു. അത്തരം നാടൻ പാട്ടുകളും വായ്ത്താരികളും നമുക്ക് സുപരിചിതങ്ങളാണ്. വള്ളം തുഴയുമ്പോൾ പാടാറുള്ള പാട്ടുകളുടെ ഈണവും താളവും തുഴച്ചിലിന്റെ ക്ലേശം അറിയാതിരിക്കാൻ സഹായിക്കും.

പ്രപഞ്ചത്തിന് ഒരു താളമുണ്ട്. ആ താളക്രമത്തിൽ അധിഷ്ഠിതമാണ് മനുഷ്യജീവിതം. 'ശ്രുതി മാതാ ലയം പിതാ' എന്നു പറയാറുണ്ടല്ലോ.

രാഗതാള ശ്രുതിലയസംഗമം എന്നു വിശേഷിപ്പിക്കാവുന്ന സംഗീതം നൽകുന്ന ആഹ്ലാദം ബ്രഹ്മാനന്ദ തുല്യമാണ്. അത് അനുഭവൈകവേദ്യമാണ്.

മഹത്തായ സംഗീതപാരമ്പര്യം ഭാരതത്തിനുണ്ട്. കേരളീയർ പൊതുവെ സംഗീതം ഇഷ്ടപ്പെടുന്നവരാണ്. സംഗീതകലയുടെ വികാസത്തിനു കേരളീയർ നൽകിയ സംഭാവന ചെറുതല്ല. പക്ഷേ ഭാരതീയ സംഗീതപാരമ്പര്യത്തിന്റെ മഹിമാതിരേകം മറന്നുകൊണ്ട് ആളുകൾ പാശ്ചാത്യ സംഗീതത്തിനു പിന്നാലെ പരക്കം പായുന്നു. ഈ പ്രവണത ആശാസ്യമാണോ എന്നു ഗൗരവപൂർവ്വം ചിന്തിക്കേണ്ടതുണ്ട്. മറ്റു രാജ്യങ്ങളുടെ സംസ്കാരത്തെയും കലാപാരമ്പര്യത്തെയും അവഗണിക്കുന്നതും അപഹസിക്കുന്നതും നന്നല്ല. പക്ഷേ സ്വന്തം പാരമ്പര്യത്തിന്റെ മഹിമ മനസ്സിലാക്കാതെ അന്യമായതിനെ അമിതാവേശത്തോടെ ആശ്ലേഷിക്കുന്നത് അനുചിതം തന്നെ. നാം നമ്മുടെ പാരമ്പര്യത്തെ ശരിയായി മനസ്സിലാക്കണം. അതിൽ അഭിമാനം കൊള്ളുകയും വേണം.

ശാസ്ത്രീയസംഗീതം പെട്ടെന്ന് അഭ്യസിക്കാൻ കഴിയില്ല. അതിനു വർഷങ്ങൾ നീളുന്ന കഠിനസപര്യ കൂടിയേ തീരൂ. സംഗീതം ആസ്വദിക്കുന്നതിനുള്ള കഴിവു നേടാനും വേണം നിരന്തരപരിശീലനം. സംഗീതോപാസന ധന്യമാണ്. അതിൽ മുഴുകുന്നവരുടെ ജീവിതം എല്ലാ അർത്ഥത്തിലും ധന്യമാകും. വിദേശസംഗീതത്തിന്റെ വിഭ്രാമകസ്വാധീനവലയത്തിൽപെട്ടുപോകുന്ന ഇളംതലമുറകളെ ഭാരതീയ സംഗീതപാരമ്പര്യധാരകൾ പരിചിതങ്ങളാക്കാൻ കാലാനുസൃതവും ഭാവനാപൂർണ്ണവുമായ ശ്രമങ്ങൾ ആവശ്യമാണ്.

മനുഷ്യമനസ്സുകളെ വിമലീകരിച്ച് ആനന്ദത്തിന്റെ ഉദാത്തതലങ്ങളിലേക്ക് ഉയർത്തുന്ന സംഗീതകലയുടെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്കുവേണ്ടി നടത്തുന്ന നാനാതരം പരിശ്രമങ്ങളെ സർവ്വാത്മനാ പ്രോത്സാഹിപ്പിക്കുക എന്നത് സംസ്കാര സമ്പന്നതയുള്ള ഓരോ വ്യക്തിയുടെയും അനുപേക്ഷണീയമായ കടമ മാത്രമാണ്!



# വിഷവിമുക്തലോകത്തിനായി

**എം.ജി. ശാന്തൻ**

എല്ലാ മാരകവിഷങ്ങളും ഏറ്റുവാങ്ങി ജീവിക്കാൻ നാം ശീലിച്ചിരിക്കുന്നു. നമുക്ക് ഗന്ധവും രുചിയും എന്തെന്ന് തിരിച്ചറിയാതായിരിക്കുന്നു. കഴിക്കുന്ന ഭക്ഷണത്തിലും കുടിക്കുന്ന വെള്ളത്തിൽപോലും രാസവസ്തുക്കളുടെ അംശം അടങ്ങിയിരിക്കുന്നു. നമ്മൾ വരുത്തിവെച്ചതിന്റെ അനന്തരഫലം നാം തന്നെ അനുഭവിക്കുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തി. കർമ്മഫലം എന്നു പറയാം.

ഭക്ഷ്യോത്പാദനം ഉയർത്താനെന്ന പേരിൽ 1960കൾ മുതൽ പ്രചരിക്കപ്പെട്ട രാസവളം ഉപയോഗിച്ചുള്ള കൃഷി ഇന്നും തുടർന്നു കൊണ്ടുപോകുന്നു. ഈ കൃഷിരീതികൊണ്ട് മനുഷ്യനും പ്രകൃതിക്കും എന്തുമാത്രം ദോഷം ചെയ്യുന്നു എന്ന വസ്തുത ഞെട്ടിക്കുന്നതാണ്. നിരവധി ജീവികളും ചെടികളും നശിക്കുന്നു. കാൻസറും മറ്റു രോഗങ്ങളുമായി പ്രതിവർഷം രണ്ടരക്കോടി ജനങ്ങളെ ആശുപത്രിക്കിടക്കകളിലും, പരോക്ഷമായി ഇവ മനുഷ്യനെ അനാരോഗ്യത്തിന്റെ തടവറയിലുമെത്തിക്കുകയും ചെയ്യുന്നു.

രാസവളമുപയോഗിച്ചുള്ള കൃഷി കാര്യമായി ഫലപ്രാപ്തിയിലെത്തിയില്ല എന്നു ശാസ്ത്രീയ കൃഷിരീതിയുടെ മുന്നണിപ്പോരാളികളായ അന്താരാഷ്ട്ര നെല്ലു ഗവേഷണ കേന്ദ്രവും (ഐ.ആർ.ആർ.ഐ) ഭക്ഷ്യകൃഷി സംഘടനയും (എഫ്.എ.ഒ.) ഇന്ന് അംഗീകരിക്കുന്നുണ്ട്. അപ്പുറത്താകട്ടെ പൂക്കളിലും ധാന്യങ്ങളിലും മൃഗങ്ങളിലും എന്നുവേണ്ട വിദൂര ഹിമഭൂമികളിൽപോലും ഈ വിഷപദാർത്ഥങ്ങൾ എത്തിച്ചേർന്നു കഴിഞ്ഞു. എന്നിട്ടും ശാസ്ത്രീയ കൃഷിരീതിയുടെ യാത്ര കീടനാശിനികളിൽ നിന്നും മാരക വിഷങ്ങളിലേക്കും സങ്കരവിത്തുകളിൽ നിന്നും ജനിതക മാറ്റം ചെയ്ത വിത്തുകളിലേക്കുമാണ്.

സർക്കാർ ഇന്ന് രജിസ്റ്റർ നൽകി അനുവദിച്ചിട്ടുള്ള 140-ൽ പരം കീടനാശിനികളിൽ മുപ്പതോളം കീടനാശിനികളിൽ എത്രമാത്രം മാരകവിഷം അടങ്ങിയിട്ടുണ്ട് എന്ന് സംബന്ധിച്ച വിവരങ്ങളേ ഇന്ന് നമുക്കറിയുകയുള്ളു. ലോകമെങ്ങും നിരോധിച്ച മുപ്പത്തിയാറ് രാസവസ്തുക്കൾ നമ്മുടെ കർഷകർ ഉപയോഗിക്കുന്ന കീടനാശിനികളുടെ മൂന്നിലൊന്നുവരും. ഉപയോഗം നിർത്തി വർഷങ്ങൾ കഴിഞ്ഞിട്ടും ഡി.ഡി.ടി., ബി.എച്ച്.സി. തുടങ്ങിയ മാരക വിഷവസ്തുക്കളുടെ ശേഷിപ്പുകൾ മണ്ണിൽ നിന്നും എന്നുവേണ്ട ഭക്ഷ്യപദാർത്ഥങ്ങളിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്.

ഡി.ഡി.ടി., ബി.എച്ച്.സി. തുടങ്ങിയ രാസവസ്തു പോലെ മാരകമായ രാസവസ്തുവാണ് എൻഡോസൾഫാൻ. ഇത് കശുമാവിൻ തോട്ടങ്ങളിലും സമീപപ്രദേശങ്ങളിലും തളിച്ചതിന്റെ മാരകഫലങ്ങൾ നമുക്ക് പെട്ടെന്ന് മറക്കുവാൻ കഴിയില്ല. നിരവധി കാൻസർ രോഗികളും, ജനിതക വൈകല്യത്താൽ പിറന്നു വീഴുന്ന കുഞ്ഞുങ്ങളും ഇത്തരം പ്രദേശങ്ങളിലെ ജനങ്ങളെ തീരാദുഃഖത്തിലും കണ്ണീരിലും അവസാനം മരണത്തിലേക്കും എത്തിക്കുന്നു.

ഈ രീതിയിൽ ഇനിയും നമുക്ക് മുന്നോട്ട് പോകുവാനാവുകയില്ല. ഈ പ്രശ്നങ്ങളിൽ നിന്നും രക്ഷപ്പെടണമെങ്കിൽ പ്രായോഗികമായി ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അതിനായി നാം ജൈവകൃഷിയിലേക്ക് തിരിച്ചു പോകണം. രാസവളം ചേർത്തുള്ള കൃഷി വരുന്നതിനു മുൻപ് നമ്മുടെ പൂർവ്വികർ ചാരവും, ചപ്പുകളും, പച്ചിലകളും, കാലിവളവും ചേർത്തായിരുന്നു കൃഷി ചെയ്തിരുന്നത് എന്ന് നാം ഓർക്കേണ്ടിയിരിക്കുന്നു.

ലോകം ഇന്ന് ജൈവകൃഷിയിലേക്ക് കടന്നിരിക്കുന്ന അവസരത്തിൽപോലും ഉറക്കത്തിൽ നിന്നും നാം ഉണർന്നിട്ടില്ല എന്നതാണ് വസ്തുത. എങ്കിലും പല സംഘടനകളും കൃഷിക്കാരും ജൈവകൃഷിയിലേക്ക് തിരിഞ്ഞിരിക്കുന്നുവെന്നത് സന്തോഷകരമാണ്.

തിരുവനന്തപുരത്ത് തണൽ എന്ന പരിസ്ഥിതി സംഘടന സ്തുത്യർഹമായ പ്രവർത്തനം ഈ മേഖലയിൽ നടത്തുന്നുണ്ട്. വെങ്ങാനൂർ, വിഴിഞ്ഞം പഞ്ചായത്തിലെ സ്വയം സഹായസംഘങ്ങൾക്കും കൃഷിക്കാർക്കും രാസവളം പൂർണ്ണമായി ഒഴിവാക്കി എങ്ങനെ കൃഷിചെയ്യാമെന്ന് പഠിപ്പിക്കുകയും അവർ ഉത്പാദിപ്പിക്കുന്ന കാർഷികോത്പന്നങ്ങൾ വിൽക്കാൻ വേദിയൊരുക്കുകയും ഇവർ ചെയ്യുന്നു. ഓർഗാനിക് ബസാർ എന്ന സംരംഭത്തിലൂടെ ഉത്പാദകനുള്ള വരുമാനം ഇടത്തട്ടുകാരിലേക്ക് പോകാതെ പൂർണ്ണമായും അവർക്കുതന്നെ ലഭിക്കുന്നു. ഇതുകൂടാതെ ഉത്പാദകനും ഉപഭോക്താക്കളും തമ്മിലുള്ള സാമൂഹികബന്ധത്തിന്റെ ഇഴയടുപ്പവും നമുക്കിവിടെ കാണുവാൻ കഴിയുന്നു.

ഇരിക്കുന്ന ചില്ല മുറിക്കുന്ന അവസ്ഥ മാറട്ടെ! ജൈവകൃഷിയിലൂടെ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ആത്മബന്ധം പൂത്തുവിടരട്ടെ! വിഷരഹിതമായ ജീവിതത്തിന്റെ പൊൻപുലരി നമ്മുടെ വരുംതലമുറയെങ്കിലും ദർശിക്കട്ടെ! അതിനായി നമുക്ക് പ്രയത്നിക്കാം.

വിളവ് വർദ്ധിപ്പിക്കാനാവുമെന്ന് ശാസ്ത്രജ്ഞർ തെളിയിച്ചു കഴിഞ്ഞു. വയലേലകളിലും മറ്റും കഠിനാധ്വാനം നടത്തുന്നവർ ജോലിയുടെ ആയാസം ലഘൂകരിക്കാൻ പലതരം പാട്ടുകൾ പാടിയിരുന്നു. അത്തരം നാടൻ പാട്ടുകളും വായ്ത്താരികളും നമുക്ക് സുപരിചിതങ്ങളാണ്. വള്ളം തുഴയുമ്പോൾ പാടാറുള്ള പാട്ടുകളുടെ ഈണവും താളവും തുഴച്ചിലിന്റെ ക്ലേശം അറിയാതിരിക്കാൻ സഹായിക്കും.

പ്രപഞ്ചത്തിന് ഒരു താളമുണ്ട്. ആ താളക്രമത്തിൽ അധിഷ്ഠിതമാണ് മനുഷ്യജീവിതം. 'ശ്രുതി മാതാ ലയം പിതാ' എന്നു പറയാറുണ്ടല്ലോ.

രാഗതാള ശ്രുതിലയസംഗമം എന്നു വിശേഷിപ്പിക്കാവുന്ന സംഗീതം നൽകുന്ന ആഹ്ലാദം ബ്രഹ്മാനന്ദ തുല്യമാണ്. അത് അനുഭവൈകവേദ്യമാണ്.

മഹത്തായ സംഗീതപാരമ്പര്യം ഭാരതത്തിനുണ്ട്. കേരളീയർ പൊതുവെ സംഗീതം ഇഷ്ടപ്പെടുന്നവരാണ്. സംഗീതകലയുടെ വികാസത്തിനു കേരളീയർ നൽകിയ സംഭാവന ചെറുതല്ല. പക്ഷേ ഭാരതീയ സംഗീതപാരമ്പര്യത്തിന്റെ മഹിമാതിരേകം മറന്നുകൊണ്ട് ആളുകൾ പാശ്ചാത്യ സംഗീതത്തിനു പിന്നാലെ പരക്കം പായുന്നു. ഈ പ്രവണത ആശാസ്യമാണോ എന്നു ഗൗരവപൂർവ്വം ചിന്തിക്കേണ്ടതുണ്ട്. മറ്റു രാജ്യങ്ങളുടെ സംസ്കാരത്തെയും കലാപാരമ്പര്യത്തെയും അവഗണിക്കുന്നതും അപഹസിക്കുന്നതും നന്നല്ല. പക്ഷേ സ്വന്തം പാരമ്പര്യത്തിന്റെ മഹിമ മനസ്സിലാക്കാതെ അന്യമായതിനെ അമിതാവേശത്തോടെ ആശ്ലേഷിക്കുന്നത് അനുചിതം തന്നെ. നാം നമ്മുടെ പാരമ്പര്യത്തെ ശരിയായി മനസ്സിലാക്കണം. അതിൽ അഭിമാനം കൊള്ളുകയും വേണം.

ശാസ്ത്രീയസംഗീതം പെട്ടെന്ന് അഭ്യസിക്കാൻ കഴിയില്ല. അതിനു വർഷങ്ങൾ നീളുന്ന കഠിനസപര്യ കൂടിയേ തീരൂ. സംഗീതം ആസ്വദിക്കുന്നതിനുള്ള കഴിവു നേടാനും വേണം നിരന്തരപരിശീലനം. സംഗീതോപാസന ധന്യമാണ്. അതിൽ മുഴുകുന്നവരുടെ ജീവിതം എല്ലാ അർത്ഥത്തിലും ധന്യമാകും. വിദേശസംഗീതത്തിന്റെ വിഭ്രാമകസ്വാധീനവലയത്തിൽപെട്ടുപോകുന്ന ഇളംതലമുറകളെ ഭാരതീയ സംഗീതപാരമ്പര്യധാരകൾ പരിചിതങ്ങളാക്കാൻ കാലാനുസൃതവും ഭാവനാപൂർണ്ണവുമായ ശ്രമങ്ങൾ ആവശ്യമാണ്.

മനുഷ്യമനസ്സുകളെ വിമലീകരിച്ച് ആനന്ദത്തിന്റെ ഉദാത്തതലങ്ങളിലേക്ക് ഉയർത്തുന്ന സംഗീതകലയുടെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്കുവേണ്ടി നടത്തുന്ന നാനാതരം പരിശ്രമങ്ങളെ സർവ്വാത്മനാ പ്രോത്സാഹിപ്പിക്കുക എന്നത് സംസ്കാര സമ്പന്നതയുള്ള ഓരോ വ്യക്തിയുടെയും അനുപേക്ഷണീയമായ കടമ മാത്രമാണ്! ●



# വിഷവിമുക്തലോകത്തിനായി

**എം.ജി. ശാന്തൻ**

എല്ലാ മാരകവിഷങ്ങളും ഏറ്റുവാങ്ങി ജീവിക്കാൻ നാം ശീലിച്ചിരിക്കുന്നു. നമുക്ക് ഗന്ധവും രുചിയും എന്തെന്ന് തിരിച്ചറിയാതായിരിക്കുന്നു. കഴിക്കുന്ന ഭക്ഷണത്തിലും കുടിക്കുന്ന വെള്ളത്തിൽപോലും രാസവസ്തുക്കളുടെ അംശം അടങ്ങിയിരിക്കുന്നു. നമ്മൾ വരുത്തിവെച്ചതിന്റെ അനന്തരഫലം നാം തന്നെ അനുഭവിക്കുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തി. കർമ്മഫലം എന്നു പറയാം.

ഭക്ഷ്യോത്പാദനം ഉയർത്താനെന്ന പേരിൽ 1960കൾ മുതൽ പ്രചരിക്കപ്പെട്ട രാസവളം ഉപയോഗിച്ചുള്ള കൃഷി ഇന്നും തുടർന്നു കൊണ്ടുപോകുന്നു. ഈ കൃഷി രീതികൊണ്ട് മനുഷ്യനും പ്രകൃതിക്കും എന്തുമാത്രം ദോഷം ചെയ്യുന്നു എന്ന വസ്തുത ഞെട്ടിക്കുന്നതാണ്. നിരവധി ജീവികളും ചെടികളും നശിക്കുന്നു. കാൻസറും മറ്റു രോഗങ്ങളുമായി പ്രതിവർഷം രണ്ടരക്കോടി ജനങ്ങളെ ആശുപത്രിക്കിടക്കകളിലും, പരോക്ഷമായി ഇവ മനുഷ്യനെ അനാരോഗ്യത്തിന്റെ തടവറയിലുമെത്തിക്കുകയും ചെയ്യുന്നു.

രാസവളമുപയോഗിച്ചുള്ള കൃഷി കാര്യമായി ഫലപ്രാപ്തിയിലെത്തിയില്ല എന്നു ശാസ്ത്രീയ കൃഷിരീതിയുടെ മുന്നണിപ്പോരാളികളായ അന്താരാഷ്ട്ര നെല്ലു ഗവേഷണ കേന്ദ്രവും (ഐ.ആർ.ആർ.ഐ) ഭക്ഷ്യകൃഷി സംഘടനയും (എഫ്.എ.ഒ.) ഇന്ന് അംഗീകരിക്കുന്നുണ്ട്. അപ്പുറത്താകട്ടെ പൂക്കളിലും ധാന്യങ്ങളിലും മൃഗങ്ങളിലും എന്നുവേണ്ട വിദൂര ഹിമഭൂമികളിൽപോലും ഈ വിഷപദാർത്ഥങ്ങൾ എത്തിച്ചേർന്നു കഴിഞ്ഞു. എന്നിട്ടും ശാസ്ത്രീയ കൃഷിരീതിയുടെ യാത്ര കീടനാശിനികളിൽ നിന്നും മാരക വിഷങ്ങളിലേക്കും സങ്കരവിത്തുകളിൽ നിന്നും ജനിതക മാറ്റം ചെയ്ത വിത്തുകളിലേക്കുമാണ്.

സർക്കാർ ഇന്ന് രജിസ്റ്റർ നൽകി അനുവദിച്ചിട്ടുള്ള 140-ൽ പരം കീടനാശിനികളിൽ മുപ്പതോളം കീടനാശിനികളിൽ എത്രമാത്രം മാരകവിഷം അടങ്ങിയിട്ടുണ്ട് എന്ന് സംബ്ന്ധിച്ച വിവരങ്ങളേ ഇന്ന് നമുക്കറിയുകയുള്ളു. ലോകമെങ്ങും നിരോധിച്ച മുപ്പത്തിയാറ് രാസവസ്തുക്കൾ നമ്മുടെ കർഷകർ ഉപയോഗിക്കുന്ന കീടനാശിനികളുടെ മൂന്നിലൊന്നുവരും. ഉപയോഗം നിർത്തി വർഷങ്ങൾ കഴിഞ്ഞിട്ടും ഡി.ഡി.ടി., ബി.എച്ച്.സി. തുടങ്ങിയ മാരക വിഷവസ്തുക്കളുടെ ശേഷിപ്പുകൾ മണ്ണിൽ നിന്നും എന്നുവേണ്ട ഭക്ഷ്യപദാർത്ഥങ്ങളിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്.

ഡി.ഡി.ടി., ബി.എച്ച്.സി. തുടങ്ങിയ രാസവസ്തു പോലെ മാരകമായ രാസവസ്തുവാണ് എൻഡോസൾഫാൻ. ഇത് കശുമാവിൻ തോട്ടങ്ങളിലും സമീപപ്രദേശങ്ങളിലും തളിച്ചതിന്റെ മാരകഫലങ്ങൾ നമുക്ക് പെട്ടെന്ന് മറക്കുവാൻ കഴിയില്ല. നിരവധി കാൻസർ രോഗികളും, ജനിതക വൈകല്യത്താൽ പിറന്നു വീഴുന്ന കുഞ്ഞുങ്ങളും ഇത്തരം പ്രദേശങ്ങളിലെ ജനങ്ങളെ തീരാദുഃഖത്തിലും കണ്ണീരിലും അവസാനം മരണത്തിലേക്കും എത്തിക്കുന്നു.

ഈ രീതിയിൽ ഇനിയും നമുക്ക് മുന്നോട്ട് പോകുവാനാവുകയില്ല. ഈ പ്രശ്നങ്ങളിൽ നിന്നും രക്ഷപ്പെടണമെങ്കിൽ പ്രായോഗികമായി ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അതിനായി നാം ജൈവകൃഷിയിലേക്ക് തിരിച്ചു പോകണം. രാസവളം ചേർത്തുള്ള കൃഷി വരുന്നതിനു മുൻപ് നമ്മുടെ പൂർവ്വികർ ചാരവും, ചപ്പുകളും, പച്ചിലകളും, കാലിവളവും ചേർത്തായിരുന്നു കൃഷി ചെയ്തിരുന്നത് എന്ന് നാം ഓർക്കേണ്ടിയിരിക്കുന്നു.

ലോകം ഇന്ന് ജൈവകൃഷിയിലേക്ക് കടന്നിരിക്കുന്ന അവസരത്തിൽപോലും ഉറക്കത്തിൽ നിന്നും നാം ഉണർന്നിട്ടില്ല എന്നതാണ് വസ്തുത. എങ്കിലും പല സംഘടനകളും കൃഷിക്കാരും ജൈവകൃഷിയിലേക്ക് തിരിഞ്ഞിരിക്കുന്നുവെന്നത് സന്തോഷകരമാണ്.

തിരുവനന്തപുരത്ത് തണൽ എന്ന പരിസ്ഥിതി സംഘടന സ്തുത്യർഹമായ പ്രവർത്തനം ഈ മേഖലയിൽ നടത്തുന്നുണ്ട്. വെങ്ങാനൂർ, വിഴിഞ്ഞം പഞ്ചായത്തിലെ സ്വയം സഹായസംഘങ്ങൾക്കും കൃഷിക്കാർക്കും രാസവളം പൂർണ്ണമായി ഒഴിവാക്കി എങ്ങനെ കൃഷിചെയ്യാമെന്ന് പഠിപ്പിക്കുകയും അവർ ഉത്പാദിപ്പിക്കുന്ന കാർഷികോത്പന്നങ്ങൾ വിൽക്കാൻ വേദിയൊരുക്കുകയും ഇവർ ചെയ്യുന്നു. ഓർഗാനിക് ബസാർ എന്ന സംരംഭത്തിലൂടെ ഉത്പാദകനുള്ള വരുമാനം ഇടത്തട്ടുകാരിലേക്ക് പോകാതെ പൂർണ്ണമായും അവർക്കുതന്നെ ലഭിക്കുന്നു. ഇതുകൂടാതെ ഉത്പാദകനും ഉപഭോക്താക്കളും തമ്മിലുള്ള സാമൂഹികബന്ധത്തിന്റെ ഇഴയടുപ്പവും നമുക്കിവിടെ കാണുവാൻ കഴിയുന്നു.

ഇരിക്കുന്ന ചില്ല മുറിക്കുന്ന അവസ്ഥ മാറട്ടെ! ജൈവകൃഷിയിലൂടെ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ആത്മബന്ധം പുതുത്തുവിടരട്ടെ! വിഷരഹിതമായ ജീവിതത്തിന്റെ പൊൻപുലരി നമ്മുടെ വരുംതലമുറയെങ്കിലും ദർശിക്കട്ടെ! അതിനായി നമുക്ക് പ്രയത്നിക്കാം. ●



# അമ്പതു കഴിഞ്ഞ പിരിയൻ ഗോവണി

പി.കെ. സുധി

**1953-ലാണ് ഡി.എൻ.എ. യുടെ പിരിയൻ ഗോവണിഘടന ശാസ്ത്രലോകം അംഗീകരിച്ചത്. ആർതർ കോൺബർഗ് എന്ന ശാസ്ത്രജ്ഞൻ കൃത്രിമ ഡി.എൻ.എ. നിർമ്മാണത്തിലൂടെ ജനിതകഎഞ്ചിനീയറിംഗിനു തുടക്കമിട്ടത് 1967-ലും. മനുഷ്യഭ്രൂണത്തിന്റെ കൃത്രിമനിർമ്മാണവും രോഗബാധിത കോശങ്ങൾക്കുപകരമുള്ള കാണ്ഡകോശങ്ങളെ വേർതിരിക്കുന്നതുമായ നൈതികപ്രശ്നങ്ങൾവരെ കൈകാര്യം ചെയ്യുന്ന ഒന്നായി ഈ ശാസ്ത്രം ഇന്ന് മാറിയിരിക്കുന്നു.**

ജീവശാസ്ത്ര ശാഖകളിൽ ജനിതക ശാസ്ത്രത്തിന് സുപ്രധാന സ്ഥാനമാണുള്ളത്. മാതാപിതാക്കളിൽ നിന്നും സന്താനങ്ങളിലേക്ക് പകരുന്ന പാരമ്പര്യ സ്വഭാവങ്ങളെയും വ്യതിയാനങ്ങളെയും കുറിച്ചുള്ള പഠനമാണ് ജനിതക ശാസ്ത്രം. ജനിതക പ്രത്യേകതകൾ എങ്ങനെ സന്താനങ്ങളിലേക്ക് വ്യാപരിക്കുന്നു? പൂർവ്വികർക്കന്യമായ ഗുണങ്ങൾ എങ്ങനെ പുതു തലമുറയിൽ പ്രകടമാകുന്നു? മനുഷ്യബുദ്ധിയെ പണ്ടു മുതൽക്കേ കൗതുകം കൊള്ളിച്ച വിഷയമായിരുന്നു ഇത്.

പാരമ്പര്യ ശാസ്ത്രത്തിന്റെ വേരുകൾ 6000 ബി.സി. വരെ നീണ്ടുകിടക്കുന്നു. പുരാതന ബാബിലോണിയൻ ജനത കുതിരകളുടെ വംശാവലി നിരീക്ഷിച്ചിരുന്നു. ഇതേ കാലത്ത് തന്നെ ചൈനാക്കാർക്ക് ഗുണമേന്മയുള്ള വിത്തുകൾ തെരഞ്ഞെടുക്കാനും വൈവിധ്യ സവിശേഷതകൾ ഒരു ചെടിയിൽ ഉൾപ്പെടുത്താനുള്ള വർഗ്ഗസങ്കരണ രീതികളും അറിയാമായിരുന്നു. സസ്യ ജന്തു വർഗ്ഗങ്ങളുടെ ഇത്തരം ഗുണപരമായ തെരഞ്ഞെടുക്കലുകളും വർഗ്ഗസങ്കരണ രീതികളുമാണ് ഈ വിജ്ഞാനശാഖയ്ക്ക് അടിത്തറയായത്.

1953-ൽ ജയിംസ് വാട്സണും, ഫ്രാൻസിസ് ക്രക്കും നടത്തിയത് സുപ്രധാനമായൊരു കണ്ടുപിടുത്തമായിരുന്നു. ജനിതക ദ്രവ്യത്തിന്റെ (ഡി.എൻ.എ. അഥവാ ഓക്സിറൈബോ ന്യൂക്ലിക് ആസിഡ്) ഘടനാ നിർധാരണമായിരുന്നു നോബൽ സമ്മാനാർഹമായ ആ കണ്ടുപിടിത്തം. അച്ചടിയന്ത്രം, ആവിഎഞ്ചിൻ, കമ്പ്യൂട്ടർ തുടങ്ങിയവയുടെ കണ്ടെത്തൽ പോലെ മനുഷ്യപുരോഗതിയുടെ വേഗം വർദ്ധിപ്പിച്ച ഒന്നായിരുന്നു ഡി.എൻ.എ.യ്ക്ക് അവർ ആവിഷ്കരിച്ച രൂപഘടന.

ജീവജാലങ്ങളുടെ ജനിതകദ്രവ്യമായ ഡി.എൻ.എ.യുടെ പിരിയൻ ഗോവണിഘടന ശാസ്ത്രലോകം അംഗീകരിച്ച് കഴിഞ്ഞിട്ട് ഇപ്പോൾ അമ്പതാണ്ടുകൾ കഴിഞ്ഞിരിക്കുന്നു. ജനറ്റിക് എഞ്ചിനീയറിംഗ്, ക്ലോണിംഗ്, ജീൻ തെറാപ്പി, മാനവജീനോം പ്രോജക്ട് തുടങ്ങി നൂതന വിഭാഗങ്ങളുടെ ആവിർഭാവം ജനിതകശാസ്ത്രശാഖയെ പുഷ്ടമാക്കി. ഇതിനെല്ലാമാധാരമായത് ഡി.എൻ.എ.യുടെ ഘടനാനിർദ്ധാരണമാണ്.

### ജനിതക ചരിത്രം

500 ബി.സി.യിൽ പൈതഗോറസ് പറഞ്ഞത് സ്ത്രീപുരുഷ ജനിതക ദ്രാവക സംയോഗത്തിൽ നിന്ന് പുതുജീവനുണ്ടാകുന്നു എന്നാണ്. മാതൃപിതൃപാരമ്പര്യ ഗുണസമ്പുഷ്ടമായ ഈ ദ്രാവകം ജനയിതാക്കളുടെ ഓരോ അവയവത്തിൽ നിന്നും ഊറിവരുന്നതാണ്. ചാൾസ് ഡാർവിനും ജനിതക കാരണങ്ങളെക്കുറിച്ച് സമാനമായ അഭിപ്രായം പുലർത്തിയിരുന്നു. മാതാവിന്റെയും പിതാവിന്റെയും കോശങ്ങളിൽ നിന്നും പാൻജീനുകളെന്ന ഘടകം ഉണ്ടാകുന്നു. പാരമ്പര്യ സ്വഭാവനിർണ്ണയ ശേഷിയുള്ള ഇവ ലൈംഗിക കോശങ്ങൾ വഴി അടുത്ത തലമുറയിൽ എത്തുന്നു എന്നായിരുന്നു ഡാർവിന്റെ ജനിതക സിദ്ധാന്തം.

ജൊഹാൻ ഗ്രിഗർമെന്റൽ എന്ന ആസ്ത്രിയൻ പാതിരി പയറുചെടികളിൽ നടത്തിയ പരീക്ഷണങ്ങൾ ആധുനിക ജനിതക പഠനങ്ങൾക്ക് ആധികാരികത നൽകി. മെൻഡലിനെയാണ് ജനിതക ശാസ്ത്രപിതാവായി അംഗീകരിച്ചിരിക്കുന്നത്. 1865-ൽ അദ്ദേഹം 'എക്സ്പെരിമെന്റ്സ് ഇൻ പ്ലാന്റ് ഹൈബ്രിഡൈസേഷൻ' എന്ന പുസ്തകം പ്രസിദ്ധീകരിച്ചു. 1900 വരെ ആരാലും ശ്രദ്ധിക്കപ്പെടാതെ മെൻഡേലിയൻ നിയമങ്ങൾ കിടന്നു. ബേറ്റ്സൺ എന്ന ശാസ്ത്രജ്ഞന്റെ ഇംഗ്ലീഷ് പരിഭാഷ മെൻഡേലിയൻ ജനിതക നിയമങ്ങൾക്ക് പുനഃശ്രദ്ധ നേടിക്കൊടുത്തു. 1901-ൽ ബേറ്റ്സണാണ് ജനിറ്റിക്സ് എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചത്. ജനിതകസ്വഭാവങ്ങളുടെ നിയ

ന്ത്രണത്തിനു പിന്നിലെ ഘടകത്തിന് ജീനെന്ന പേര് നിർദ്ദേശിച്ചത് ജോഹാൻസൺ ആണ്.

സട്ടൻ, ബോവറി എന്നീ ശാസ്ത്രജ്ഞന്മാർ ജീനുകളെ കുറേക്കൂടി വ്യക്തമായി അവതരിപ്പിച്ചു. കോശമർമ്മത്തിനുള്ളിൽ കാണുന്ന ക്രോമസോമുകളുടെ പ്രാധാന്യം *ക്രോമസോം തീയറി ഓഫ് ഹെറിഡിറ്ററി* യിലൂടെ വെളിപ്പെടുത്തി.

1930 കളെത്തുമ്പോൾ ജീനെന്ന ജനിതക വസ്തുവിനെക്കുറിച്ചുള്ള കൂടുതൽ അറിവുകൾ ഉണ്ടായി. ജീവതന്മാത്രകളുടെ ജൈവ, രാസ സവിശേഷതകൾ പഠിക്കുന്ന ശാഖയായ മോളിക്യൂലർ ബയോളജി ഉരുത്തിരിഞ്ഞതും വികാസം കൊണ്ടതും ഇക്കാലത്താണ്, പയറുചെടികളെവിട്ട് നാലു ജോഡി ക്രോമസോമുകൾ ഉള്ള പഴയീച്ചയിൽ ജനിതക പഠനങ്ങൾ കേന്ദ്രീകരിച്ചു.

ജീവശാസ്ത്രജ്ഞന്മാർക്കൊപ്പം ബയോകെമിസ്ട്രി, ബയോഫിസിക്സ് ശാസ്ത്രജ്ഞന്മാരും ജനിതക പഠനങ്ങളിൽ പങ്കാളികളായി. ഭൗതിക ശാസ്ത്രജ്ഞരായ ബോറിന്റെയും ഷ്റോഡിങ്ങറുടെയും ഇടപെടലുകൾ സ്മരണീയമാണ്.

ജനിതക ശാസ്ത്രത്തിൽ നിരവധി കണ്ടുപിടുത്തങ്ങളുടെ നാളുകളാണ് തുടർന്നുണ്ടായത്.

പാരമ്പര്യ നിർണ്ണയത്തിൽ ന്യൂക്ലിക് ആസിഡിന് നിർണ്ണായക സ്ഥാനമുണ്ടെന്നും തെളിഞ്ഞു. പഴയീച്ചകളിൽ നിന്നും പഠനം ബാക്ടീരിയകളിലേക്ക് മാറി. ഡിപ്ലോ കോക്കസ് ബാക്ടീരിയയിൽ ഗ്രിഫിത്ത് നടത്തിയ പഠനങ്ങളെ തുടർന്ന് അവറി, മെക്‌ലിയോഡ്, മെക്കാർത്തി ഇവർ ചേർന്ന് ഡി.എൻ.എ. കണ്ടെത്തി. ഡി.എൻ.എ. എന്ന ന്യൂക്ലിക് ആസിഡാണ് ജനിതക ദ്രവ്യം - എന്ന സിദ്ധാന്തം ഇവർ ആവിഷ്കരിച്ചു.

തുടർപരീക്ഷണങ്ങൾ ഡി.എൻ.എ. യിൽ കേന്ദ്രീകരിച്ചു. നിരവധി ന്യൂക്ലിയോടൈഡ് ശൃംഖലകളാണ് ഡി.എൻ.എ.യുടെ ഘടകം എന്നു തെളിഞ്ഞു. ഫോസ്ഫേറ്റ്, പഞ്ചസാര, നൈട്രജൻ, ബേസുകൾ ഇവയാണ് ന്യൂക്ലിയോടൈഡിന്റെ ഘടകങ്ങൾ. നാലുതരം നൈട്രജൻ ബേസുകളാണുള്ളത്. അഡിനൈൻ (എ), ഗ്വാനിൻ (ജി), തയമിൻ (ടി), സൈറ്റോ സൈൻ (സി) ഇവയിൽ മൂന്ന് ബേസ് യോഗമാണ് ന്യൂക്ലിയോടൈഡിനിൽ കാണുക.

കോശമർമ്മത്തിലെ ക്രോമസോമുകളിൽ ഉള്ള ന്യൂക്ലിക് ആസിഡിന്റെ രസതന്ത്രം വെളിപ്പെട്ടതോടെ അതിന്റെ രൂപഘടനയിലേക്കായി ശാസ്ത്രശ്രദ്ധ. 1953-ൽ ജെയിംസ് വാട്സൺ, ഫ്രാൻസിസ് ക്രിക്ക് എന്നീ ശാസ്ത്രജ്ഞന്മാരാണ് ഡി.എൻ.എ. തന്മാത്രകളുടെ ഘടന നിർദ്ധാരണം ചെയ്തത്. നീളമുള്ള പിരിയൻ ഗോവണി രൂപമാണ് ഡി.എൻ.എ. തന്മാത്രയ്ക്കുള്ളത്. ന്യൂക്ലിയോ ടൈഡിലെ പഞ്ചസാരയും ഫോസ്ഫേറ്റ് ബേസും ഗോവണിയുടെ കാലുകളിൽ കാണുന്നു. എ.ജി.സി.ടി. എന്നീ ബേസുകൾ ഡി.എൻ.എ. ഏണിയുടെ ചവിട്ടുപടികൾ നിർമ്മിക്കുന്നു. പാരമ്പര്യ ശാസ്ത്രവുമായി ബന്ധപ്പെട്ട പ്രധാന കണ്ടുപിടുത്തമായിരുന്നു ഇത്. 1962-ൽ ജെയിംസ് വാട്സണും ഫ്രാൻസിസ് ക്രിക്കും നോബൽ സമ്മാനിതരായി.

ഡി.എൻ.എ.യില മൂന്നു നൈട്രജൻ ബേസുകൾ ഒരു പാരമ്പര്യ സ്വഭാവത്തെ നിശ്ചയിക്കുന്നു. ഈ ബേസ്ത്രയമാണ് ഒരു ജീൻ. മുമ്മൂന്ന് ബേസുകളുടെ സഞ്ചയമാണ് ഒരു വ്യക്തിയുടെ ജനറ്റിക് കോഡ്. എ.ജി.സി.ടി.യിൽ ഏതേതു ബേസുകൾ ഏതൊക്കെ സ്വഭാവങ്ങളെ നിശ്ചയിക്കുന്നു (കോഡ് ഡിക്ഷണറി) എന്നുള്ള കോഡ് നിർദ്ധാരണത്തിന് 1968-ൽ ഇന്ത്യൻ ശാസ്ത്രജ്ഞൻ ഖൊരാന നോബൽ സമ്മാനിതനായി.

രസതന്ത്രം, ഭൗതികം, ഗണിതം, സാമൂഹ്യസാസ്ത്രം, മനഃശാസ്ത്രം, വൈദ്യശാസ്ത്രം തുടങ്ങിയവയും ജനറ്റിക്സിന്റെ വളർച്ചയ്ക്ക് കാരണമായി. മൈക്രോബിയൽ ജനറ്റിക്സ്, സൈറ്റോ ജനറ്റിക്സ്, മോളിക്കുലർ ജനറ്റിക്സ്, പോപ്പുലേഷൻ ജനറ്റിക്സ്, ബിഹേവിയറൽ ജനറ്റിക്സ്, ഹ്യൂമൻ ജനറ്റിക്സ് ജനിതക ശാസ്ത്രത്തിന് നാനാദിശകളിലേക്കും ശാഖകൾ വളർന്നു.


ക്രോമസോം മ്യൂട്ടേഷനുകളെ കുറിച്ചുള്ള അറിവ് സസ്യപരിപാലനരംഗത്ത് ഉപയുക്തമായതോടെ വലിപ്പമുള്ള സസ്യഫലങ്ങളും (ഉദാ: വലിയ കുരുവില്ലാത്ത മുന്തിരി) പൂക്കളും ഉണ്ടാക്കാനായി. ടിഷ്യു കൾച്ചറിംഗ് വിദ്യ മാതൃപിതൃസവിശേഷതകൾ നിലനിർത്തുന്ന അനേക സസ്യ പുതുതലമുറകളെ വേഗത്തിൽ ഉണ്ടാക്കാനുള്ള സാധ്യതകൾ പ്രായോഗികമാക്കി. ജനിതക ശാസ്ത്രം മനുഷ്യോപകാരപ്രദമായി മാറിക്കൊണ്ടിരുന്നു.

**ജനറ്റിക് എഞ്ചിനീയറിംഗ്**

ആർതർ കോൺബർഗ് എന്ന ശാസ്ത്രജ്ഞൻ 1967-ൽ കൃത്രിമ ഡി.എൻ.എ. നിർമ്മാണത്തിലൂടെ ജനറ്റിക് എഞ്ചിനീയറിംഗിന് തുടക്കമിട്ടു. എഴുപതുകളിൽ ഇതൊരു ശാസ്ത്രവിഭാഗമായി മാറി. കോശമർമ്മത്തിനുള്ളിലെ ജീൻഭാഗങ്ങൾ അടർത്തി മാറ്റി മറ്റൊരു ജീവകോശത്തിനുള്ളിലേക്ക് കടത്തിവിടുക എന്നതായിരുന്നു ഈ രംഗത്തെ ആദ്യ ചുവടുവയ്പുകൾ. ബാക്ടീരിയകളാണ് ജീവൻ വാഹകരായി വർത്തിച്ചത്.


ഇങ്ങനെ ആർജ്ജിച്ച ജീൻഭാഗങ്ങൾ തന്റെ ജനിതക ഭാഗമാക്കിയ ബാക്ടീരിയകൾ, ആർജ്ജിത ജീൻ ക്ലോണുകൾ ഉണ്ടാക്കുന്നു. മനുഷ്യന്റെ ഇൻസുലിൻ നിർമ്മാ

**ക്രോമസോം മ്യൂട്ടേഷനുകളെ കുറിച്ചുള്ള അറിവ് സസ്യപരിപാലന രംഗത്ത് ഉപയുക്തമായതോടെ വലിപ്പമുള്ള സസ്യഫലങ്ങളും പൂക്കളും ഉണ്ടാക്കാനായി.**



**മിന്നാമിനുങ്ങിന്റെ ജീൻ അടർത്തി, പുകയിലെച്ചെടിയിൽ എത്തിക്കാനും അങ്ങനെ രാത്രിയിൽ തിളങ്ങുന്ന പുകയിലച്ചെടികൾ ഉണ്ടാക്കാനും കഴിഞ്ഞിട്ടുണ്ട്. ഇതേ മാർഗ്ഗത്തിലൂടെ കേടുവന്നതോ പ്രവർത്തനക്ഷമമല്ലാത്തതോ ആയ മനുഷ്യജീൻതകരാറുകൾ പരിഹരിക്കാമെന്ന നിലയിൽ ഏതാണ്ട് ശാസ്ത്രലോകം എത്തിക്കഴിഞ്ഞു.**





ണ, നിയന്ത്രണ ജീൻ ബാക്ടീരിയകൾക്കുള്ളിൽ എത്തിച്ച് പരീക്ഷണ ശാലയിൽ കൃത്രിമ ഇൻസുലിൻ ഉത്പാദിപ്പിക്കുന്നത് ഈ രീതിയിലാണ്.

മിന്നാമിനുങ്ങിന്റെ ജീൻ അടർത്തി, പുകയിലെച്ചെടിയിൽ എത്തിക്കാനും അങ്ങനെ രാത്രിയിൽ തിളങ്ങുന്ന പുകയിലച്ചെടികൾ ഉണ്ടാക്കാനും കഴിഞ്ഞിട്ടുണ്ട്. ഇതേ മാർഗ്ഗത്തിലൂടെ കേടുവന്നതോ പ്രവർത്തനക്ഷമമല്ലാത്തതോ ആയ മനുഷ്യജീൻതകരാറുകൾ പരിഹരിക്കാമെന്ന നിലയിൽ ഏതാണ്ട് ശാസ്ത്രലോകം എത്തിക്കഴിഞ്ഞു.

കാർഷിക രംഗത്ത് ജനറ്റിക്സ് വൻമാറ്റങ്ങളുണ്ടാക്കി. കീടാണുബാധയേൽക്കാത്ത പരുത്തിച്ചെടികളുടെ ഉത്പാദനം, മുള, ഏലം, വാഴ, ചന്ദനം തുടങ്ങിയവയുടെ ടിഷ്യു കൾച്ചറിംഗ്, പെൻസിലിൻ, സ്ട്രെപ്റ്റോമൈസിൻ, ഇൻസുലിൻ എന്നിവയുടെ ഉത്പാദനം, അക്വാകൾചറിംഗ് എന്നീ രംഗങ്ങളിലാണ് ഭാരതീയ ഗവേഷകർ ശ്രദ്ധ പതിച്ചിരിക്കുന്നത്.

**ജനിതക സാധ്യതകൾ**

സുനിശ്ചിത രീതികളിലാണ് ജീനുകൾ അടുത്ത തലമുറയിലേക്ക് മാറ്റം ചെയ്യുന്നത്. തന്മാത്രാതലത്തിൽ ജീവികളുടെ തിരിച്ചറിയൽസാധ്യതകൾ ഇതു പ്രദാനം ചെയ്യുന്നു. സുസ്ഥിരമായ ഡി.എൻ.എ. ബേസ്ക്രമം ഒരു തിരിച്ചറിയൽ കാർഡായി മാറുന്നത് അങ്ങനെയാണ്. ജീവികളെ ഇങ്ങനെ തിരിച്ചറിയാനും കോശതന്മാത്രകളെ നിരീക്ഷിച്ച് വർഗ്ഗീകരിക്കാനും കഴിയുന്നു. ഡി.എൻ.എ. ഫിംഗർ പ്രിന്റിംഗ് എന്ന സാങ്കേതികതയാണ് ഇതിനു സാധ്യതകൾ നൽകുന്നത്. കുറ്റാന്വേഷണരംഗത്ത് ഇത് വിജയകരമായി ഉപയോഗിക്കുന്നു. തർക്കവിധേയമായ പിതൃത്വനിർണ്ണയത്തിനും മുടിവേരുകൾ, ശരീരസ്രവങ്ങൾ ഇവയിൽ നിന്ന് വ്യക്തികളെ തിരിച്ചറിയുന്നതിനും ഈ വിദ്യ സഹായകരമായിത്തീരുന്നു.

മരുന്നുകളിലൂടെ പൂർണ്ണമായി ഭേദമാക്കാനാവാത്ത വിധം രോഗാവസ്ഥകളാണ് ജനിതക തകരാറുകൾ വരുത്തിവയ്ക്കുന്നത്. വികലജീനുകളെ തിരിച്ചറിയാനും അതു മാറ്റിവയ്ക്കാനുമുള്ള ജ്ഞാനം, മനുഷ്യ ക്ലോണിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾക്ക് മനുഷ്യജീനുകളെ കുറിച്ചുള്ള വ്യക്തമായ അറിവ് ആവശ്യമായി വന്നു. മനുഷ്യ ജീനോം പഠനത്തിന് പ്രാധാന്യം വന്നത് അങ്ങനെയാണ്. എ.ജി.സി.ടി. ബേസുകളുടെ കോഡ് ഭാഷയിലെ ജീനോം എഴുത്ത് (ജനറ്റിക് കോഡ്) നിർദ്ധാരണമായിരുന്നു കഴിഞ്ഞവർഷം പൂർത്തിയായ മനുഷ്യ ജീനോം പദ്ധതിയിലൂടെ പൂർണ്ണമായത്. 1990-ൽ ജെയിംസ് വാട്സണിന്റെ നേതൃത്വത്തിലായിരുന്നു ഈ പ്രോജക്ട് ആരംഭിച്ചത്. 2001 ഫെബ്രുവരിയിൽ ക്രയിംഗ് വെന്റർ എന്ന ശാസ്ത്രജ്ഞന്റെ കീഴിൽ പൂർണ്ണമാകുമ്പോൾ മുപ്പതിനായിരം ജീനുകളാണ് മനുഷ്യന്റെ സ്വഭാവസവിശേഷതകളെ നിർണ്ണയിക്കുന്നതെന്നു കണ്ടെത്തി. കമ്പ്യൂട്ടർ സഹായത്തോടെ വിശദമായ 'മനുഷ്യജനിതക മാപ്പ്' അവർ തയ്യാറാക്കി.

മനുഷ്യഭ്രൂണത്തിന്റെ കൃത്രിമ നിർമ്മാണവും, അതിൽ നിന്നും രോഗബാധിത കോശങ്ങൾക്കു പകരംവയ്ക്കാനുള്ള കാണ്ഡകോശങ്ങളെ വേർതിരിക്കുന്നതുമായി ബന്ധപ്പെട്ട നൈതികതാപ്രശ്നങ്ങളാണ് ജനിതക ശാസ്ത്രത്തിലെ സമീപകാല ചർച്ചാവിഷയങ്ങൾ. ഇതിനെല്ലാം തുടക്കമിട്ട കണ്ടുപിടുത്ത പരമ്പരകൾ ആരംഭിച്ചത് ഡി.എൻ.എ. ഘടനാ രൂപത്തിലൂടെയായിരുന്നു.

ഇരുപത്തിനാലാം വയസ്സിലായിരുന്നു വാട്സൺ ആ മഹത് യജ്ഞത്തിന്റെ ഫലം കണ്ടെത്തിയത്. ഷ്റോഡിങ്ങറുടെ 'എന്താണ് ജീവൻ' എന്ന ഗ്രന്ഥമാണ് ഇത്തരമൊരു സംരംഭത്തിൽ നിമഗ്നനാകാൻ വാട്സണ് പ്രേരണയായത്. ക്ലോണിംഗ് ഉൾപ്പെടെ ഈ രംഗത്തെ ആധുനിക പരീക്ഷണങ്ങളിൽ വാട്സൺ തൃപ്തനാണ്. വൈറസ് പ്രതിരോധ ശേഷിയുള്ള സസ്യങ്ങളെ പ്രകൃതിനിയമങ്ങൾക്ക് വിരുദ്ധമായി വികസിപ്പിക്കാനും ഉപയോഗിക്കാനും വിരോധമില്ലെങ്കിൽ എന്തുകൊണ്ടിത്തരം പരീക്ഷണങ്ങൾ മനുഷ്യരിൽ പാടില്ലെന്നദ്ദേഹം വാദിക്കുന്നു. ക്ലോണിംഗ് ഉയർത്തുന്ന നൈതികതാ ചോദ്യങ്ങൾക്കിടയിൽ വാട്സണിന്റെ അഭിപ്രായം ശ്രദ്ധേയം. ഇന്നത്തെ നവീനജീൻ ചികിത്സാ രീതികളൊന്നും തന്നെ അമ്പതു വർഷം മുമ്പ് അദ്ദേഹം പ്രതീക്ഷിച്ചതേയില്ല.

ജനിതക വസ്തുവിന്റെ രൂപഘടനാ നിർണ്ണയ യത്നത്തിന്റെ ഫലപ്രാപ്തിയായിരുന്നോ ജീവിതത്തിലെ അഭിമാനകരമായ നിമിഷം എന്ന ചോദ്യത്തിന് എനിക്കത് ഓർമ്മയില്ല എന്നായിരുന്നു വാട്സണിന്റെ മറുപടി. അതേസമയം 'ഡബ്ൾ ഹെലിക്സ്' എന്ന ഓർമ്മക്കുറിപ്പുകൾ പ്രസിദ്ധീകൃതമായപ്പോഴും അതിനെക്കുറിച്ചുള്ള പുസ്തകാഭിപ്രായങ്ങൾ കണ്ടപ്പോഴും അതേ സന്തോഷമുണ്ടായതായി അദ്ദേഹം പറയുന്നു. തനിക്ക് മാത്രമേ അത്തരമൊരു രചന സാധ്യമാകൂ എന്ന വെളിപ്പെടുത്തൽ ഗവേഷണവും എഴുത്തും ഒരേതരം സർഗ്ഗക്രിയയാകുന്ന ഉന്നതാവസ്ഥയുടെ തിരിച്ചറിവാണ്.



# തൊഴിൽ തേടുന്നവർക്ക് ഇനി പുതിയ സങ്കേതങ്ങൾ

പി.കെ. ശങ്കരൻകുട്ടി
എംപ്ലോ. ആഫീസർ

**നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സാങ്കേതിക സഹായത്തോടെ തൊഴിൽ വകുപ്പ് ഏർപ്പെടുത്തിയ വെബ്സൈറ്റ് തൊഴിലന്വേഷകർക്കും തൊഴിൽദായകർക്കും ഏറെ പ്രയോജനകരം.**

സ്വകാര്യ തൊഴിൽ മേഖലയിലെ തൊഴിലവസരങ്ങൾ ഗണ്യമായി പ്രയോജനപ്പെടുത്താൻ ഉതകുമാറ് പ്രൊഫഷണൽ ബിരുദധാരികളെയും ഇതരമേഖലകളിൽ ഉന്നതവിദ്യാഭ്യാസം നേടിയിട്ടുള്ളവരെയും തൊഴിൽ സ്ഥാപനങ്ങളുമായി നേരിട്ടു ബന്ധപ്പെടുത്തുന്ന രീതിയിൽ കേരളത്തിൽ ഇലക്ട്രോണിക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രൂപീകരിക്കുകയും അതിലൂടെ ഓൺലൈൻ സമ്പ്രദായം നടപ്പിലാക്കുകയും ചെയ്തിരിക്കുകയാണ്. http://employment. kerala.nic.in എന്ന വിലാസത്തിൽ വെബ്സൈറ്റ് തൊഴിലന്വേഷകർക്കും തൊഴിൽദായകർക്കും പ്രയോജനപ്പെടുത്താം. സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസം നേടിയിട്ടുള്ളവരും തിരുവനന്തപുരത്തെ പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും എറണാകുളം കോഴിക്കോട് റീജിയണൽ ആഫീസുകളിലും പേര് രജിസ്റ്റർ ചെയ്തു പുതുക്കിവരുന്ന ഉദ്യോഗാർത്ഥികളുടെ ഡാറ്റാബാങ്ക് വെബ്സൈറ്റിൽ ലഭ്യമാണ്. നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സാങ്കേതിക സഹായത്തോടെ എംപ്ലോയ്മെന്റ് വകുപ്പ് ഏർപ്പെടുത്തിയ ഈ വെബ്സൈറ്റിലൂടെയുള്ള സേവനം സൗജന്യമായിരിക്കും. തൊഴിലന്വേഷകർക്കും തൊഴിൽദായകർക്കും ഒരു യവനികയ്ക്കു പിന്നിൽ വേദിയൊരുക്കി വിവരവിനിമയത്തിലൂടെ അനായാസേന അവസരങ്ങളൊരുക്കാൻ ഈ നൂതനസംവിധാനം സഹായകമാണ്. കൂടാതെ അനുയോജ്യമായ തൊഴിലുകൾക്കായി പേര് രജിസ്റ്റർ ചെയ്തിട്ടുള്ള വിദൂരസ്ഥരായ ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിലവിലുള്ള നടപടിക്രമങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ ലളിതവും ലഘുതരവുമാക്കാനും പുതിയ സമ്പ്രദായം പ്രയോജനപ്പെടും.

ഉദ്യോഗാർത്ഥികൾക്കും തൊഴിൽദായകർക്കും സൈറ്റിൽ പ്രവേശിച്ച് സ്വന്തമായി നടപടികൾ എടുക്കത്തക്ക രീതിയിലാണ് അനുയോജ്യമായ പാസ്സ്‌വേർഡ് രൂപപ്പെടുത്തിയിട്ടുള്ളത്. തുടക്കത്തിൽ വെബ്സൈറ്റിനെക്കുറിച്ചുള്ള ആമുഖമാണ്. തുടർന്ന് ഹോം പേജ് ദൃശ്യമാക്കാം. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ സംബന്ധിക്കുന്ന വിവരങ്ങളും അവിടേയ്ക്ക് എത്തിച്ചേരേണ്ട റൂട്ട്മാപ്പും രേഖപ്പെടുത്തിയിട്ടുണ്ട്. ഹോംപേജിലൂടെ കേരളത്തിൽ എംപ്ലോയ്മെന്റ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 101 ആഫീസുകളുടെ വിലാസവും ഡയറക്ടറേറ്റിലെ ഉന്നതഉദ്യോഗസ്ഥരുടെ മേൽവിലാസവും കാണാം.

ഉദ്യോഗാർത്ഥികൾക്കും തൊഴിലുടമകൾക്കും സൈറ്റിൽ പ്രവേശിച്ച് സ്വന്തമായി നടപടികൾ നടത്തത്തക്ക രീതിയിൽ പ്രത്യേകം പേജുകളും പാസ്സ്‌വേർഡുകളും ഒരുക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ നമ്പരും പാസ്സ്‌വേർഡായി ജനനതീയതിയും രേഖപ്പെടുത്തി ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പേര് തെരഞ്ഞെടുത്താൽ ഉദ്യോഗാർത്ഥികൾക്ക് അവരുടെ ഡാറ്റാബാങ്കിലേക്ക് പ്രവേശിക്കാം. രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളിൽ അപൂർണതയോ അപാകതയോ കണ്ടാൽ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുമായി കത്തു മുഖേനയോ, ഇ-മെയിൽ വഴിയോ ടെലിഫോണിലൂടെയോ ബന്ധപ്പെട്ട് ആവശ്യമായ മാറ്റംവരുത്തുവാൻ അപേക്ഷിക്കാവുന്നതാണ്. ഉദ്യോഗാർത്ഥികൾ നേടിയിട്ടുള്ള തൊഴിൽപരിചയം സംബന്ധിച്ച വിവരങ്ങൾ അധികമായി രേഖപ്പെടുത്താനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. അവർ ജോലി ചെയ്തിരുന്ന തൊഴിൽമേഖല സൈറ്റിൽ നിന്നുതന്നെ തെരഞ്ഞെടുക്കാം. ചെയ്ത ജോലിയുടെ പേര്, കാലഘട്ടം, ലഭിച്ച ശമ്പളം മുതലായവ ഉദ്യോഗാർത്ഥിക്ക് തന്നെ കൂട്ടിച്ചേർക്കാവുന്നതാണ്. സ്വകാര്യ തൊഴിൽരംഗത്തുണ്ടാകുന്ന തൊഴിലവസരങ്ങളിലേക്ക് മാത്രമേ ഇപ്രകാരം സ്വന്തമായി രേഖപ്പെടുത്തുന്ന തൊഴിൽ പരിചയം സംബന്ധിച്ച വിവരങ്ങൾ പരിഗണിക്കപ്പെടുകയുള്ളൂ. പൊതുമേഖലകളിലുണ്ടാകുന്നതും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ നടപടിക്രമങ്ങൾ അനുസരിച്ച് പരിഗണിക്ക

പ്പെടേണ്ടതുമായ തൊഴിലവസരങ്ങളെ സംബന്ധിച്ചിടത്തോളം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പരിശോധനയ്ക്കും അംഗീകാരത്തിനും വിധേയമായി നിർദ്ദിഷ്ട മാതൃകയിൽ തന്നെ ചേർത്തിരിക്കണം. ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷൻ രേഖകളിൽ ഫോൺ നമ്പരും ഇ-മെയിൽ വിലാസവും അധികമായി ചേർക്കാൻ പ്രത്യേക ഫീൽഡ് ഏർപ്പെടുത്തിയിട്ടുണ്ട്.



ഇലക്ട്രോണിക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഉദ്ഘാടനം തൊഴിൽമന്ത്രി ബാബുദിവാകരൻ നിർവ്വഹിക്കുന്നു.

വെബ്സൈറ്റിലൂടെ ഉദ്യോഗാർത്ഥിക്കു തന്നെ രജിസ്ട്രേഷൻ പുതുക്കാം. **രജിസ്ട്രേഷൻ പുതുക്കൽ** എന്ന പേജിൽ ഇത് ലഭ്യമാണ്. രജിസ്ട്രേഷൻ നിർദ്ദിഷ്ട സമയത്തു മാത്രമേ പുതുക്കാൻ കഴിയൂ. ഉദ്യോഗാർത്ഥിയുടെ രജിസ്ട്രേഷൻ നമ്പർ, പ്രത്യക്ഷമാകുന്ന കോളത്തിൽ രേഖപ്പെടുത്തിയ ശേഷം പാസ്സ്വേർഡ് കോളത്തിൽ ജനന തീയതി ചേർക്കേണ്ടതുണ്ട്. പേര് രജിസ്റ്റർ ചെയ്തിട്ടുള്ള പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പേര് സെലക്ട് ചെയ്ത് പുതുക്കാനുള്ള ബട്ടൺ ക്ലിക്ക് ചെയ്താൽ നിങ്ങളുടെ രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ട് എന്ന് രേഖപ്പെടുത്തിവരും. അടുത്ത് പുതുക്കേണ്ട തീയതിയും അവിടെ കാണിക്കും. രജിസ്ട്രേഷൻ പുതുക്കിയതിനു തെളിവായി ഇവിടെനിന്ന് പ്രിന്റു മെടുക്കാം. പുതുക്കൽ സംബന്ധിച്ചുള്ള നടപടിക്രമങ്ങളും വ്യക്തമായ നിർദ്ദേശവും ഈ പേജിൽ ദൃശ്യമാണ്.

**ചെക്ക് യുവർ ജോബ് റസ്പോൺസസ്** എന്ന മേഖല ഉദ്യോഗാർത്ഥികളുടെ പേജിന്റെ അവസാന ഭാഗമാണ്. വെബ്സൈറ്റിലൂടെയുള്ള സ്വകാര്യ തൊഴിൽ മേഖലയുടെ വിജ്ഞാപനങ്ങൾക്ക് അപേക്ഷ നൽകിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അതിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങളും ഉദ്യോഗദായകൻ അപേക്ഷയിൽ നൽകിയിട്ടുള്ള പരിഗണനയും ഇവിടെ നിന്നും അറിയാൻ കഴിയും.

**രജിസ്റ്റർ ചെയ്ത തൊഴിലുടമകൾ** എന്ന പേജിൽ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലുടമയുടെ പട്ടിക ലഭ്യമാണ്. പട്ടികയിലുൾപ്പെട്ട ഓരോ സ്ഥാപനത്തിലും പ്രത്യേകം ക്ലിക്ക് ചെയ്താൽ കമ്പനിയുടെ പേര് ഇ-മെയിൽ, പൂർണ്ണമായ വിലാസം, വിജ്ഞാപനം ചെയ്തിട്ടുള്ള ഒഴിവുകളുടെ വിവരം, അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി തുടങ്ങിയവ ലഭിക്കും.

തുടർന്ന് വരുന്നത് **ജോബ് ഡസിഗ്നേഷൻ** എന്ന മേഖലയാണ്. വിവിധ ഒഴിവുകളെ സംബന്ധിച്ച പ്രതിപാദ്യം ഇവിടെ ഉണ്ടാകും. വിജ്ഞാപനം ചെയ്തിട്ടുള്ള ഒഴിവിലേക്ക് ഒരു ഉദ്യോഗാർത്ഥി പരിഗണിക്കപ്പെടാൻ യോഗ്യനാണെങ്കിൽ **അപ്ലൈ ഫോർ ദി ജോബ്** എന്ന ഭാഗം ക്ലിക്ക് ചെയ്താൽ അയാളുടെ ബയോഡാറ്റ ഉദ്യോഗദായകനിലെത്തും. പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ഉദ്യോഗാർത്ഥിയെ സംബന്ധിച്ചിടത്തോളം അയാൾക്ക് ഈ മേഖലയിൽ നിന്നും ഉദ്യോഗദായകന്റെ ഇ-മെയിൽ വിലാസം ശേഖരിക്കാവുന്നതും നേരിട്ട് അപേക്ഷ നൽകാവുന്നതുമാണ്. **ജോബ് വേക്കൻസീസ്** എന്ന പ്രത്യേക മേഖലയിലൂടെയും സ്വകാര്യ തൊഴിലുടമകളുടെ തൊഴിലവസരങ്ങളെ സംബന്ധിച്ച വിവരങ്ങൾ മനസ്സിലാക്കി അപേക്ഷ നൽകാവുന്നതാണ്.

### തൊഴിലുടമയുടെ പേജ്

തൊഴിലുടമകൾക്ക് മാത്രമുള്ള ഈ പേജിലാണ് അവർ രജിസ്ട്രേഷൻ നടത്തുന്നത്. വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യുന്നതിനുള്ള വ്യക്തമായ നിർദ്ദേശം ഇവിടെയുണ്ട്. ഇതിനായി പ്രത്യേക കോളങ്ങൾ അനുവദിച്ചിട്ടുണ്ട്. എംപ്ലോയർ ഐ.ഡി.യും പാസ്സ്വേർഡും അവയിൽപെടും. യോഗ്യരായ ഉദ്യോഗാർത്ഥികളെ വെബ്സൈറ്റിൽ നിന്നും തെരഞ്ഞെടുക്കേണ്ട രീതിയെ കുറിച്ചും ഇവിടെ വ്യക്തമാക്കുന്നുണ്ട്. സ്വകാര്യ തൊഴിൽസ്ഥാപനങ്ങളുടെ വിശ്വാസ്യത ഉറപ്പാക്കപ്പെടുന്ന വിധത്തിൽ പുതിയതായി രജിസ്റ്റർ ചെയ്യുന്ന തൊഴിലുടമകൾ നിർബന്ധമായും രേഖപ്പെടുത്തേണ്ട ചില വിവരങ്ങളുണ്ട്. സ്ഥാപനത്തിന്റെ പേര്, മേൽവിലാസം, ഇ-മെയിൽ, ടെലിഫോൺ നമ്പർ, ഫാക്സ്, കമ്പനിയുടെ വിശദാംശം, പ്രവർത്തനമേഖല, തൊഴിലുടമയുടെ പേര്, ഉദ്യോഗപ്പേര് തുടങ്ങിയവ അവയിൽപെടും. ഇവയൊക്കെ പൂർണ്ണമായും രേഖപ്പെടുത്തിയാൽ മാത്രമേ രജിസ്ട്രേഷൻ അനുവദിക്കൂ.

ഈ വെബ്സൈറ്റിലെ **ലിങ്ക്സ്** എന്ന പേജ് വളരെ പ്രാധാന്യമർഹിക്കുന്നതാണ്. മറ്റ് റിക്രൂട്ടിംഗ് സൈറ്റുകളിലേക്കും കരിയർ സൈറ്റുകളിലേക്കും ഇവിടെ നിന്നും പ്രവേശിക്കാം. പൊതുജനങ്ങൾക്ക് ഏറ്റവും പ്രയോജനപ്രദമായ വിവരങ്ങളാണ് ഇവിടെ നിന്നും ലഭിക്കുന്നത്. സർക്കാരിന്റെ റിക്രൂട്ടിംഗ് സൈറ്റുകളായ യു.പി.എസ്.സി., കെ.പി.എസ്.സി, ഒവർസീസ് മാൻപവർ കോർപറേഷൻ എന്നിവയിലും ചില അന്യസംസ്ഥാനങ്ങളിലെ എംപ്ലോയ്മെന്റ് സൈറ്റുകളിലും പ്രമുഖ കരിയർ ഗൈഡൻസ് ജോബ് സൈറ്റുകളായ noukari.com, carrierindia.com, jobsahead.com, jobsdb.com, placementindia.com തുടങ്ങിയവയിലേക്കും **ലിങ്ക്സ്** വഴി പ്രവേശിക്കാം.

എംപ്ലോയ്മെന്റ് വകുപ്പിനെ സംബന്ധിച്ചും വകുപ്പിലെ നടപടിക്രമങ്ങളെക്കുറിച്ചും പൊതുജനങ്ങൾക്ക് സ്വാഭാവികമായും ഉണ്ടാകുന്ന സംശയങ്ങൾക്ക് മറുപടി നൽകുന്നവിധം ചോദ്യോത്തര രൂപേണ കാര്യങ്ങൾ വ്യക്തമാക്കുന്ന ഒരു പേജും ഇതിൽ സജ്ജമാക്കിയിട്ടുണ്ട്. **എഫ്.എ.ക്യൂ.** എന്നാണ് പ്രസ്തുത പേജിനു നൽകിയിരിക്കുന്ന പേര്. വകുപ്പിനെ സംബന്ധിച്ച വിശദവിവരങ്ങൾ തുടർന്നുള്ള പേജിൽ ലഭിക്കും. ഉന്നതവിദ്യാഭ്യാസം ലഭിച്ചവർക്ക് സ്വകാര്യമേഖലയിലുണ്ടാകുന്ന തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്താൻ ഉതകുമാറാണ് ഈ വെബ്സൈറ്റ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ടു ചെയ്യുന്ന സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നത് നിലവിലുള്ള നിയമമനുസരിച്ച് സീനിയോരിറ്റി, സാമുദായികസംവരണം, മുൻഗണന തുടങ്ങിയ മാനദണ്ഡങ്ങൾക്ക് വിധേയമായിത്തന്നെ തുടരുന്നതാണ്.

# ഈ താരകം പൊലിഞ്ഞിട്ട് 10 വർഷം

ബൈജു ഇരിങ്ങൾ



ഒരായുഷ്ക്കാലത്തിന്റെ കണക്കുപുസ്തകത്തിൽ നഷ്ടങ്ങൾ ബാക്കിയാക്കി, ഓർമ്മകൾ മാത്രം അവശേഷിപ്പിച്ച് കടന്നുപോയ ഒരതുല്യയായ കലാകാരിയുണ്ടായിരുന്നു - ഇരിങ്ങൾ നാരായണി. പുതിയ തലമുറയിൽപെട്ടവർക്ക് ഏറെയൊന്നും പരിചയമില്ലാത്ത, എന്നാൽ ഒരു കാലത്ത് കലാസാഹിത്യപ്രവർത്തകരെ അസ്പൃശ്യരാക്കി നോക്കിക്കണ്ടവർക്കുമുന്നിൽ ഒരൊറ്റയാനെപ്പോലെ പൊരുതി പിടിച്ചുനിന്ന ഞങ്ങളുടെ ഗ്രാമത്തിന്റെ പ്രിയപ്പെട്ട നാരായണി ഏട്ത്തി, കലാലോകത്തിന് അന്യമായിട്ട് പത്ത് വർഷം തികയുകയാണ്.

നിഴലും നിലാവും കെട്ടുപിണഞ്ഞ ജീവിതവീഥിയിൽ ഒരുപിടി അനുഭവങ്ങളുടെ ചിറകിലേറി, ലക്ഷ്യമില്ലാതെ പറന്നുയർന്ന് ഉയരങ്ങൾ കീഴടക്കുമ്പോഴും തന്നെക്കുറിച്ച് ചിന്തിക്കാൻ മറന്നുപോയ ഒരു പാവം കലാകാരി.....

വിധികൽപനയ്ക്ക് മുന്നിൽ കീഴടങ്ങി മരണത്തെ മുഖാമുഖം കണ്ട് ഓലമേഞ്ഞ, തന്റേതെന്ന് പറയാൻ കഴിയാത്ത ചെറുകൂരയിൽ ശയിക്കുമ്പോഴും ആ മുഖത്ത് നിഴലിച്ചിരുന്ന ഭാവം വിഷാദമോ പുച്ഛമോ എന്ന് വേർതിരിച്ചെടുക്കാൻ പ്രയാസമായിരുന്നു. നാടകത്തിൽ നിന്ന് സിനിമയിലേക്കും പൊതുപ്രവർത്തനത്തിലേക്കും പടികൾ കയറിയപ്പോഴും അർഹിക്കുന്ന അംഗീകാരം അവർക്ക് കിട്ടിയിരുന്നില്ല എന്നതാണ് സത്യം. എന്നാൽ ഒരു ഗ്രാമത്തിന്റെ മുഴുവൻ സ്നേഹാദരങ്ങളും അവർ നേടിയിരുന്നു. ഏറ്റവും വലിയ അംഗീകാരമായി അവർ കണ്ടതും അതുമാത്രമായിരുന്നു...

ജന്മിത്വം കൊടികുത്തിവാഴുന്ന കാലഘട്ടത്തിൽ അമ്മാവൻ ആണ്ടിപ്പണിക്കരുടെ പ്രോത്സാഹനത്തോടെയാണ് ഇരിങ്ങൽ നാരായണി ഏട്ത്തിയുടെ രംഗപ്രവേശം. സി.കെ. വൈദ്യരുടെ കാഞ്ചന എന്ന നാടകത്തിലൂടെയായിരുന്നു തുടക്കം. സ്ത്രീകൾ അധികമൊന്നും പുറത്തിറങ്ങി നടക്കാൻ പാടില്ലാത്ത കാലത്ത് നാരായണി ഏട്ത്തി നാടകത്തിൽ അഭിനയിച്ചത് കോളിളക്കം തന്നെ സൃഷ്ടിച്ചു. പലരും ആ സ്ത്രീയെ മോശമായി ചിത്രീകരിച്ചു. ഒടുവിൽ നാടകത്തിൽ അഭിനയിച്ചു എന്ന തെറ്റിന് സമുദായത്തിൽ നിന്ന് ഭ്രഷ്ട് കൽപിച്ചു. എന്നാൽ ധീരമായാണ് അവർ അതിനെ നേരിട്ടത്. അന്ന് കഷ്ടിച്ച് 16 വയസ്സ് പ്രായം.

വടകര-ഒഞ്ചിയം പഞ്ചായത്തിലെ ഊരാളുങ്കലിൽ ചന്തുപ്പണിക്കരുടെയും അമ്മിണിയമ്മയുടെയും രണ്ട് പെൺമക്കളിൽ മൂത്തവളായി നാരായണി ജനിച്ചു. സഹോദരി ലീലയും നടിയായിരുന്നു. കുട്ടിക്കാലത്തുതന്നെ അച്ഛൻ മരിച്ചു. നിരാശ്രയരായ കുടുംബത്തിന്റെ ബാധ്യത അമ്മിണിയമ്മയുടെ സഹോദരൻ ആണ്ടിപ്പണിക്കർ ഏറ്റെടുത്തു. അദ്ദേഹം സഹോദരിയെയും മക്കളെയും ഇരിങ്ങലിലുള്ള തറവാട്ടിലേക്ക് കൂട്ടിക്കൊണ്ടുവന്നു. നാരായണിയുടെ കൗമാരവും യൗവനവുമെല്ലാം ആ തറവാട്ടിലായിരുന്നു. നടനും മേയ്ക്കപ്പ്മാനുമായ ആണ്ടിപ്പണിക്കർ 13-ാം വയസ്സിൽ നാരായണിയെ അഭിനയവേദിയിൽ എത്തിച്ചു.

സി.കെ. വൈദ്യരുടെ രണ്ടുമൂന്നു നാടകങ്ങളെ തുടർന്ന് 1956-ൽ ഇരിങ്ങൽ യൂത്ത് ആർട്സ് ക്ലബിന്റെ 'ട്യൂഷൻ മാസ്റ്റർ' എന്ന നാടകത്തിലൂടെയാണ് അവർ കേരളത്തിൽ അറിയപ്പെടുന്ന കലാകാരന്മാരുമായും നാടകഗ്രൂപ്പുകളുമായും അടുത്തിടപഴകുന്നത്. കെ.ടി. മുഹമ്മദിന്റെ കോഴിക്കോട്ടുള്ള ബ്രദേഴ്സ് മ്യൂസിക്കിന്റെ നാടകത്തിലൂടെയാണ് ശ്രദ്ധിക്കപ്പെടുന്ന നടിയായി മാറാൻ നാരായണിക്ക് കഴിഞ്ഞത്. അക്കാലത്തെ പ്രശസ്തരായ നെല്ലിക്കോട് ഭാസ്കരൻ, കെ.ടി. മുഹമ്മദ്, കുഞ്ഞാണ്ടി, വില്ല്യാപ്പള്ളി രാജൻ എന്നിവരുമായുള്ള കലാബന്ധം കൂടുതൽ അവസരങ്ങളൊരുക്കി. കൂടാതെ കോഴിക്കോട് റേഡിയോ നിലയത്തിലെ മികച്ച അഭിനേത്രികളിൽ ഒരാളായിരുന്നു നാരായണി ഏട്ത്തി. കഥാപ്രസംഗരംഗത്തും ശാസ്ത്രീയസംഗീത രംഗത്തും അവർക്കുള്ള പാണ്ഡിത്യം അധികമാർക്കും അറിയില്ലായിരുന്നു. എന്നാൽ നാട്ടിൽ ഇവർക്ക് നിരവധി ശിഷ്യന്മാരെ നേടാനായത് ഈ മേഖലകളിലൂടെയാണ്. സി.കെ.യുടെ 'കാഞ്ചന' എന്ന നാടകത്തെ തുടർന്ന് മുന്നൂറിൽപരം നാടകങ്ങളിലും ഏഴോളം സിനിമകളിലും അഭിനയിച്ച് പ്രേക്ഷകമനസ്സിൽ ചിരപ്രതിഷ്ഠ നേടിയ അവരുടെ ചില നാടകങ്ങളിലെ അഭിനയം എടുത്തുപറയത്തക്ക തരത്തിൽ മികവുറ്റതായിരുന്നു. 'സ്വർഗ്ഗവും ഭൂമിയും' എന്ന നാടകത്തിലെ മാധവിയും 'മോക്ഷം' എന്ന നാടകത്തിലെ 'ഉമ്മ' എന്ന കഥാപാത്രവും നാരായണിയുടെ ജീവിതത്തിലെ വഴിത്തിരിവായിരുന്നു. നടുവണ്ണൂർ കലാസമിതിയുടെ 'ഇപ്രകാരം കുറുപ്പാൾ മാഷ്' എന്ന നാടകത്തിൽ നാല് വ്യത്യസ്ത കഥാപാത്രങ്ങളെ അവതരിപ്പിച്ച് ജനശ്രദ്ധ പിടിച്ചുപറ്റി. കെ.ടി. മുഹമ്മദിന്റെ 'വെള്ളപ്പൊക്കം' എന്ന നാടകത്തിലും നാരായണി മികവ് പുലർത്തി. എ.കെ. അബ്ദുള്ളയുടെ 'മോക്ഷം' എന്ന നാടകം ആദ്യമായി സംവിധാനം നിർവ്വഹിച്ച് അഭിനയിച്ചപ്പോൾ സംവിധായിക എന്ന പ്രതിഭ കൂടി പുറത്തുവരികയായിരുന്നു. തുടർന്ന് പപ്പൻവള്ളിക്കാടിന്റെ 'ആരാന്റെ ഹക്കില് ആയിരം കണ്ണ്' എന്ന നാടകത്തിൽ ആമിനയായും, 'ഒഞ്ചിയത്തിന്റെ കഥ'യിൽ മണ്ടോളി കണ്ണന്റെ അമ്മയായും മികച്ച അഭിനയം കാഴ്ചവെച്ചു. കോഴിക്കോട് നടന്ന നാടകമത്സരത്തിൽ 'പെരച്ചിറ്റ്' എന്ന നാടകത്തിലെ അഭിനയത്തിന് കേരള സംഗീതനാടക അക്കാദമിയുടെ ഏറ്റവും നല്ല നടിക്കുള്ള സ്വർണ്ണപ്പതക്കം ലഭിക്കുകയുണ്ടായി. 300-ൽപരം നാടകങ്ങളിൽ നിറഞ്ഞുനിന്നപ്പോൾ സിനിമയിൽ അഭിനയിക്കാനും അവസരം ഒത്തുവന്നു. ആദ്യമായി ജോൺ എബ്രഹാമിന്റെ 'അമ്മ അറിയാൻ' എന്ന സിനിമയിലും തുടർന്ന് 'തേൻതുള്ളി', 'സംഘഗാനം', 'അസ്ഥി', 'നവംബറിന്റെ നഷ്ടം', 'സന്നാഹം', 'മേള' തുടങ്ങി ഏഴോളം സിനിമകളിലും അഭിനയിച്ചു. മേളയെന്ന സിനിമയിൽ ഇപ്പോഴത്തെ സൂപ്പർ മെഗാസ്റ്റാർ പത്മശ്രീ മമ്മൂട്ടിയുടെ അമ്മയായിട്ടാണ് വേഷമിട്ടത്. സി.കെ. വൈദ്യരുടെ കചദേവയാനി എന്ന കഥാപ്രസംഗത്തിലൂടെയാണ് നല്ല കാഥികകൂടിയാണ് താനെന്ന് തെളിയിച്ചത്. സ്ത്രീപീഡനത്തിനെതിരെ നാട്ടിൽ സ്ത്രീകളെ സംഘടിപ്പിച്ചുകൊണ്ട് പോരാടി നല്ല സാംസ്കാരിക പ്രവർത്തകയെന്ന ബഹുമതിക്കർഹയായി. മൂരാട് യുവശക്തി തിയറ്റേഴ്സിന്റെ സജീവപ്രവർത്തകയും ഇരിങ്ങൽ സർവ്വീസ് സഹകരണബാങ്കിന്റെ ഡയറക്ടറും കൂടിയായിരുന്നു അവർ.

കലയെയും കലയിലൂടെ സാമൂഹ്യതിന്മകളെയും പ്രേക്ഷകരുടെ മുന്നിൽ തുറന്നുകാട്ടി നന്മമാത്രം കൊതിച്ച്, ജീവിക്കാൻ മറന്നുപോയ ആ മഹതിയെ വിധി സാവധാനം കീഴടക്കുകയായിരുന്നു. 1994 ജൂലായ് ആറാം തീയതി 54-ാം വയസിൽ മംഗളം പാടി ജീവിതവേദിയിൽ നിന്ന് ആ പ്രതിഭ വിട പറഞ്ഞു.

നാരായണി ഏട്ത്തിയെ അടുത്തറിഞ്ഞ ഓരോ കലാകാരന്റെയും മനസ്സിൽ അണയാത്ത ദീപമായി ആ കലാകാരി ഇന്നും ജ്വലിച്ചു നിൽക്കുന്നു. ഇല്ലായ്മയിൽ നിന്നും തുടങ്ങി ഇല്ലായ്മയിൽ അവസാനിച്ച കഥയാണ് ഇരിങ്ങൾ നാരായണിയുടേത്. ആകെയുള്ള സമ്പാദ്യം പേരും പ്രശസ്തിയും മാത്രം. താമസിച്ചിരുന്ന കൂരപോലും കുടികിടപ്പായിരുന്നു എന്നതാണ് സത്യം. തനിക്കറിയാവുന്ന കഴിവുകൾ, അറിവുകൾ മറ്റുള്ളവർക്ക് പകർന്നു കൊടുക്കുന്നതിൽ നാരായണി ഏട്ത്തി കാണിച്ച താത്പര്യം വിസ്മരിച്ചു കൂടാനാവാത്തതാണ്.

അകാലത്തിൽ മരണം പ്രാപിച്ച് കാലയവനികക്കുള്ളിൽ മറഞ്ഞുപോയ നാരായണി ഏട്ത്തി സൃഷ്ടിച്ച ശൂന്യത ഇനിയും നികത്തപ്പെട്ടിട്ടില്ല.



# വളരുന്ന നാടകവേദി

മലയാള നാടകവേദി വളർച്ചയുടെ പടവുകൾ കയറുകയാണ്. നാടൻ കലാശൈലിയിൽ അധിഷ്ഠിതമായ നാടകം എന്ന സങ്കൽപത്തിൽ നിന്ന് നൂതനസങ്കേതങ്ങളുടെ ആവിർഭാവത്തിൽ എത്തിനിൽക്കുന്ന ഇന്നത്തെ സ്ഥിതി വിസ്മയകരം തന്നെയാണ്, ദേശീയവും, ഭാരതീയവും പ്രാദേശികവുമായ നാടകവേദികൾ പരസ്പരം ആശ്രയിക്കാതെയും തനതു ആശയങ്ങളിൽ വളർച്ചയ്ക്ക് വളക്കൂർ കണ്ടെത്തിയും നിലനിൽപിന്റെ ഇടം തേടുകയാണിപ്പോൾ.

ഇന്ത്യയുടെ ദേശീയ നാടകവേദിക്കുവേണ്ടി പലതരം ആശയങ്ങൾ ചർച്ച ചെയ്യപ്പെട്ടിരുന്നു. ഒരേ രൂപത്തിലുള്ള നാടകങ്ങളുടെ വേദി എന്നുപോലും പറയപ്പെട്ടു. ഇന്ത്യൻ നാടകപാരമ്പര്യത്തിന്റെ സൃഷ്ടിപരത ഉൾക്കൊള്ളുന്ന എല്ലാ മാതൃകകളും ചേർന്നതാണ് ഇന്ത്യയുടെ ദേശീയനാടകമെന്നാണ് മറ്റൊരു സങ്കൽപം. പരമ്പരാഗത നാടകങ്ങളിലെ സങ്കേതങ്ങളും പ്രത്യക്ഷമായ അഭിനയശൈലിയും അതേപടി സ്വീകരിച്ച് പുതിയ ദേശീയ നാടകം ഉണ്ടാക്കാനാവുമെന്ന് ചിലർ വിശ്വസിക്കുന്നു.

മലയാളത്തിൽ നാടോടി കലകളിൽ നാടകത്തിന്റെ അംശം കണ്ടെത്താനാവും. ഏതെങ്കിലും അന്യഭാഷയോടോ സംസ്കാരത്തോടോ ബന്ധമില്ലാതെയാണ് മലയാളനാടകവേദി വളർന്ന് വികാസം പ്രാപിച്ചത്. ജനോവാനാടകം, ചവിട്ടുനാടകം, ഗാർഹിക നാടകം, സംഗീതനാടകം എന്നിങ്ങനെ പരിണാമ ദശകൾ മലയാള നാടകവേദിക്ക് കരുത്തു പകർന്നു. പിന്നീട് പ്രൊഫഷണൽ സ്വഭാവം നിലനിർത്തിക്കൊണ്ട് തന്നെ ഫാന്റസി, മെലോഡ്രാമ, കാരിക്കേച്ചർ എന്നിങ്ങനെയുള്ള നാടകസങ്കേതങ്ങളും വളർന്നു. അതോടൊപ്പം തനതു നാടകവേദിയും ശക്തമായി.

സാമൂഹിക ജീവിതത്തിന്റെ പാർശ്വ വീക്ഷണമാണ് നാടകത്തിന് പ്രമേയം സംഭാവന നൽകിയിരുന്നത്. എന്നാൽ പലപ്പോഴും ദാരിദ്ര്യം ആശയങ്ങളിൽ മേൽക്കൈ നേടി. പരിവർത്തനത്തിന്റെ മേളക്കവലകളിൽ അവതരണ ഭംഗിയാണ് നാടകവേദിയെ പ്രകമ്പനം കൊള്ളിക്കുന്നത്. ദൃശ്യവിരുന്ന് പലതുണ്ടെങ്കിലും നാടകത്തിന്റെ പ്രസക്തി കുറഞ്ഞിട്ടില്ല. നാടകത്തിന്റെ ശക്തി ഇന്നും അപാരം തന്നെ.



## പഴമയുടെ പൈതൃകം വർണ്ണരാജികളിൽ


പാരമ്പര്യത്തിന്റെ ഗതകാലപ്രഭ ചൊരിയുന്ന തിരുവനന്തപുരത്തെ കിഴക്കേക്കോട്ട ഇപ്പോൾ നിറങ്ങളിൽ നീരാടുകയാണ്. പൂരത്തിലെ കുടമാറ്റം പോലെ നിറങ്ങൾ മാറിമാറി വരുന്ന രീതിയിലാണ് ദീപാലങ്കാരം കൊണ്ട് കിഴക്കേകോട്ടയിൽ വർണ്ണപ്രപഞ്ചം തീർക്കുന്നത്. വൈകിട്ട് ഏഴ് മണി മുതൽ പുലർച്ചെ 5.30 വരെയാണ് കോട്ട ദീപശോഭയണിയുന്നത്. വിശേഷനാളുകളിൽ സവിശേഷശോഭയാണ്. സ്വാതന്ത്ര്യദിനത്തിൽ ത്രിവർണ്ണപതാകയുടെ നിറവും തിരുവോണനാളിൽ സമൃദ്ധിയുടെ നിറവും കോട്ടയിൽ പ്രതിഫലിക്കും. കിഴക്കേകോട്ട പൈതൃകനഗരമായി സംരക്ഷിക്കുന്നതിന്റെ ഭാഗമായാണ് ഡൈനമിക് ലൈറ്റുകൾ സ്ഥാപിച്ചത്.



## പ്രവാസികൾക്ക് സാന്ത്വനം

പ്രവാസി കേരളീയ കാര്യവകുപ്പിന്റെ സാന്ത്വന പദ്ധതിക്ക് തുടക്കമായി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിക്ക് സമാനമായി നോർക്ക മന്ത്രിയുടെ നിധിയാണ് സാന്ത്വന പദ്ധതി. വിദേശത്തുനിന്ന് മടങ്ങിവന്ന അശരണരായ കുടുംബങ്ങൾക്ക് പദ്ധതിയിൽ നിന്ന് ധനസഹായം ലഭിക്കും. വൈദ്യസഹായത്തിനും നിർധനരായ പ്രവാസി കുടുംബാംഗങ്ങളുടെ പെൺമക്കളുടെ വിവാഹം നടത്തുന്നതിനും അംഗവൈകല്യം സംഭവിച്ചവർക്കും സാന്ത്വന പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുണ്ട്.

വിദേശകാര്യ മന്ത്രി കെ. നട്‌വർ സിങ് പദ്ധതി ഉദ്ഘാടനം ചെയ്തു. കേരളത്തിൽ എന്തെങ്കിലും ഐശ്വര്യം കാണുന്നുണ്ടെങ്കിൽ അത് ഗൾഫ് മലയാളികൾ അയയ്ക്കുന്ന പണം കൊണ്ടാണെന്ന് അധ്യക്ഷനായിരുന്ന മുഖ്യമന്ത്രി എ.കെ.ആന്റണി പറഞ്ഞു. കേന്ദ്രവിദേശകാര്യ സഹമന്ത്രി ഇ. അഹമ്മദ്, ഇൻഫർമേഷൻ-പാർലമെന്ററി കാര്യമന്ത്രി എം.എം. ഹസ്സൻ, ധനമന്ത്രി കെ. ശങ്കരനാരായണൻ എന്നിവരും സന്നിഹിതരായിരുന്നു.




## ആർ.എൽ. ഭാട്ടിയ കേരള ഗവർണർ

സംസ്ഥാനത്തെ ഗവർണറായി ആർ.എൽ. ഭാട്ടിയ ചുമതലയേറ്റു. അന്തരിച്ച ഗവർണർ സിക്കന്തർ ബക്തിന്റെ പിൻഗാമിയാണ്. കേരളത്തിന്റെ 20-ാമത്തെ ഗവർണറാണ് ഭാട്ടിയ. ഇതിൽ നാലുപേർ താത്കാലിക ചുമതല വഹിച്ചവരാണ്. രാജ്ഭവനിൽ ജൂൺ 23ന് ഹൈക്കോടതി ചീഫ് ജസ്റ്റിസ് എൻ.കെ. സോധിയുടെ മുമ്പാകെയാണ് ഭാട്ടിയ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റത്.





ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് വകുപ്പ് നിർമ്മിച്ച പി.ആർ. ചേംബർ മുഖ്യമന്ത്രി എ.കെ. ആന്റണി ഉദ്ഘാടനം ചെയ്യുന്നു. ഇൻഫർമേഷൻ മന്ത്രി എം.എം. ഹസ്സൻ, ഐ.&പി.ആർ.ഡി. ഡയറക്ടർ ജി. രാജശേഖരൻ സമീപം.



## നിലച്ച സിംഹഗർജ്ജനം

ഒടുവിൽ ആ സിംഹഗർജ്ജനവും നിലച്ചു. ആത്മരോഷത്തിന്റെ പ്രകമ്പനം ബാക്കിയാക്കി പൊൻകുന്നം വർക്കി യാത്രയായി. മലയാളസാഹിത്യ പ്രപഞ്ചത്തിലെ സമ്പന്നമായ ഒരു യുഗമാണ് വർക്കിയുടെ തിരോധാനത്തോടെ അസ്തമിച്ചത്. ആദർശവും ജീവിതവും സമന്വയിപ്പിച്ച സ്നേഹസമ്പന്നനായ ധിക്കാരി എക്കാലത്തെയും ലോകമാതൃകയാണ്. സാധാരണക്കാർക്കുവേണ്ടി എന്നും തൂലിക ചലിപ്പിച്ച വർക്കി അര നൂറ്റാണ്ടിലേറെ കാലം മലയാള കഥ, നാടക, സിനിമാ രംഗങ്ങളിൽ നിറഞ്ഞുനിന്നു. ദുഷിച്ച സാമൂഹികവ്യവസ്ഥിതിയെ ജീവിതാന്ത്യം വരെ എതിരിട്ട ഈ മുരളുന്ന സിംഹം സാമൂഹിക പരിഷ്കരണത്തിന് പുതിയ മുഖമാണ് നൽകിയത്.



## കാസിനി ഭ്രമണം തുടങ്ങി

അമേരിക്കൻ ബഹിരാകാശ ഗവേഷണ സംഘടന വിക്ഷേപിച്ച കാസിനി പേടകം ശനിഗ്രഹത്തെ ഭ്രമണം ചെയ്തുതുടങ്ങി. ചിത്രങ്ങളും അയച്ചു. ഏഴ് വർഷം മുമ്പ് കേപ് കനാവറിൽ നിന്നാണ് കാസിനി കുതിച്ചുയർന്നത്. ഭൂമിയെയും ശുക്രനെയും വ്യാഴത്തെയും പിന്നിട്ട് 350 കോടി കി.മീ. യാത്ര ചെയ്താണ് ശനിയിൽ എത്തിയത്. ഏഴ് വർഷം മുമ്പ് ശാസ്ത്രജ്ഞർ നിശ്ചയിച്ച സമയത്തിന് ഒരു സെക്കന്റ് മുമ്പ് കാസിനി ഭ്രമണപഥത്തിൽ കടന്നു.